# വേദപ്രചാര മദ്ധ്യസ്ഥൻ

VEDAPRACHARA MADHYASTHAN
വാല്യം 96
ലക്കം 09
2024 മാർച്ച്

Malayalam Monthly
Price Rs. 25/- Annual Subscription Rs. 300/-



The official organ of
the Archeparchy of Changanacherry

2024
മാർച്ച്

# നാമഹേതുക തിരുനാൾ

**(മാർച്ച് 19)**





**ജോസഫ് നാമധാരികളായ
അഭി. പെരുന്തോട്ടം പിതാവിനും
അതിരൂപതാ സിഞ്ചെല്ലൂസ്
പെരിയ ബഹു. വാണിയപ്പുരയ്ക്കൽ അച്ചനും
അതിരൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ...**

# ഒന്നാം ചരമവാർഷികം

## (മാർച്ച് 18)



### ഭാഗ്യസ്മരണാർഹനായ

# മാർ ജോസഫ് പവ്വത്തിൽ പിതാവിന്

## അതിരൂപതാകുടുംബത്തിന്റെ പ്രാർത്ഥനാഞ്ജലികൾ

9.30 am ആർച്ചുബിഷപ് പവ്വത്തിൽ അനുസ്മരണം – ഒന്നാമത് സിംപോസിയം

11.30 am പരിശുദ്ധ കുർബാന, വചനസന്ദേശം, കബറിടത്തിങ്കൽ അനുസ്മരണപ്രാർത്ഥന

# 24-ാം ചരമവാർഷികം
**(മാർച്ച് 23)**



ചങ്ങനാശ്ശേരി അതിരൂപതാ
മുൻ മെത്രാപ്പോലീത്തയും
സീറോമലബാർസഭയുടെ
പ്രഥമ മേജർആർച്ചുബിഷപ്പുമായ
**മാർ ആന്റണി പടിയറ**
പിതാവിന്റെ ഓർമയ്ക്കുമുമ്പിൽ
പ്രണാമം...



"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ

## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: മെയ് 20, 1887

വാല്യം 96 ● ലക്കം 09 ● 2024 മാർച്ച്

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

# ഉള്ളടക്കം

നോമ്പുകാലസന്ദേശം - മാർപാപ്പ ........ 07
ഇടയലേഖനം - മേജർ ആർച്ചുബിഷപ് ........ 14
ഇടയലേഖനം - (24 PL. 40-380) ........ 21
സർക്കുലർ - വിശ്വാസപ്രമാണം (24 Ch. 299 - 381) ........ 28
പിതാവിന്റെ കത്ത് (C. 24/ GL 40) ........ 34
പ്രത്യേകശ്രദ്ധയ്ക്ക് (C. 24/ GL. 41) ........ 35
കച്ചേരിക്കാര്യം ........ 37
അനുസ്മരണം ........ 46
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ........ 48
സന്ദേശനിലയം ........ 50
ചെറുപുഷ്പ മിഷൻലീഗ് ........ 54
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ........ 56
ഫാമിലി അപ്പോസ്തലേറ്റ് ........ 59
യുവദീപ്തി - SMYM ........ 63
എൽഡേഴ്സ് ഫ്രറ്റേണിറ്റി ........ 65
CARP ........ 67
CHASS ........ 68
ചാസ് - ഖാദി ........ 75
ജീവകാരുണ്യനിധി ട്രസ്റ്റ് ........ 77
ആതുരശുശ്രൂഷാമേഖല ........ 79
പ്രവാസി അപ്പോസ്തലേറ്റ് ........ 84
KLM ........ 85
ആത്മതാകേന്ദ്രം ........ 87
DCMS ........ 88
SFO ........ 90
വിൻസെൻഷ്യൻ വേദി ........ 91
കരിസ്മാറ്റിക് നവീകരണം ........ 92
പൗരോഹിത്യ ആദ്ധ്യാത്മികത ........ 93
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........ 99
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ........ 106

Archbishop House, P.B. No. 20, Changanacherry P.O., Kottayam 686 101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

Annual Subscription: Rs. 300/-

No. 4008/K-5/KCBC/OL/DS 06.02.2024

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ 2024 ലെ

# നോമ്പുകാലസന്ദേശം

## മരുഭൂമിയിലൂടെ ദൈവം നമ്മെ സ്വാതന്ത്ര്യത്തിലേയ്ക്ക് നയിക്കുന്നു

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ ദൈവം സ്വയം വെളിപ്പെടുത്തുമ്പോൾ, അവിടുത്തെ സന്ദേശം എപ്പോഴും സ്വാതന്ത്ര്യത്തിന്റേതാണ്: 'അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്' *(പുറ. 20:2).* സീനായ്മലയിൽ മോശയ്ക്ക് നൽകപ്പെട്ട പത്തുപ്രമാണങ്ങളിലെ ആദ്യവാക്കുകളാണിവ. പ്രസ്തുത വാക്കുകൾ കേട്ടവർക്ക് ദൈവം സൂചിപ്പിച്ച പുറപ്പാട് വളരെ സുപരിചിത മായിരുന്നു: അടിമത്തത്തിന്റെ അനുഭവം അവരുടെ ചുമലുകളിൽ നിറഞ്ഞുനിൽക്കുന്നുണ്ടായിരുന്നു. എന്നാൽ, മരുഭൂമിയിൽ അവർക്ക് ലഭിച്ച 'പത്ത് വചനങ്ങൾ' സ്വാതന്ത്ര്യത്തിന്റെ രാജവീഥിയായിരുന്നു. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്താനുപയോഗിച്ച സ്നേഹത്തിന്റെ ശക്തിയ്ക്ക് ഊന്നൽ കൊടുക്കാനായി, നാം അവയെ ''കല്പനകൾ'' എന്നുവിളിക്കുന്നു. സ്വാതന്ത്ര്യത്തിലേയ്ക്കുള്ള വിളി നിഷ്കർഷയുള്ള ഒന്നാണ്. അതിന് പെട്ടെന്നങ്ങ് ഉത്തരംനൽകാൻ സാധിക്കില്ല; ഒരു സഞ്ചാരത്തിന്റെ പാതയിൽ പക്വമാക്കപ്പെടേണ്ട ഒന്നാണത്. ഗതകാലത്തിനായി വീണ്ടും കാംക്ഷിക്കുകയും കർത്താവിനും മോശയ്ക്കുമെതിരായി പിറുപിറുക്കുകയും ചെയ്യുകവഴിയായി മരുഭൂമി യിൽവച്ച് വീണ്ടും ഈജിപ്തിനോട് ഒട്ടിച്ചേരാൻ താത്പര്യപ്പെട്ട ഇസ്രാ യേൽക്കാരെപ്പോലെ ഇന്നും ദൈവത്തിന്റെ ജനം ദുസ്സഹമായ ബന്ധന ത്തിൽനിന്ന് മോചിതരാകാൻ ആവശ്യപ്പെടുമ്പോൾ അതിൽതന്നെ അള്ളിപ്പിടിച്ചിരിക്കുന്നത് കാണാനാകും. ഇക്കാര്യം വളരെവലിയ സത്യമാണെന്ന് നാം മനസ്സിലാക്കുന്നത് ഇനിയൊട്ടും പ്രത്യാശയ്ക്ക് വകയില്ലായെന്ന് നമുക്കു തോന്നുന്ന വേളകളിലാണ്; അപ്പോൾ നാം മരുഭൂമിയിലെന്നപോലെ ആയിരിക്കുകയും ജീവിതത്തിൽ

മുന്നോട്ടുപോകാനായി ഒരു വാഗ്ദത്തഭൂമി നമ്മുടെ ലക്ഷ്യമായി കാണാതിരിക്കുകയും ചെയ്യും. നോമ്പുകാലം കൃപയുടെ അവസരമാണ്; അങ്ങനെയെങ്കിൽ വീണ്ടുമൊരിക്കൽകൂടി, ഹോസിയാ പ്രവാചകൻ പറയുന്നതുപോലെ *(ഹോസി. 2:16-17)*, മരുഭൂമി ആദ്യാനുരാഗത്തിന്റെ വേദിയായി ഭവിക്കും. ദൈവം തന്റെ ജനത്തെ രൂപപ്പെടുത്തുന്നു; നമ്മുടെ അടിമത്തം അവസാനിപ്പിക്കാൻ അവിടുന്ന് നമ്മെ പ്രാപ്തരാക്കുന്നു; അങ്ങനെ നാം മരണത്തിൽനിന്ന് ജീവനിലേയ്ക്ക് പ്രവേശിക്കുന്ന അനുഭവമുള്ളവരായി ഭവിക്കും. ഒരു മണവാളനെന്നവണ്ണം കർത്താവ് ഒരിക്കൽകൂടി, നമ്മുടെ ഹൃദയത്തോട് സ്നേഹത്തിന്റെ മന്ത്രണങ്ങൾ ചൊല്ലിത്തന്നുകൊണ്ട്, നമ്മെ അവിടുത്തോട് ചേർത്തുപിടിക്കും.

അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള പാത രൂപഭാവമില്ലാത്ത ഒന്നല്ല. നമ്മുടെ നോമ്പാചരണം പ്രകടമായ ഒന്നായിത്തീരണമെങ്കിൽ ആദ്യപടിയായി വേണ്ടത് യാഥാർഥ്യത്തിലേയ്ക്ക് നമ്മുടെ കണ്ണുതുറക്കാനുള്ള ആഗ്രഹമാണ്. മുൾപ്പടർപ്പിൽനിന്നുകൊണ്ട് മോശയെ വിളിച്ച ദൈവം, താൻ കാണുകയും ഏറെ പ്രത്യേകിച്ച് കേൾക്കുകയും ചെയ്യുന്ന ദൈവമാണെന്ന് ഉടൻതന്നെ സ്വയം വെളിപ്പെടുത്തുകയായിരുന്നു: 'ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു. മേൽനോട്ടക്കാരുടെ ക്രൂരതകാരണം അവരിൽനിന്ന് ഉയർന്നുവരുന്ന രോദനം ഞാൻ കേട്ടു. അവരുടെ യാതനകൾ ഞാൻ അറിയുന്നു. ഈജിപ്തുകാരുടെ കൈയിൽനിന്ന് അവരെ മോചിപ്പിക്കാനും അവിടെനിന്ന് ക്ഷേമകരവും വിസ്തൃതവും തേനും പാലും ഒഴുകുന്നതുമായ ഒരു ദേശത്തേയ്ക്ക് അവരെ നയിക്കാനുമാണ് ഞാൻ ഇറങ്ങിവന്നിരിക്കുന്നത്'' *(പുറ. 3:7-8)*. ഇന്നും മർദിതരായ നമ്മുടെ അനേകം സഹോദരീസഹോദരന്മാരുടെ രോദനം സ്വർഗത്തിലേയ്ക്ക് ഉയരുന്നുണ്ട്. നമുക്കു സ്വയംചോദിക്കാം: ആ സ്വരം നമ്മൾ കേൾക്കുന്നുണ്ടോ? അതുനമ്മെ അലോസരപ്പെടുത്തുന്നുണ്ടോ? അതുനമ്മെ ചലിപ്പിക്കുന്നുണ്ടോ? യഥാർഥത്തിൽ ഒരുപാടു കാര്യങ്ങൾ അപരരിൽനിന്ന് നമ്മെ മാറ്റിനിർത്തുന്നു; ആരംഭംമുതൽ നമ്മെ പരസ്പരം ബന്ധിപ്പിക്കുന്ന സാഹോദര്യത്തിന്റെ ഭാവം നിഷേധിക്കുന്ന രീതിയാണിത്.

നിസ്സംഗതയുടെ ആഗോളവത്കരണത്തെ പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ഞാൻ നടത്തിയ ലാംപെദൂസ സന്ദർശനത്തിൽ ഞാൻ രണ്ടുചോദ്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അവയുടെ പ്രസക്തി ഇന്ന് കൂടുതൽ വ്യക്തമാണ്: ''നീ എവിടെയാണ്?'' *(ഉൽപ. 3:9)*; ''നിന്റെ സഹോദരൻ എവിടെ?'' *(ഉൽപ. 4:9)*. ഈ ചോദ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ട്, ഇന്നും നാം ഫറവോയുടെ ഭരണത്തിൻകീഴിലാണെന്ന് മനസ്സിലാക്കിയാൽ

നമ്മുടെ നോമ്പുകാലസഞ്ചാരം അർഥവത്തായി ഭവിക്കും. ഫറവോയുടെ ഭരണം നമ്മെ ക്ഷീണിതരും നിസ്സംഗരുമാക്കിത്തീർക്കുന്ന ഒന്നാണ്. അതൊരുതരം വിഭജനം സൃഷ്ടിക്കുന്നതും നമ്മുടെ ഭാവിയെ ഇല്ലാതാക്കുന്നതുമായ വളർച്ചയുടെ മാതൃകയാണ്. ഭൂമിയും വായുവും ജലവും മലിനമാക്കപ്പെടുന്നു; അതോടൊപ്പം, നമ്മുടെതന്നെ ആത്മാക്കളും. ജ്ഞാനസ്നാനത്തിൽ നമ്മുടെ മോചനപ്രക്രിയ ആരംഭിച്ചുവെന്നത് ശരിതന്നെ; എന്നാൽ അടിമത്തത്തെ പ്രാപിക്കാനായുള്ള വിശദീകരിക്കാനാവാത്ത ഒരു തൃഷ്ണ നമ്മിൽ കുടികൊള്ളുന്നു. സുപരിചിതങ്ങളായ സാഹചര്യങ്ങൾ നൽകുന്ന സുരക്ഷിതത്വത്തിലേയ്ക്കുള്ള ഒരു ആകർഷണമാണത്; അത് നമ്മുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒന്നാണ്.

പുറപ്പാടിന്റെ വിവരണത്തിൽ ശ്രദ്ധേയമായ ഒരു വിശദാംശമുണ്ട്. അതായത്, ദൈവമാണ് കാണുന്നത്; ദൈവമാണ് ചലിപ്പിക്കപ്പെടുന്നതും സ്വാതന്ത്ര്യം കരഗതമാക്കുന്നതും; ഇസ്രായേൽ അതിനായി ആവശ്യപ്പെടുന്നില്ല. ഫറവോ സ്വപ്നങ്ങളെ അമർച്ചചെയ്യുന്നു; അയാൾ സ്വർഗത്തിലേയ്ക്കുള്ള കാഴ്ച മറയ്ക്കുന്നു. മാനുഷികമഹത്വം ചവിട്ടിമെതിക്കപ്പെടുകയും അർഥവത്തായിട്ടുള്ള ബന്ധങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്യുന്ന ഈ ലോകം ഒരിക്കലും മാറ്റപ്പെടാനാകില്ല എന്നയാൾ ചൂണ്ടിക്കാണിക്കുന്നു. എല്ലാറ്റിനെയും അയാൾ തന്റെ അടിമത്തത്തിന്റെ കീഴിലാക്കുന്നു. നമുക്ക് ആത്മഗതം ചെയ്യാം: ഞാനൊരു പുതിയ ലോകത്തിനായി ആഗ്രഹിക്കുന്നുണ്ടോ? പഴയലോകവുമായുള്ള ഒത്തുതീർപ്പുകൾ ഒഴിവാക്കാൻ ഞാൻ തയ്യാറാണോ?

എന്റെ അനേകം സഹോദരമെത്രാന്മാരുടെയും സമാധാനത്തിനും നീതിയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന മറ്റനേകം പേരുടെയും സാക്ഷ്യം വഴിയായി എനിക്കൊരു കാര്യം ബോധ്യമായി. അതായത്, നമ്മുടെ സ്വപ്നങ്ങളും സ്വർഗത്തിലെത്തി ദൈവത്തിന്റെ ഹൃദയത്തെ ത്രസിപ്പിക്കാൻ പര്യാപ്തമായ നമ്മുടെ നിശബ്ദരോദനങ്ങളും അമർച്ചചെയ്യുന്ന 'പ്രത്യാശയിലുള്ള അഭാവം'' നികത്താനായി നാം പ്രയത്നിക്കേണ്ടിയിരിക്കുന്നു. ''പ്രത്യാശയുടെ ഈ അഭാവം'' ഇസ്രായേലിനെ മരുഭൂമിയിൽവച്ച് തളർത്തുകയും മുന്നോട്ടുഗമിക്കുന്നതിന് വിഘാതമായി നിൽക്കുകയും ചെയ്ത അടിമത്തത്തിനായുള്ള ഗൃഹാതുരത്വത്തിന് സമമല്ലാത്ത ഒന്നല്ല. ഒരു പുറപ്പാട് തടസ്സപ്പെടാം; അങ്ങനെയെല്ലങ്കിൽ പിന്നെ എങ്ങനെയാണ് ഇന്നത്തെ ചില യാഥാർഥ്യങ്ങൾ വ്യാഖ്യാനിക്കപ്പെടാൻ സാധിക്കുന്നത്? അതായത്, മനുഷ്യരാശി വിശ്വസാഹോദര്യത്തിന്റെ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞു, എല്ലാവരുടെയും മഹാത്മ്യം ഉറപ്പാക്കാൻ തക്കവിധമുള്ള

ശാസ്ത്രീയവും സാങ്കേതികവും സാംസ്കാരികവും നൈയാമികവുമായ വികാസം നാം സിദ്ധിച്ചുകഴിഞ്ഞു; എന്നിട്ടും നാം അസമത്വത്തിന്റെയും സംഘട്ടനത്തിന്റെയും ഇരുട്ടിൽ തപ്പുകയാണ്.

ദൈവം നമ്മെക്കുറിച്ച് നിരുത്സാഹിതനാകുന്നില്ല. ''അടിമത്തത്തിന്റെ ഭവനമായ ഈജിപ്തിൽനിന്ന് നിന്നെ പുറത്തുകൊണ്ടുവന്ന ഞാനാണ് നിന്റെ ദൈവമായ കർത്താവ്''*(പുറ. 20:2)* എന്നത് നമ്മെ ഓർമപ്പെടുത്തുന്ന ഒരു മഹത്തായ കാലമായി നോമ്പുകാലത്തെ നമുക്കു സ്വാഗതംചെയ്യാം. നോമ്പുകാലം മാനസാന്തരത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കാലമാണ്. എല്ലാവർഷവും നോമ്പുകാലത്തിലെ ഒന്നാം ഞായറാഴ്ച നാം അനുസ്മരിക്കുന്നതുപോലെ ഈശോതന്നെയും സ്വാതന്ത്ര്യത്തിൽ പരീക്ഷിക്കപ്പെടേണ്ടതിന് ആത്മാവിനാൽ മരുഭൂമിയിലേയ്ക്ക് നയിക്കപ്പെട്ടു. മനുഷ്യാവതാരം ചെയ്ത പുത്രൻ നമ്മുടെ മുമ്പിലും നമ്മോടുകൂടെയും നാല്പതുദിവസം നിൽക്കും. ഫറവോയിൽനിന്ന് വ്യത്യസ്തനെന്നവിധം ദൈവത്തിന് പ്രജകളെ ആവശ്യമില്ല, മറിച്ച് പുത്രീപുത്രന്മാരെയാണ് വേണ്ടത്. നമ്മുടെ സ്വാതന്ത്ര്യം പാകപ്പെടുന്ന ഒരിടമാണ് മരുഭൂമി; അവിടെയാണ് അടിമത്തത്തിലേയ്ക്ക് തിരിഞ്ഞുവീഴാതിരിക്കാനുള്ള വ്യക്തിപരമായ തീരുമാനം നാം കൈക്കൊള്ളുന്നത്. നോമ്പുകാലത്ത് നീതിയുടെ പുതിയ മാനദണ്ഡങ്ങളെയും ഇന്നുവരെ സഞ്ചരിക്കാത്ത പുതിയൊരു പാതയിലൂടെ മുന്നോട്ടുപോകാൻ തയ്യാറായി നിൽക്കുന്ന ഒരു ജനസമൂഹത്തെയുമാണ് നാം കണ്ടെത്തുന്നത്.

എന്നാലിത്, പുറപ്പാടിന്റെ പുസ്തകവും ഈശോയുടെ മരുഭൂമിയിലെ പരീക്ഷണങ്ങളും നമുക്കു വ്യക്തമാക്കുന്നതുപോലെ, ഒരു ബലപരീക്ഷണം ഉൾക്കൊള്ളുന്നതാണ്. ''നീ എന്റെ പ്രിയപുത്രനാകുന്നു'' *(മർക്കോ. 1:11)* എന്നും ''ഞാനല്ലാതെ വേറെ ദേവന്മാർ നിനക്ക് ഉണ്ടാകരുത്'' *(പുറ. 20:3)* എന്നുമുള്ള ദൈവത്തിന്റെ സ്വരം ശത്രുവിനാലും അസത്യങ്ങളാലും ഖണ്ഡിക്കപ്പെടുന്നു. നാം നമുക്കായി ഒരുക്കുന്ന വിഗ്രഹങ്ങളെയാണ് യഥാർഥത്തിൽ ഫറവോയെക്കാൾ കൂടുതൽ നാം ഭയപ്പെടേണ്ടത്; നമ്മുടെയുള്ളിലിരുന്ന് മന്ത്രിക്കുന്ന അവന്റെ സ്വരമായി നാം അവയെ കണക്കാക്കുന്നു. സർവശക്തരായിരിക്കാനും എല്ലാവരാലും പരിഗണിക്കപ്പെടാനും എല്ലാവരുടെയുംമേൽ ആധിപത്യം പുലർത്താനും നാം ആഗ്രഹിക്കുന്നു; അപ്രകാരമുള്ള ഒരു അസത്യം എത്രമാത്രം പ്രലോഭനജനകമാണെന്ന് ഓരോ വ്യക്തിയ്ക്കും അറിയാം. എന്നാൽ, അത് കൂടുതൽ സഞ്ചരിക്കപ്പെടുന്ന പാതയാണ്. ധനത്തോടും ചില പ്രത്യേക പദ്ധതികളോടും ചില ആശയങ്ങളോടും ലക്ഷ്യങ്ങളോടും സ്ഥാനമാനങ്ങളോടും പാരമ്പര്യങ്ങളോടും, എന്നല്ല ചില വ്യക്തികളോടും

നാം ഒട്ടിച്ചേർന്നിരിക്കാൻ സാധ്യതയുണ്ട്. മുന്നോട്ടുഗമിക്കാൻ സഹായിക്കുന്നതിനുപകരം അവ നമ്മെ തളർത്തിക്കളയുന്നു. കണ്ടുമുട്ടലിന് പകരം ഏറ്റുമുട്ടലിലേയ്ക്ക് അവ നമ്മെ നയിക്കുന്നു. എന്നിരുന്നാലും, ഒരു പുതിയ മാനവരാശിയുമുണ്ട്; ചെറിയവരുടെയും വിനീതരുടെയും ഒരു ഗണമാണത്; അസത്യത്തിന്റെ ആകർഷണത്തിന് വഴങ്ങാത്തവരാണ് അവർ. വിഗ്രഹങ്ങളെ ശുശ്രൂഷിക്കുന്നവർ അവയെപ്പോലെതന്നെ മൂകരും അന്ധരും ബധിരരും ചലനമറ്റവരുമായിത്തീരുമെങ്കിൽ *(സങ്കീ. 115:4)* ആത്മാവിൽ ദരിദ്രർ തുറവുള്ളവരും തയ്യാറുള്ളവരുമാണ്, അതായത്, സുഖപ്പെടുത്തുകയും ലോകത്തെ നിലനിർത്തുകയും ചെയ്യുന്ന നന്മയുടെ ഒരു നിശബ്ദശക്തി.

ഇത് പ്രവർത്തിക്കാനുള്ള സമയമാണ്, എന്നാൽ നോമ്പുകാലത്ത് പ്രവർത്തിക്കുകയെന്നുപറഞ്ഞാൽ അൽപം നിർത്തുക (to pause) എന്നർഥമുണ്ട്. അതായത്, പ്രാർഥനയ്ക്കായി ഇടവേളയെടുക്കുക; അങ്ങനെ ദൈവവചനം സ്വീകരിക്കാനും പരിക്കേറ്റ ഒരു സഹോദരന്റെയോ സഹോദരിയുടെയോ കൂടെ അൽപനേരം നിൽക്കാനും സമയം കണ്ടെത്തുക. ദൈവസ്നേഹവും അയൽക്കാരോടുള്ള സ്നേഹവും ഒരേ സ്നേഹംതന്നെയാണ്. അന്യദേവന്മാർ ഉണ്ടായിരിക്കാൻ പാടില്ലായെന്ന് പറയുന്നത്, സഹോദരന്റെ ശരീരത്തിന്റെ സവിധേ, ദൈവത്തിന്റെ സാന്നിധ്യത്തിൽ നിൽക്കുകയെന്നത്രേ. അക്കാരണത്താൽ പ്രാർഥന, ദാനധർമം, ഉപവാസം എന്നിവ പരസ്പരബന്ധമില്ലാത്ത പ്രവൃത്തികളല്ല. നമ്മെ ഭാരത്താൽ വലിക്കുന്ന വിഗ്രഹങ്ങളിൽനിന്നും നമ്മെ ബന്ധങ്ങളാൽ തടവറയിലാക്കുന്ന പ്രവൃത്തികളിൽനിന്നും മോചിപ്പിച്ച് തുറവിന്റെയും സ്വയംശൂന്യവത്കരണത്തിന്റേതുമായ പാതയിൽ കൊണ്ടെത്തിക്കുന്ന ഏകചലനമാണ് അവ. അപ്പോൾ നമ്മുടെ ശോഷിച്ചതും ഒറ്റപ്പെട്ടതുമായ ഹൃദയം വീണ്ടും ബലപ്പെടുത്തപ്പെടും. മന്ദഗതിയിലാകുക, തുടർന്ന് നിലയ്ക്കുക! ജീവിതത്തിന്റെ ധ്യാനാത്മകഭാവം വീണ്ടും കണ്ടെത്താൻ നമ്മെ സഹായിക്കുന്ന നോമ്പുകാലം നമുക്കു പുതിയ ഊർജംപകരും. ദൈവികസാന്നിധ്യത്തിൽ, അപരനെക്കുറിച്ചുള്ള സംവേദനക്ഷമതയിൽ നാം കൂടുതൽകൂടുതൽ സഹോദരീസഹോദരന്മാരായി ഭവിക്കും; ഭീഷണികളുടെയും ശത്രുക്കളുടെയും സ്ഥാനത്ത് നാം സഹകാരികളെയും സഹയാത്രികരെയും കണ്ടെത്തും. ഇതാണ് ദൈവത്തിന്റെ സ്വപ്നം, അതായത്, നമ്മുടെ അടിമത്തം പിന്നിലാക്കിക്കൊണ്ട് വാഗ്ദത്ത ഭൂമിയിലേയ്ക്കുള്ള നമ്മുടെ തീർത്ഥാടനം.

ഈ വർഷങ്ങളിൽ നാം വീണ്ടും കണ്ടെത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്ന 'സഭയുടെ സിനഡാത്മകരൂപം' നോമ്പുകാലത്തെ

നോക്കികാണുന്നത് സാമൂഹ്യമായ തീരുമാനങ്ങളുടെ അവസരമായാണ്, അതായത് ചെറുതും വലുതുമായതും നിലവിലുള്ളവയ്ക്ക് വിരുദ്ധമായതുമായ തീരുമാനങ്ങളെടുക്കുന്നകാലം. വ്യക്തികളുടെയും മുഴുവൻ ജനസമൂഹങ്ങളുടെയും ജീവിതങ്ങളെയും ദൈനംദിനമുള്ള വ്യവഹാരങ്ങളെയും വ്യത്യസ്തപ്പെടുത്താനുള്ള തീരുമാനങ്ങൾ, അതായത്, വസ്തുക്കൾ സ്വന്തമാക്കാനുള്ള മാർഗങ്ങൾ, സൃഷ്ടിയെക്കുറിച്ചുള്ള കരുതൽ, പരിസ്ഥിതിസംരക്ഷണം, കാണപ്പെടാത്തവരും നിരാകരിക്കപ്പെട്ടവരുമായവരെയും ഉൾക്കൊള്ളാനുള്ള തീരുമാനങ്ങൾ എന്നിവ. അതിനാൽ, താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യാനായി ഞാൻ ഓരോ ക്രൈസ്തവസമൂഹത്തെയും ക്ഷണിക്കുന്നു: തങ്ങളുടെ ജീവിതശൈലിയെക്കുറിച്ച് പുനർവിചിന്തനം നടത്താനായി അതിന്റെ അംഗങ്ങൾക്ക് സമയം ഒരുക്കിനൽകുക; സമൂഹത്തിൽ തങ്ങളുടെ സാന്നിധ്യത്തെക്കുറിച്ച് പുനർവിചിന്തനം ചെയ്യാൻ അവസരമൊരുക്കുക; തങ്ങളുടെ ജീവിതംവഴി സമൂഹത്തിന്റെ ഉന്നമനത്തിനായി സംഭാവന നൽകുക എന്നിവ. ഈശോയെ നിരാശനാക്കിയതരത്തിലുള്ള പശ്ചാത്താപമാണ് നമ്മുടെ ക്രൈസ്തവമായ പശ്ചാത്താപമെങ്കിൽ അപ്രകാരമുള്ളത് ശാപഗ്രസ്തമായിരിക്കും. കാരണം, നമ്മോട് ഈശോ പറയുന്നു:‘‘നിങ്ങൾ ഉപവസിക്കുമ്പോൾ കപടനാട്യക്കാരെപ്പോലെ വിഷാദം ഭാവിക്കരുത്. തങ്ങൾ ഉപവസിക്കുന്നുവെന്ന് അന്യരെ കാണിക്കാൻവേണ്ടി അവർ മുഖം വികൃതമാക്കുന്നു’ *(മത്താ. 6:16)*. അതിനുപകരം, മറ്റുള്ളവർ നമ്മുടെ സന്തോഷഭരിതമായ മുഖങ്ങൾ കാണട്ടെ. അങ്ങനെ അവർക്ക് സ്വാതന്ത്ര്യത്തിന്റെ സൗരഭ്യവും സ്നേഹത്തിന്റെ അനുഭവവും ലഭ്യമാകട്ടെ. പ്രസ്തുത സ്നേഹം ഏറ്റവും ചെറുതിൽനിന്നുതുടങ്ങി നമ്മുടെ ഏറ്റവുമടുത്തുള്ളതുവരെയുള്ള എല്ലാക്കാര്യങ്ങളും നവമാക്കുന്ന ഒന്നാണ്. ഇതുനമ്മുടെ ഓരോ ക്രൈസ്തവസമൂഹത്തിലും നടക്കാവുന്ന ഒരു കാര്യമാണ്.

നോമ്പുകാലം മാനസാന്തരത്തിന്റെ അവസരമായി മാറുകയാണെങ്കിൽ, ഉത്ക്കണ്ഠാഭരിതമായ മനുഷ്യസമൂഹം സർഗാത്മകതയുടെ ഒരു പ്രസരണവും പ്രത്യാശയുടെ ഒരു കിരണവും ദർശിക്കും. കഴിഞ്ഞ വേനൽകാലത്ത് ലിസ്ബണിൽവച്ച് യുവാക്കളോട് ഞാൻ പറഞ്ഞത് ആവർത്തിക്കട്ടെ: ‘അന്വേഷിക്കുന്നത് തുടർന്നുകൊണ്ടിരിക്കുവിൻ, സാഹസങ്ങൾ ചെയ്യാൻ തയ്യാറായിരിക്കുവിൻ’. ഇക്കാലസന്ധിയിൽ നാം വളരെയേറെ പ്രതിസന്ധികളാണ് നേരിടുന്നത്; അനേകം ജനതകളുടെ ദീനരോദനം നാം കേൾക്കുന്നു. യഥാർഥത്തിൽ കഷണംകഷണമായി നാം ഒരു മൂന്നാം ലോകമഹായുദ്ധമാണ് അനുഭവിക്കുന്നത്.

എന്നിരുന്നാലും, ലോകത്തെ നോക്കിക്കാണാനുള്ള ധൈര്യം നമുക്കു സംഭരിക്കാം: മരണവേദനയിലായിരിക്കുന്ന ലോകത്തെയല്ല, മറിച്ച് ജന്മം നൽകുന്നതിലായിരിക്കുന്നതിനെ; മഹത്തായ ചരിത്രത്തിന്റെ അവസാനത്തിലായിരിക്കുന്നതിനെയല്ല, പുതിയതിന്റെ ആരംഭത്തിലായിരിക്കുന്ന ഒരു ലോകത്തെ. ഇപ്രകാരം ചിന്തിക്കാൻ നമുക്കു ധൈര്യംവേണം'' (2023 ഓഗസ്റ്റ് 3 ന് സർവകലാശാലാ വിദ്യാർഥികൾക്ക് നൽകിയ സന്ദേശം). ഇതാണ് മാനസാന്തരത്തിന്റെ ധൈര്യം, അടിമത്തത്തിൽനിന്ന് പുറത്തുവന്ന് ജന്മമെടുത്ത മാനസാന്തരത്തിന്റെ ധൈര്യം. എന്തെന്നാൽ, പ്രത്യാശയെന്ന ചെറിയ ശിശുവിന്റെ കരങ്ങളിൽ വിശ്വാസവും സ്നേഹവും പിടിക്കുന്നു. അവർ അവളെ നടക്കാൻ പഠിപ്പിക്കുന്നു; അതേസമയം, അവൾ അവരെ മുന്നോട്ടുനയിക്കുന്നു. ഞാൻ നിങ്ങളെ എല്ലാവരെയും നിങ്ങളുടെ നോമ്പുകാലപാതയെയും ആശീർവദിക്കുന്നു.

റോമിലെ വി. ജോൺ ലാറ്ററൻ ബസിലിക്കയിൽവച്ച് ആഗമനകാലത്തിലെ ഒന്നാം ഞായറാഴ്ച, 2023 ഡിസംബർ 3 ന് നൽകപ്പെട്ടത്.

Francis

**ഫ്രാൻസിസ് പാപ്പ**

പി.ഒ.സി., കേരളകത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി 682025

Prot. No. 0205/2024

# ഇടയലേഖനം

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്**

**മാർ റാഫേൽ തട്ടിൽ**

**തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**
**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.**

ഈശോമ്ശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പായി ചുമതലയേറ്റതിനുശേഷം ഒരു ഇടയലേഖനത്തിലൂടെ ഞാൻ ആദ്യമായി നിങ്ങളെ അഭിസംബോധനചെയ്യുകയാണ്. സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ 2024 ജനുവരി 8 മുതൽ 10 വരെ നടന്ന മുപ്പത്തിരണ്ടാമത് സിനഡിന്റെ ഒന്നാംസമ്മേളനം സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി എന്നെ തെരഞ്ഞെടുക്കുകയും പ്രസ്തുത തെരഞ്ഞെടുപ്പ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ സ്ഥിരീകരിക്കുകയും ചെയ്തു. ജനുവരി പതിനൊന്നാം തീയതി മേജർ ആർച്ചുബിഷപ്പിന്റെ ചുമതല ഞാൻ ഏറ്റെടുത്തു. പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പിനായി ആത്മാർഥമായി പ്രാർഥിച്ച സഭ മുഴുവനോടും ഞാൻ ഹൃദയപൂർവം നന്ദിപറയുന്നു. സഭയുടെ അഡ്മിനിസ്ട്രേറ്റർ എന്നനിലയിൽ സിനഡ് വിളിച്ചുകൂട്ടുകയും മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പും സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട എല്ലാക്കാര്യങ്ങളും ദൈവാനുഗ്രഹപ്രദമായും സൂക്ഷ്മതയോടെയും കൃത്യതയോടെയും ക്രമീകരിക്കുകയുംചെയ്ത കൂരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽപ്പിതാവിനും ഏറ്റം ഹൃദ്യമായി നന്ദിപറയുന്നു.

സീറോമലബാർസഭയുടെ ചരിത്രം ദൈവികയിടപെടലുകളുടെ അത്ഭുതവിവരണമാണ്. മാർ തോമാശ്ലീഹായുടെ പ്രേഷിതപ്രവർത്തനത്താൽ രൂപമെടുത്ത ഈ ക്രൈസ്തവസമൂഹത്തിന് നൂറ്റാണ്ടുകൾ നീണ്ട സങ്കീർണവും വേദനാജനകവുമായ അനുഭവങ്ങളിലൂടെയാണ് കടന്നുപോകേണ്ടിവന്നത്. കത്തോലിക്കാകൂട്ടായ്മയിൽനിന്ന് വിഘടിച്ചുപോകാനുള്ള പ്രലോഭനങ്ങളെ അതിജീവിച്ച ഈ സഭാസമൂഹം സ്വന്തം അസ്തിത്വം രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നിരന്തരം തുടർന്നുകൊണ്ടേയിരുന്നു. 1923 ൽ സീറോമലബാർ ഹയരാർക്കി സ്ഥാപിതമായെങ്കിലും 1992 ൽ മേജർ ആർക്കിഎപ്പിസ്കോപ്പൽ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ടതോടെയാണ് സീറോമലബാർസഭയിൽ കാനോനികമായ സംവിധാനങ്ങൾ പൂർണമായും രൂപപ്പെട്ടത്. നമ്മുടെ സഭയെ കഴിഞ്ഞ രണ്ടുസഹസ്രാബ്ദങ്ങളിൽ വഴിനടത്തിയ ദൈവപരിപാലനയ്ക്ക് നന്ദിപറയാം. സഭയുടെ ആദ്യത്തെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ആന്റണി പടിയറപ്പിതാവിനെയും പൊന്തിഫിക്കൽ ഡെലഗേറ്റ് ആർച്ചുബിഷപ് മാർ അബ്രാഹം കാട്ടുമനപ്പിതാവിനെയും രണ്ടാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ വർക്കി വിതയത്തിൽപ്പിതാവിനെയും ഈ അവസരത്തിൽ ആദരവോടും കൃതജ്ഞതയോടുംകൂടെ അനുസ്മരിക്കുന്നു.

സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പായ കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവിന്റെ ശുശ്രൂഷകൾ സമാനതകളില്ലാത്തതാണ്. ജീവിതലാളിത്യവും നലംതികഞ്ഞ സഭാസ്നേഹവും സുവിശേഷത്തോടുള്ള അചഞ്ചലമായ പ്രതിബദ്ധതയും വിശ്രമരഹിതമായ അധ്വാനവും വ്രതമാക്കിയ ജീവിതമാണ് പിതാവിന്റേത്. ഭാരതം മുഴുവനും ഭരണാധികാരമുള്ള സഭയായി സീറോമലബാർസഭയെ വളർത്തുകയും ഭാരതത്തിനുപുറത്ത് മെൽബൺ, മിസ്സിസ്സാഗ, ഗ്രേറ്റ് ബ്രിട്ടൺ രൂപതകളുടെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷന്റെയും സ്ഥാപനത്തിലൂടെ നമ്മുടെ സഭയ്ക്ക് ആഗോളമാനം നൽകുകയും ചെയ്തത് അഭി. ആലഞ്ചേരിപ്പിതാവിന്റെ ക്രാന്തദർശനമാണ്. ആരാധനക്രമനവീകരണം എന്നും സങ്കീർണമായിരുന്ന നമ്മുടെ സഭയിൽ പരിശുദ്ധ കുർബാനയർപ്പണത്തിന്റെ ഏകീകരണവും യാമപ്രാർഥനകളുടെ നവീകരണവും ഏറ്റെടുത്ത് ലക്ഷ്യത്തിലെത്തിച്ചത് അഭി. പിതാവിന്റെ നിശ്ചയദാർഢ്യവും നേതൃത്വപാടവവുമാണ്. വന്ദ്യപിതാവ് സഭയ്ക്കുവേണ്ടി ചെയ്ത ത്യാഗപൂർണമായ സമർപ്പണത്തിന് നമുക്കു പിതാവിനോട് നന്ദിപറയാം.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എന്റെ തെരഞ്ഞെടുപ്പിന് സ്ഥിരീകരണം നൽകിക്കൊണ്ട് എഴുതിയ കത്തിൽ സമൂഹത്തിലെ പാവങ്ങൾക്കും പാർശ്വവത്ക്കരിക്കപ്പെട്ടവർക്കും തണലാകണമെന്ന പ്രത്യേക നിർദേശം നൽകിയിട്ടുണ്ട്. ഭക്ഷണവും വെള്ളവും വസ്ത്രവും കിടപ്പാടവും സ്വന്തമായ ഭൂമിയും സ്വാതന്ത്ര്യവുമില്ലാത്തവരോടാണ് ഈശോ തന്നെത്തന്നെ താദാത്മ്യപ്പെടുത്തിയത് *(മത്താ. 25: 35-36)*. 'പാവങ്ങളുടെ സഭ' എന്ന ഫ്രാൻസിസ് പാപ്പായുടെ സഭാദർശനം ജീവിക്കാൻ നാം ശ്രദ്ധിക്കണം. ധൂർത്തും ആഡംബരവും പ്രദർശന പരതയും സുവിശേഷവിരുദ്ധമായ പാപങ്ങളാണ്. ഈശോ തന്റെ സഭയെക്കുറിച്ചുകണ്ട ലാളിത്യത്തിന്റെ സ്വപ്നം സഭയുടെ എല്ലാ പ്രവർത്തനമേഖലകളിലും പ്രതിഫലിക്കണം. നമ്മുടെ നിർമാണപ്രവൃത്തി കളിലും തിരുനാൾ, വിവാഹം, തിരുപ്പട്ടം തുടങ്ങിയ ആഘോഷങ്ങളിലും സുവിശേഷത്തിന്റെ ലാളിത്യമായിരിക്കണം നമുക്കു മാർഗദീപം. പാവപ്പെട്ടവർക്ക് പ്രാപ്യമല്ലാത്ത സ്ഥാപനങ്ങളൊന്നും സഭയുടെ സ്ഥാപനങ്ങളായി അറിയപ്പെടാൻ അവകാശമില്ലാത്തവയാണ്.

ഭാരതത്തിലും കേരളത്തിലും ക്രൈസ്തവസമൂഹം നേരിടുന്ന വിവേചനങ്ങളെക്കുറിച്ച് നാം കരുതലുള്ളവരാകണം. ഒരു ന്യൂനപക്ഷ മെന്നനിലയിൽ ഈ സമൂഹത്തിന്റെ വളർച്ചയ്ക്കും നിലനിൽപിനും ആവശ്യമായതും ഭരണഘടന ഉറപ്പുനൽകുന്നതുമായ എല്ലാ ന്യായമായ അവകാശങ്ങളും ആനുകൂല്യങ്ങളും നേടിയെടുക്കാനും അവയെ പരി രക്ഷിക്കാനും നമുക്കു സാധിക്കണം. കർഷകർ, അസംഘടിതരായ തൊഴിലാളികൾ, ചെറുകിടവ്യവസായികൾ തുടങ്ങിയവർ ഇന്ന് എല്ലാ മേഖലകളിലും തഴയപ്പെട്ടുകൊണ്ടിരിക്കുകയാണ്. വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്ന് മലയോരമേഖലയിൽ താമസിക്കുന്നവരുടെ ജീവനും സ്വത്തിനും സംരക്ഷണമൊരുക്കുന്നതിൽ ഭരണസംവിധാന ങ്ങൾ പരാജയപ്പെടുമ്പോൾ നമുക്കു നഷ്ടമാകുന്നത് മനുഷ്യജീവിത ങ്ങളും അവരുടെ ഒരായുസിന്റെ അധ്വാനവുമാണ്. ഇവിടെയെല്ലാം ജനാ ധിപത്യപരമായ സംഘടിതമുന്നേറ്റങ്ങൾ ആവശ്യമാണ്.

ക്രൈസ്തവർ എക്കാലവും മതസൗഹാർദത്തിന്റെ വക്താക്കളാ ണെന്ന സത്യം നാം മറക്കരുത്. ഈശോയിലൂടെ കൈവന്ന രക്ഷ സകലമനുഷ്യർക്കുംവേണ്ടിയുള്ളതാണെന്ന സാർവത്രികസാഹോദര്യ ത്തിലാണ് നാം വിശ്വസിക്കുന്നത്. അതിനാൽ വർഗീയതയ്ക്കോ വിഭാഗീ യതയ്ക്കോ ക്രിസ്തീയജീവിതത്തിൽ പ്രസക്തിയില്ല. എല്ലാ മതങ്ങളും സഹോദരനിർവിശേഷമായ സ്നേഹത്തോടെ വസിക്കുന്ന നമ്മുടെ നാടിന്റെ നന്മ നഷ്ടമാകാതിരിക്കാൻ നാം ജാഗ്രതയോടെ വർത്തിക്കണം.

നമ്മുടെ സഭയ്ക്ക് ദൈവം നൽകിയിരിക്കുന്ന അനുഗ്രഹങ്ങൾ നിരവധിയാണ്. 35 രൂപതകളിലും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലും മറ്റ് അസംഘടിതസമൂഹങ്ങളിലുമായി അമ്പതുലക്ഷത്തിലധികംവരുന്ന വിശ്വാസികൾ നമുക്കുണ്ട്. വൈദിക - സമർപ്പിത ദൈവവിളികളാൽ സമ്പന്നമാണ് നമ്മുടെ സഭ. നമ്മുടെ രൂപതകളിലും സംവിധാനങ്ങളിലും മാത്രമല്ല മറ്റു സഭകളിലും ലോകം മുഴുവനിലും ശുശ്രൂഷചെയ്യുന്ന വൈദികരും സമർപ്പിതരും നമ്മുടെ അഭിമാനമാണ്. മാനുഷികമായ പോരായ്മകളും സ്വഭാവരീതികളും പൗരോഹിത്യത്തിന്റെയും സമർപ്പിതജീവിതത്തിന്റെയും ശോഭ നഷ്ടപ്പെടുത്താതെ ഫലപ്രദമായ ശുശ്രൂഷചെയ്യാൻ വൈദികരും സമർപ്പിതരും കൂടുതൽ ആത്മീയമായ കാഴ്ചപ്പാടുള്ളവരാകണമെന്ന് സഭ ആഗ്രഹിക്കുന്നു. പത്തുലക്ഷത്തോളം വരുന്ന കുടുംബങ്ങളാണ് നമ്മുടെ സഭയുടെ ശക്തി. പ്രാർഥനയിലും സ്നേഹത്തിലും പരസ്പരബഹുമാനത്തിലും രൂപപ്പെടുകയും വളരുകയും ചെയ്യുന്ന കുടുംബങ്ങൾക്കുമാത്രമേ കാലഘട്ടം ഉയർത്തുന്ന ശിഥിലീകരണത്തെ നേരിടാൻ സാധിക്കുകയുള്ളു.

നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും അവരുടെ വിശ്വാസജീവിതവും ദൈവം നമുക്കു നൽകിക്കൊണ്ടിരിക്കുന്ന അനുഗ്രഹങ്ങളാണ്. യുവജനങ്ങളുടെ കൂടെനടക്കാനും ജീവിതസാഹചര്യങ്ങളിൽ അവർ നേരിടുന്ന വെല്ലുവിളികളെ അഭിമുഖീകരിക്കാൻ അവരെ ശക്തരാക്കാനും നമുക്കു കഴിയേണ്ടതുണ്ട്. യുവജനങ്ങളുടെയും കുഞ്ഞുങ്ങളുടെയും വിശ്വാസപരിശീലനം സഭ മുഴുവന്റെയും ഉത്തരവാദിത്വമായി കണക്കാക്കണം. ഈശോയെ നാഥനും രക്ഷകനുമായി സ്വന്തംജീവിതത്തിൽ സ്വീകരിക്കാനും അത് മറ്റുള്ളവർക്കുമുമ്പിൽ സാക്ഷ്യപ്പെടുത്താനും നമ്മുടെ യുവജനങ്ങളും കുഞ്ഞുങ്ങളും ബോധ്യമുള്ളവരാകണം. വിശ്വാസപരിശീലനം ഈ ലക്ഷ്യം നേടുന്നതിന് പര്യാപ്തമാകേണ്ടിയിരിക്കുന്നു.

സാർവത്രികസഭയുടെ പ്രേഷിതസ്വഭാവം അതിന്റെ എല്ലാതലങ്ങളിലും സ്വാംശീകരിക്കാൻ സീറോമലബാർസഭയെ ദൈവം ധാരാളമായി അനുഗ്രഹിച്ചിട്ടുണ്ട്. നമ്മുടെ മിഷൻരൂപതകളിലും മിഷൻപ്രദേശങ്ങളിലും ശുശ്രൂഷ ചെയ്യുന്നവരെ പ്രാർഥനയിൽ പ്രത്യേകം ഓർക്കണം. ഭാരതത്തിലെ പല അവികസിതമേഖലകളിലും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും ആതുരശുശ്രൂഷകളിലൂടെയും സാമൂഹ്യപ്രവർത്തനങ്ങളിലൂടെയും സ്നേഹവും കാരുണ്യവും പകർന്നുകൊടുത്തുകൊണ്ട് സാമൂഹ്യസേവനത്തിലേർപ്പെട്ടിരിക്കുന്നവർക്കെതിരേ അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഉന്നയിച്ചുകൊണ്ട് കേസുകളെടുക്കാനും സേവനമേഖല

കളിൽനിന്ന് അവരെ പുറത്താക്കാനും ജനോപകാരപ്രവർത്തനങ്ങളെ തടസപ്പെടുത്താനും നടത്തുന്ന സംഘടിതശ്രമങ്ങൾ നമ്മുടെ ശ്രദ്ധയിലുണ്ട്. ഇപ്രകാരം സുവിശേഷത്തിനുവേണ്ടി പീഡിപ്പിക്കപ്പെടുന്നവരെയോർത്ത് സഭമുഴുവനും പ്രാർഥിക്കണം. അവരുടെ പ്രവർത്തനങ്ങൾക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണെന്നത് മറക്കാതിരിക്കാം.

നമ്മുടെ സമൂഹം മറ്റൊരു കുടിയേറ്റാനുഭവത്തിലൂടെ കടന്നുപോയ്ക്കൊണ്ടിരിക്കുന്നു. ഉന്നതവിദ്യാഭ്യാസത്തിനും മികച്ച ജോലിസാധ്യതയ്ക്കും ഉയർന്ന ജീവിതനിലവാരത്തിനുംവേണ്ടി നമ്മുടെ യുവജനങ്ങളും കുടുംബങ്ങളും വിദേശരാജ്യങ്ങളിലേയ്ക്ക് കുടിയേറിക്കൊണ്ടിരിക്കുകയാണ്. വിദേശരാജ്യങ്ങളിലുള്ള സീറോമലബാർ രൂപതകളും നാട്ടിലെ രൂപതകളുമായി യോജിച്ചുള്ള പ്രവർത്തനത്തിലൂടെ ഇത്തരം കുടുംബങ്ങളെയും വ്യക്തികളെയും അനുഗമിക്കാനും ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കാനും സാധിക്കണം. ചില സാഹചര്യങ്ങളിലെങ്കിലും വാഗ്ദാനം ചെയ്യപ്പെടുന്ന കോഴ്സുകളോ ജോലിയോ ശമ്പളമോ ലഭിക്കാതെ പ്രവാസികൾ വഞ്ചിതരാകുന്ന സംഭവങ്ങൾ ഉടലെടുക്കുന്നുണ്ട്. പന്ത്രണ്ടാംക്ലാസ്സ് കഴിഞ്ഞയുടൻ വിദേശത്തേയ്ക്കുപോകാനുള്ള പ്രവണതയും കുടുംബങ്ങൾ വലിയ കടബാധ്യത എടുത്തുവച്ച് മക്കളെ വിദേശത്തേയ്ക്ക് അയയ്ക്കുന്ന സാഹചര്യവും വിശകലനവിധേയമാക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. ഉന്നതപഠനത്തിനും അതിനനുസൃതമായ ജോലിക്കുമുള്ള സ്വന്തംനാട്ടിലെ സാധ്യതകൾ പ്രയോജനപ്പെടുത്താനും സാധിക്കണം.


സീറോമലബാർസഭയുടെ മുന്നിൽ ചക്രവാളത്തോളം വിശാലമായ സാധ്യതകളാണ് ദൈവം തുറന്നുതരുന്നത്. സഭയുടെ ഏറ്റവുംവലിയ മൂലധനം കൂട്ടായ്മയും വിശ്വാസവുമാണെന്ന സത്യം നാം വിസ്മരിക്കരുത്. ഏതൊരു വ്യക്തിസഭയുടെയും വളർച്ചയിൽ സഭാപാരമ്പര്യങ്ങളോടുള്ള വിശ്വസ്തതയും (resourcement) സമകാലികതയോടുള്ള തുറവിയും *(aggiornamento)* ഒരുപോലെ പ്രധാനമാണെന്ന വി. ജോൺ ഇരുപത്തിമൂന്നാമൻ മാർപാപ്പായുടെ ദർശനം നമുക്കു വഴികാട്ടണം. പാരമ്പര്യവാദവും പുരോഗമനചിന്തയും പരസ്പരപൂരകങ്ങളാകയാൽ അവയെ ഭിന്നതയുടെ കാരണങ്ങളായി നാമാരും കാണരുത്. വ്യത്യസ്ത ചിന്താഗതികളുള്ളവർ ചേരിതിരിഞ്ഞ് സാമൂഹികമാധ്യമങ്ങളിലൂടെ പരസ്പരം അധിക്ഷേപിക്കുമ്പോൾ മുറിവേൽക്കുന്നത് നമ്മുടെ കർത്താവിന്റെ ശരീരമായ തിരുസഭയ്ക്കാണെന്ന സത്യം നമുക്കു മറക്കാതിരിക്കാം.

പരിശുദ്ധ കുർബാനയുടെ ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളെക്കുറിച്ച് നിങ്ങൾക്കറിയാമല്ലോ. തിരുസഭാഗാത്രത്തിലെ ഈ മുറിവുണക്കാൻ നമുക്കെല്ലാവർക്കും ഒരുമിച്ചുപ്രാർഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. ഈ വിഷയത്തിന് പരിഹാരംകാണാൻ പൊന്തിഫിക്കൽ ഡെലഗേറ്റായ ആർച്ചുബിഷപ് സിറിൽ വാസിൽപിതാവിനെയും അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർപിതാവിനെയുമാണ് പരിശുദ്ധ സിംഹാസനം ചുമതലപ്പെടുത്തിയിരിക്കുന്നത്. സഭയിൽ ഐക്യം സംജാതമാക്കാൻ അവർ നടത്തുന്ന പരിശ്രമങ്ങളോട് എല്ലാവരും ആത്മാർഥമായി സഹകരിക്കണം. നമ്മുടെ കുർബാനക്രമത്തിന്റെ സിനഡ് തീരുമാനിച്ച ഏകീകൃതരൂപം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആവർത്തിച്ചുനൽകിയ ഉദ്ബോധനത്തിൽനിന്ന് പിന്നോട്ടുപോകാൻ ആർക്കും സാധിക്കില്ല. കത്തോലിക്കാകൂട്ടായ്മയിൽ നമ്മൾ നിലനിൽക്കുന്നത് പരിശുദ്ധ പിതാവിനോട് പൂർണമായ വിധേയത്വം പുലർത്തിക്കൊണ്ടാവണം.

പ്രിയപ്പെട്ടവരേ, സീറോമലബാർസഭയെ നയിക്കുക എന്ന ദൗത്യം ദൈവം എന്നെ ഭരമേൽപ്പിക്കുമ്പോൾ നിങ്ങളുടെ പ്രാർഥനയിലും വിശ്വാസത്തിലും സ്നേഹത്തിലുമാണ് ഞാൻ പ്രത്യാശവയ്ക്കുന്നത്. പ്രതിസന്ധികളുടെ നടുവിലൂടെ കടന്നുപോകുമ്പോഴും, 'അവിടുന്ന് തന്റെ കാരുണ്യം ഒരിക്കലും നമ്മിൽനിന്ന് പിൻവലിക്കുന്നില്ല. വിപത്തുകൾകൊണ്ട് നമുക്കു ശിക്ഷണം നൽകുമെങ്കിലും അവിടുന്ന് സ്വജനത്തെ കൈവിടുന്നില്ല' *(2 മക്ക. 6:16)* എന്ന ആഴമായ വിശ്വാസം നമുക്കുണ്ടാവണം. 'നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കയാണ് ചെയ്തത്' *(യോഹ 15:16)* എന്ന ഈശോയുടെ വചനം നമുക്കു ബലം പകരുന്നു. 'നിങ്ങളെ വിളിക്കുന്നവൻ വിശ്വസ്തനാണ്' *(1 തെസ. 5:24)* എന്ന വി. പൗലോസിന്റെ ആഴമായ ബോധ്യവും നമുക്കു കരുത്തേകട്ടെ. സാർവത്രികസഭയുടെ കൂട്ടായ്മയിൽ, പരിശുദ്ധ പിതാവിനോടുള്ള വിധേയത്വത്തിൽ, പൗരസ്ത്യവ്യക്തിസഭകളിലൊന്നായ സീറോമലബാർ സഭയുടെ മക്കളായ നമുക്ക് ഈ കാലഘട്ടം ആവശ്യപ്പെടുന്ന വിശ്വാസ സാക്ഷ്യം നൽകാൻ സ്നേഹത്തിലും ഐക്യത്തിലും വ്യാപരിക്കാം. നിങ്ങളെല്ലാവരെയും നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിനും നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മാധ്യസ്ഥ്യത്തിനും സമർപ്പിക്കുന്നു. നമ്മുടെ കർത്താവീശോമ്ശിഹായുടെ

കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളോടുകൂടെയുണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്ന് 2024-ാം ആണ്ട് ഫെബ്രുവരി മാസം 22-ാം തീയതി നൽകപ്പെട്ടത്.



**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

**NB:** ***2024 മാർച്ച് 10 ഞായറാഴ്ച*** *സീറോമലബാർസഭയിലെ എല്ലാ ഇടവക പള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും പരിശുദ്ധ കുർബാനമധ്യേ ഈ ഇടയലേഖനം വായിക്കേണ്ടതാണ്*

24 PL. 40-380

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിതസമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

# ദുഷ്ടശക്തികളെ പുറത്താക്കാൻ ഉപവാസവും പ്രാർത്ഥനയും ആയുധങ്ങൾ

മ്ശിഹായിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ

വലിയനോമ്പാചരണത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കയാണ്. 'ഉപവാസവും പ്രാർത്ഥനയുംകൊണ്ടല്ലാതെ ഈ വർഗം ബഹിഷ്കൃതമാകയില്ല' *(മർക്കോ. 9:29)* എന്നുള്ള ഈശോയുടെ വാക്കുകൾ നമുക്കുള്ള ശക്തമായ മുന്നറിയിപ്പും ആഹ്വാനവുമാണ്. നമ്മെ ആക്രമിക്കുന്ന ദുഷ്ടശക്തികളെ കീഴടക്കാൻ ഉപവാസവും പ്രാർത്ഥനയുമാകുന്ന ആയുധങ്ങൾ അനിവാര്യമാണെന്ന് ഈശോ നമ്മെ ഉദ്ബോധിപ്പിക്കുന്നു.

### ശിക്ഷയിൽനിന്ന് മോചനം

കർത്താവിനോടുള്ള അവിശ്വസ്തതയും ഉടമ്പടിയുടെ ലംഘനവുമായ പാപത്തിന് പരിഹാരമായും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് സംരക്ഷണം ലഭിക്കുന്നതിനായും ദൈവജനമായ ഇസ്രായേൽ ഉപവസി

ക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നതായി ബൈബിളിൽ നിരവധി സംഭവങ്ങളുണ്ട്.

തിന്മയിൽ മുഴുകിയ നിന്‌വേനിവാസികൾക്കെതിരായി പ്രസംഗിക്കാൻ കർത്താവ് നിയോഗിച്ച യൗനാൻ അവരോട് വിളിച്ചുപറഞ്ഞു: 'ഇന്നേയ്ക്ക് നാല്പതുദിവസത്തിനകം നിന്‌വേ നശിപ്പിക്കപ്പെടും. നിന്‌വേ നിവാസികൾ ദൈവത്തിൽ വിശ്വസിച്ചു. അവർ ഒരു ഉപവാസം പ്രഖ്യാപിച്ചു. വലിയവർ മുതൽ ചെറിയവർവരെ ചാക്കുടുക്കുകയും ചെയ്തു.... ദുർമാർഗങ്ങളിൽനിന്നുള്ള അവരുടെ മാനസാന്തരത്തിന്റെ പ്രവൃത്തികൾ ദൈവം കണ്ടു. തന്മൂലം അവൻ തന്റെ ഉഗ്രകോപം അവരിൽനിന്ന് മാറ്റിക്കളഞ്ഞു. അവരെ നശിപ്പിച്ചതുമില്ല' *(യോനാ 3:4-5;10)*.

ഇസ്രായേൽ രാജാവായിരുന്ന ആഹാവ് തന്റെ ഭാര്യ ഇസബെല്ലിന്റെ പ്രേരണയാൽ വിഗ്രഹങ്ങളുടെ പിന്നാലെപോയി മ്ലേച്ഛത പ്രവർത്തിക്കയും ഇസ്രായേലിനെക്കൊണ്ട് പാപം ചെയ്യിക്കയും ചെയ്ത് ദൈവത്തിന്റെ കോപം ഉജ്ജ്വലിപ്പിച്ചു. അവന്റെ ഭവനം കർത്താവ് നശിപ്പിക്കുമെന്നുള്ള അരുളപ്പാട് അറിഞ്ഞ ആഹാവ് വസ്ത്രംകീറി, ശരീരം ചാക്കുകൊണ്ട് മറച്ച് ഉപവസിക്കയും ചാക്കുവിരിപ്പിൽ കിടക്കുകയും നഗ്നപാദനായി നടക്കുകയും ചെയ്തു. ഇപ്രകാരം ആഹാവ് കർത്താവിന്റെ സന്നിധിയിൽ തന്നെത്തന്നെ താഴ്ത്തിയതിനാൽ, അയാളുടെ ആയുഷ്ക്കാലത്ത് അനർത്ഥം വരുത്തുകയില്ലായെന്ന് ഏലിയാപ്രവാചകൻവഴി കർത്താവ് അരുൾചെയ്തു *(1 രാജാ. 21:21-28)*.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും പ്രായശ്ചിത്തപ്രവൃത്തികളുടെയും ശക്തിയും സത്ഫലങ്ങളുമാണ് ഈ സംഭവങ്ങൾ വെളിപ്പെടുത്തുന്നത്. ഉപവാസവും പ്രാർത്ഥനയും ദൈവത്തെ കണ്ടുമുട്ടുന്നതിനും ദൈവഹിതം അറിയുന്നതിനും വഴിയൊരുക്കുന്നുവെന്ന് മൂശെയുടെയും ഏലിയായുടെയും ജീവിതാനുഭവങ്ങൾ വ്യക്തമാക്കുന്നു.

### ദൈവഹിതം വെളിപ്പെടുത്തുന്നു

മൂശെ നാല്പതുപകലും നാല്പതുരാവും പർവതത്തിലായിരുന്നു. കർത്താവ് മൂശെയോട് സംസാരിച്ചു. മൂശെ ചെയ്യേണ്ട കാര്യങ്ങൾ വെളിപ്പെടുത്തി; പത്തുകല്പനകളും നൽകി *(പുറ. 24:18; 25 ff)*. കൂടാരം പണി, അതിന്റെ സജ്ജീകരണങ്ങൾ, അഹറോന്റെയും മറ്റു പുരോഹിതരുടെയും അഭിഷേകം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ ദൈവം മൂശെയ്ക്ക് പറഞ്ഞുകൊടുത്തു. അവയെല്ലാം മൂശെ കൃത്യമായി നിർവഹിച്ചു.

തന്നെ വധിക്കാൻ തീരുമാനിച്ച ഇസബെൽ രാജ്ഞിയിൽനിന്ന്

ഒളിച്ചോടിയ ഏലിയാപ്രവാചകൻ മാലാകാ നൽകിയ ഭക്ഷണത്തിന്റെ ശക്തിയാൽ നാല്പതുപകലും നാല്പതുരാവും സഞ്ചരിച്ച് ഹോറിവ് മലയിലെത്തി ഒരു ഗുഹയിൽ അഭയംപ്രാപിച്ചു. അവിടെവച്ച് ദൈവ ത്തിന്റെ അരുളപ്പാടുണ്ടായി. തന്നെ സംബന്ധിച്ച ദൈവഹിതം എന്തെന്ന് ഏലിയായ്ക്ക് മനസ്സിലായി.

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും പ്രായശ്ചിത്തപ്രവൃത്തിക ളുടെയും ആവശ്യകതയും പ്രാധാന്യവും ഫലസിദ്ധിയും വെളിപ്പെടു ത്തുന്ന ഇപ്രകാരമുള്ള പഴയനിയമസംഭവങ്ങൾ നമ്മുടെ ആദ്ധ്യാത്മിക ജീവിതത്തെ പരിപോഷിപ്പിച്ചു. ഇക്കാര്യത്തിൽ ഈശോമ്ശിഹാതന്നെ യാണ് നമുക്ക് ഏറ്റവുംവലിയ മാതൃക. നാല്പതുദിവസം ഉപവസിച്ചു പ്രാർത്ഥിച്ച് റൂഹാദ്ക്കുദ്ശായിൽനിറഞ്ഞ് ശക്തിപ്പെട്ടാണ് ഈശോ തന്റെ രക്ഷാദൗത്യം പരസ്യമായി ആരംഭിച്ചത്.

**ആദിമസഭയുടെ ചൈതന്യം**

പഴയനിയമത്തിൽനിന്നും ഈശോമ്ശിഹായുടെ ജീവിതത്തിൽ നിന്നും പ്രബോധനങ്ങളിൽനിന്നും സ്വായത്തമാക്കിയ ആദ്ധ്യാത്മികജീവിത ശൈലിയായിരുന്നു ആദിമസഭയുടേത്. നോമ്പിനും ഉപവാസത്തിനും പ്രാർത്ഥനയ്ക്കും ഏറെ പ്രാധാന്യംനൽകിയ തപോമയമായ ഒരു ആദ്ധ്യാത്മി കതയായിരുന്നു അത്. ഈ താപസചൈതന്യം ആഴത്തിൽ ഉൾക്കൊണ്ട വരായിരുന്നു മാർതോമാനസ്രാണികൾ.

പൗരസ്ത്യസുറിയാനി ആരാധനക്രമത്തിന്റെ രൂപീകരണത്തിൽ നിർണായക സ്വാധീനംചെലുത്തിയ സുറിയാനിസഭാപിതാവായ മാർ അപ്രേം ഉപവാസത്തെക്കുറിച്ച് മനോഹരമായ ചിന്തകൾ നൽകുന്നുണ്ട്.

വിശുദ്ധലിഖിതങ്ങളിലെ വിലപ്പെട്ട നിക്ഷേപമാണ് ഉപവാസമെന്നും ഉപവാസമനുഷ്ഠിച്ചുകൊണ്ട് നാമത് സ്വന്തമാക്കണമെന്നും മാർ അപ്രേം പറയുന്നു. നമ്മുടെ മനസ്സുകളെ ദൈവസന്നിധിയിലേയ്ക്ക് ഉയർത്തുന്ന തിനും പ്രലോഭനങ്ങളെ നേരിടുന്നതിനും റൂഹാദ്ക്കുദ്ശായുടെ ദാനങ്ങൾ ലഭിക്കുന്നതിനും അതാവശ്യമാണ്. ഉപവസിക്കുന്നവന് മൂശെയുടെയും ഏലിയാസിന്റെയും ആയുധങ്ങൾ ലഭിക്കും. വിശുദ്ധിയുടെ ഫലങ്ങൾ നില നിർത്തുന്ന വേരാണ് ഉപവാസം; ഈ വേരിൽ വളരുന്ന ഫലങ്ങളാണ് വിശുദ്ധി, കന്യാത്വം, ആനന്ദം, സന്തോഷം, ക്ഷമ തുടങ്ങിയവ. ഉപ്പ് മാംസത്തെ കേടുകൂടാതെ സൂക്ഷിക്കുന്നതുപോലെ ഉപവാസം പുണ്യ ങ്ങളെ നിലനിർത്തുകയും സംരക്ഷിക്കയും ചെയ്യുന്നുവെന്ന് സഭാപിതാ വായ മാർ അപ്രേം പറയുന്നു. ഉപവാസം അടക്കമില്ലായ്മയെ അകറ്റുന്നു, കാമവാസനയെ നിയന്ത്രിക്കുന്നു. ഏതെങ്കിലും ഒരു വസ്തു കണ്ണിൽ

വീണാൽ ഉടനെതന്നെ കണ്ണ് അതുതിരിച്ചറിഞ്ഞ് പുറന്തള്ളുന്നതുപോലെ ഉപവസിക്കുന്നവർ വിദ്വേഷചിന്തകളെ നിയന്ത്രിക്കുകയും ചീത്തയായ ആഗ്രഹങ്ങളെ പുറന്തള്ളുകയും ചെയ്തുകൊണ്ട്, അനാവശ്യകാര്യങ്ങൾ സംസാരിക്കാതിരിക്കാൻ ജാഗ്രതയോടെ നാവിനെ നിയന്ത്രിക്കും.

ഇപ്രകാരം ജീവന്റെ നിത്യമണവറയിലേയ്ക്ക് ആനയിക്കുന്ന താപസ ചൈതന്യത്തെ സ്വീകരിച്ചനുഷ്ഠിക്കാൻ മാർ അപ്രേം നമ്മെ ഉപദേശിക്കുന്നു: വിശുദ്ധിയുടെ ഫലങ്ങളെ വർദ്ധിപ്പിക്കുന്ന ഉപവാസത്തെ നമുക്കു സ്നേഹിക്കാം, അതുവഴി ആത്മാവും മനസ്സും ശുദ്ധീകരിക്കപ്പെടുന്നു; ചിന്തകൾ ശുദ്ധമാകുന്നു, ഹൃദയത്തിൽനിന്ന് നല്ല പ്രചോദനങ്ങളുയരുന്നു. ഉപവാസംവഴി ആത്മാവിന്റെ ശക്തി ഉറപ്പിക്കപ്പെടുന്നു, ശരീരത്തിന്റെ സമ്പത്തുക്കൾ വർദ്ധിക്കുന്നു; എല്ലാ മനുഷ്യരും ജീവന്റെ മണവറയിലേയ്ക്ക് ക്ഷണിക്കപ്പെടുകയും ചെയ്യുന്നു.

### എങ്ങനെ ഉപവസിക്കണം?

എങ്ങനെ ഉപവസിക്കണമെന്നും മാർ അപ്രേം വിശദീകരിക്കുന്നു. സ്വതന്ത്രമനസ്സോടെയായിരിക്കണം ഉപവസിക്കേണ്ടത്. അങ്ങനെയുള്ള ഉപവാസമാണ് സ്വീകാര്യവും സുസ്ഥിരവുമായത്. എളിമയുള്ള ഹൃദയത്തോടും പരോപകാരപ്രവൃത്തികളോടുംകൂടിയുള്ള ഉപവാസം കൂടുതൽ സ്വീകാര്യവുമായിരിക്കും. ഉപവസിക്കുന്നയാൾ അതിന്റെ പേരിൽ വ്യർത്ഥാഭിമാനംകൊള്ളുകയോ ഭക്ഷിക്കുന്നവരെ നിന്ദിക്കുകയോ ചെയ്യരുത്. ഉപവസിക്കുന്നവർ അതുകൊണ്ടുമാത്രം പൂർണരാകുന്നില്ല. ഒരാൾ ദൈവത്തിന്റെ പൂർണവും യോഗ്യവുമായ വാസസ്ഥലമാകുന്നതിന് ഉപവാസത്തോടൊപ്പം സുകൃതങ്ങളും പരിശീലിക്കണം. താപസികതയുടെ മൂന്നുരൂപങ്ങളാണ് ഉപവാസവും നിരന്തരമായ പ്രാർത്ഥനയും ദാനധർമങ്ങളും. പാപംമൂലമുണ്ടായ മുറിവുകൾ ഉണക്കാനും നമ്മുടെ ആത്മാക്കളുടെ കറകൾ തുടച്ചുമാറ്റാനും അതിടയാക്കും. പാവപ്പെട്ടവർക്ക് സഹായം നൽകുന്നത് ദൈവംതന്നെയാണ് സ്വീകരിക്കുന്നത്. അതിനാൽ പാവപ്പെട്ടവരുടെയിടയിൽ ഇപ്പോൾ ദാനധർമമാകുന്ന വിത്തുവിതയ്ക്കുക, യഥാസമയത്ത് നമുക്കു വിളവെടുക്കാൻ കഴിയും.

ഉപവസിക്കുന്നവർ സസ്യാഹാരവും വെള്ളവുമാണ് ഭക്ഷിക്കേണ്ടതെന്നും രുചികരമായ ഭക്ഷണവും ലഹരിപാനീയങ്ങളും ഉപേക്ഷിക്കണമെന്നും മാർ അപ്രേം ഉപദേശിക്കുന്നു. സുറിയാനിസഭാപാരമ്പര്യത്തിൽ താപസികതയുടെ പ്രധാനലക്ഷ്യം ദൈവത്തിന്റെ വാസസ്ഥലമാകാൻ യോഗ്യത നേടുകയെന്നതാണ്.

മലയിലെപ്രസംഗത്തിൽ ഈശോ തന്റെ അനുയായികളുടെ മുഖമുദ്രയായി എടുത്തുപറയുന്ന മൂന്നുകാര്യങ്ങൾ പ്രാർത്ഥനയും ഉപവാസവും ദാനധർമവുമാണ്. ഉപവാസത്തിന് ബാഹ്യവും ആന്തരികവുമായ രണ്ടുവശങ്ങളുണ്ട്. ഭക്ഷണം വേണ്ടെന്നുവയ്ക്കുന്നത് ബാഹ്യമായ ഉപവാസവും അധർമങ്ങൾ ചെയ്യാതിരിക്കുന്നത് ആന്തരികമായ ഉപവാസവുമാണെന്ന് സഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. വിശപ്പും ദാഹവും സഹിക്കേണ്ടിവരുന്ന ദരിദ്രരുടെ കഷ്ടപ്പാടുകൾ സമ്പന്നരും മനസ്സിലാക്കുന്നതിന് ഉപവാസം അവരെ സഹായിക്കും. ഉപവാസം ഇന്ദ്രിയങ്ങളെ വിശുദ്ധീകരിക്കയും വികാരങ്ങളെ ശുദ്ധീകരിക്കയും നമ്മെ മാലാകാമാരെപ്പോലെയാക്കുകയും ചെയ്യും. ദൈവികനിക്ഷേപാലയം തുറക്കുന്ന താക്കോലാണ് പ്രാർത്ഥന. ദൈവത്തോട് അടുപ്പം വളർത്താൻ പ്രാർത്ഥനയ്ക്ക് കഴിയും.

## അക്ഷയനിധി

ഉപവാസത്തോടുകൂടിയ കാരുണ്യപ്രവൃത്തികൾ നമുക്ക് അക്ഷയനിക്ഷേപമായിത്തീരും. ചിതലും പുഴുവും നശിപ്പിക്കുകയും കള്ളന്മാർ തുരന്ന് കവർച്ചനടത്തുകയും ചെയ്യുന്ന സ്ഥലമായ ഭൂമിയിൽ നിങ്ങൾക്കായി നിക്ഷേപം സൂക്ഷിച്ചുവയ്ക്കേണ്ട. എന്നാൽ ചിതലോ പുഴുവോ നശിപ്പിക്കാത്തതും കള്ളന്മാർ തുരന്നുമോഷ്ടിക്കാത്തതുമായ സ്വർഗത്തിൽ നിങ്ങൾക്കായി നിക്ഷേപം കരുതിവയ്ക്കുക *(മത്താ. 6:19-20)* എന്നുള്ള ഈശോയുടെ വാക്കുകൾ നമുക്കു ജീവിതത്തിൽ വഴിവെളിച്ചമാകണം. ഇല്ലായ്മക്കാരുമായി പങ്കുവയ്ക്കുന്ന നമ്മുടെ ഭൗതിക സമ്പത്ത് സ്വർഗത്തിൽ നമുക്ക് അക്ഷയനിധിയായി മാറും. സമ്പന്നരെയും സ്വർഗത്തിലെത്തിക്കാനുള്ള മാർഗമാണത്.

പ്രാർത്ഥനകളും ധർമദാനങ്ങളും ദൈവത്തിന് ഏറ്റം സ്വീകാര്യവും പ്രീതികരവുമാണെന്ന് വെളിപ്പെടുത്തുന്നതാണ് ശ്ലീഹന്മാരുടെ നടപടി പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന കൊർണേലിയൂസിന്റെ അനുഭവം *(നട. 10:1-4)*. ശതാധിപനായിരുന്ന കൊർണേലിയൂസ് വളരെ ധർമദാനങ്ങൾ ചെയ്യുകയും നിരന്തരം ദൈവത്തോട് പ്രാർത്ഥിക്കയും ചെയ്തിരുന്നു. ദർശനത്തിൽ ഒരു ദൈവദൂതൻ അയാളോടുപറഞ്ഞു: നിന്റെ പ്രാർത്ഥനകളും ധർമദാനങ്ങളും ഓർമയ്ക്കായി ദൈവസന്നിധിയിലെത്തിയിരിക്കുന്നു. മാലാകായുടെ നിർദേശമനുസരിച്ച് കൊർണേലിയൂസ് പ്രവർത്തിക്കുകയും കേപ്പാ (പത്രോസ്) അദേഹത്തെ സഭയിലേയ്ക്ക് സ്വീകരിക്കുകയും ചെയ്തു. കൊർണേലിയൂസിന്റെ ധർമദാനങ്ങൾക്കും പ്രാർത്ഥനകൾക്കും പ്രതിഫലമായി വിശ്വാസമെന്ന ദൈവിക ദാനം അദേഹത്തിനും കുടുംബത്തിനും ലഭിച്ചു.

## അമ്പതുനോമ്പ് അഥവാ വലിയനോമ്പ്

ഉയിർപ്പുതിരുനാളിനൊരുക്കമായി ആചരിക്കുന്ന അമ്പതുനോമ്പാണ് നമ്മുടെ സഭയിലെ ഏറ്റവും പ്രധാനപ്പെട്ട നോമ്പാചരണം. ആത്മ വിശുദ്ധീകരണവും ജീവിതനവീകരണവുമാണ് നോമ്പാചരണത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. അതിനുള്ള മാർഗങ്ങളാണ് അനുതാപം, പ്രാർത്ഥന, ഉപവാസം, കാരുണ്യപ്രവൃത്തികൾ മുതലായവ. ഈ ചൈതന്യമാണ് പരിശുദ്ധ കുർബാനയിലെയും യാമപ്രാർത്ഥനകളിലെയും നോമ്പു കാലപ്രാർത്ഥനകളിൽ നിറഞ്ഞുനിൽക്കുന്നത്.

അനുതപിക്കുകയും ദരിദ്രരോട് കരുണകാണിക്കയും ചെയ്യുന്നവരെ കർത്താവ് സ്വീകരിക്കുന്നു, അവരുടെ പ്രാർത്ഥനകൾ കേൾക്കുകയും പാപങ്ങൾ ക്ഷമിക്കയും ചെയ്യുന്നു. പശ്ചാത്താപത്തോടെ തിരിച്ചെത്തിയ ധൂർത്തപുത്രനെ സ്നേഹവാത്സല്യങ്ങളോടെ സ്വീകരിച്ച പിതാവിനെ പ്പോലെ അനുതപിക്കുന്ന പാപികളോടു ദൈവം ക്ഷമിക്കുന്നു. ചെയ്ത തെറ്റിന് പരിഹാരമായി തന്റെ വസ്തുവിൽ പകുതി ദരിദ്രർക്ക് കൊടു ക്കുകയും വഞ്ചിച്ചെടുത്തതിന് പരിഹാരമായി നാലിരട്ടി തിരികെക്കൊ ടുക്കുകയും ചെയ്ത സക്കേവൂസിന്റെ അനുതാപം ആ കുടുംബം രക്ഷ പെടാനിടയാക്കി. ഈശോ അത് പരസ്യമായി പ്രഖ്യാപിച്ചു: 'ഇന്ന് ഈ കുടുംബം രക്ഷ കണ്ടെത്തിയിരിക്കുന്നു' *(ലൂക്കാ 19:9)*.

സ്വന്തം പാപാവസ്ഥയെക്കുറിച്ചുള്ള അവബോധം, അതംഗീകരിച്ചു കൊണ്ടുള്ള ഏറ്റുപറച്ചിൽ, ചെയ്തപാപത്തിന് പരിഹാരം ചെയ്യാനുള്ള സന്നദ്ധത, മാപ്പുപറഞ്ഞ് കരുണയ്ക്കായുള്ള യാചന, മേലിൽ പാപം ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞ - ഇവയൊക്കെ ഉൾക്കൊള്ളുന്നതാണ് അനുതാപം. ഇപ്രകാരം അനുതപിക്കുന്ന പാപികളോട് ദൈവം ക്ഷമി ക്കുന്നു. വലിയനോമ്പ് അനുതാപത്തിനും അതുവഴിയുള്ള ജീവിത നവീകരണത്തിനും അവസരമാകണം. അപ്പോൾ നോമ്പാചരണത്തിന്റെ സമാപനത്തിൽ ആഘോഷിക്കുന്ന ഉയിർപ്പുതിരുനാൾ തികച്ചും ഒരു പുതുജീവിതാനുഭവമായിരിക്കും.

ഉപവാസത്താൽ ആത്മീയനന്മകൾകൊണ്ട് നമ്മുടെ മനസ്സ് സമ്പന്നമാ കുകയും പ്രാർത്ഥന ഹൃദയത്തെ വിശുദ്ധീകരിക്കയും നമ്മൾ പരിശുദ്ധ ത്രിത്വത്തിന്റെ വാസസ്ഥലമാകുകയും ചെയ്യുന്നു. ഈശോയുടെ സ്നേഹ വലയത്തിലാകുന്ന നമുക്കു ദൈവത്തോട് ഉറ്റബന്ധം പുലർത്താൻ സാധി ക്കുന്നു. കാരുണ്യപ്രവൃത്തികളും ദാനധർമങ്ങളും സഹോദരങ്ങളുമാ യുള്ള നമ്മുടെ ബന്ധം ശക്തിപ്പെടുത്തുന്നു. അങ്ങനെ നമ്മുടെ സഭാ ത്മകവും സാമൂഹികവുമായ ജീവിതം സന്തോഷകരമാക്കാൻ കഴിയും.

## കാരിത്താസ് ചങ്ങനാശ്ശേരി

അടിയന്തരഘട്ടങ്ങളിൽ സഹായിക്കുന്നതിനുവേണ്ടി **കാരിത്താസ് ചങ്ങനാശ്ശേരി** എന്നപേരിലുള്ള കരുതൽധനശേഖരണം വലിയനോമ്പു കാലത്ത് നടത്തിവരുന്നത് എല്ലാവരുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു. ഏതെങ്കിലുമൊരു ദിവസം ഉപവസിച്ച് സമാഹരിക്കാവുന്ന തുക ഓരോ കുടുംബവും ഇടവകയിൽ ഏല്പിക്കുകയും പ്രസ്തുത തുക ബഹു. വികാരിയച്ചന്മാർ ഈ നോമ്പുകാലത്തുതന്നെ അതിരൂപതാ സാമ്പത്തികകാര്യാലയത്തിലെത്തിക്കുകയും ചെയ്യണമെന്നഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമ്ശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും റൂഹാദ്ക്കുദ്ശായുടെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

ദനഹാക്കാലം അഞ്ചാംവെള്ളി
സകലമരിച്ചവരുടെയും തിരുനാൾ

09.02.2024

---

**NB:** ***2024 ഫെബ്രുവരി 11 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട ഇടയലേഖനം*

സർക്കുലർ
24 Ch. 299 - 381

# വിശ്വാസപ്രമാണത്തിലെ 'പിതാവിൽനിന്നും– പുത്രനിൽനിന്നും – പുറപ്പെടുന്ന' എന്നതിനെക്കുറിച്ച്

സീറോമലബാർസഭയുടെ കുർബാനക്രമത്തിൽ ചേർത്തിരിക്കുന്ന വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിച്ചിരിക്കുന്നത് ഇപ്രകാരമാണ്: 'പിതാവിൽനിന്നും–പുത്രനിൽനിന്നും–പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'പുത്രനിൽനിന്നും' എന്ന പദത്തിന്റെ ആരംഭത്തിലും അവസാനവും 'ഹൈഫൻ'(-) ചേർത്ത് അൽപം വേർതിരിച്ചാണ് നൽകിയിരിക്കുന്നത്. വിശ്വാസപ്രമാണം ഏറ്റുപറയുമ്പോൾ 'പുത്രനിൽനിന്നും' എന്നത് ചൊല്ലുകയോ ചൊല്ലാതിരിക്കുകയോ ചെയ്യാം എന്നാണതിന്റെ സൂചന. അതായത് ഈ പദം ഐച്ഛികമാണ്. ഈ ഐച്ഛികം ഉപയോഗിക്കുന്നതിനെക്കുറിച്ച് സോഷ്യൽമീഡിയയിൽ ചില ചർച്ചകൾ നടക്കുന്നതായി അറിയുന്നു. ചില തെറ്റായവ്യാഖ്യാനങ്ങളും പ്രസ്താവനകളും ഇതുസംബന്ധിച്ച് ഉണ്ടാകുന്നുണ്ട്. പലരെയും അത് ചിന്താക്കുഴപ്പത്തിലാക്കുന്നു. ഈ പദപ്രയോഗത്തിന്റെ പിന്നിലെ സത്യാവസ്ഥ എന്തെന്ന് അറിയാത്തതുകൊണ്ടാണ് ഇതുസംഭവിക്കുന്നത്. അതിനാൽ ചില കാര്യങ്ങൾ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

### കുർബാനക്രമത്തിൽ ചേർത്തിരിക്കുന്ന വിശ്വാസപ്രമാണം ഏത്?

ശ്ലീഹന്മാരിലൂടെ കൈമാറിക്കിട്ടിയതാണ് സഭയുടെ വിശ്വാസരഹസ്യങ്ങൾ. ദൈവികവെളിപാടാണ് അവയുടെ ഉറവിടം. ദൈവനിവേശിതങ്ങളായി സഭ അംഗീകരിച്ചിരിക്കുന്ന വിശുദ്ധലിഖിതങ്ങളും സഭയുടെ വിശുദ്ധപാരമ്പര്യവുമാണ് വിശ്വാസരഹസ്യങ്ങളുടെ കലവറ. ഈ വിശ്വാസസത്യങ്ങൾ ആദിമസഭയിൽ കൈമാറപ്പെട്ടത് വിശുദ്ധ

ലിഖിതങ്ങളിലൂടെയും ആരാധനക്രമത്തിലൂടെയും ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും ജീവിതവും പ്രബോധനങ്ങളുംവഴി യുമാണ്. ഈ വിശ്വാസരഹസ്യങ്ങൾ ഭാവിതലമുറയ്ക്കുവേണ്ടി അഭംഗുരം സംരക്ഷിക്കപ്പെടുന്നതിനും അവയുടെ സാരാംശം സഭയി ലെല്ലായിടത്തും ഒരേപോലെ പ്രഘോഷിക്കപ്പെടുന്നതിനും അബദ്ധ പഠനങ്ങളെ അപലപിക്കുന്നതിനുമായി സഭയിലെ പിതാക്കന്മാർ എ.ഡി. 325 ൽ നിഖ്യാ എന്നസ്ഥലത്ത് ഒരു സൂനഹദോസ് വിളിച്ചു കൂട്ടി. പരിശുദ്ധത്രിത്വത്തിലെ രണ്ടാമാളായ പുത്രനായ ദൈവം ദൈവ ത്വത്തിൽ പിതാവായ ദൈവത്തിന് സമനല്ലെന്നും പിതാവിനോടുകൂടെ ഏകസത്തയല്ലെന്നും പിതാവിനൊപ്പം നിത്യനല്ലെന്നും ആരിയൂസ് എന്ന അലക്സാണ്ട്രിയൻ വൈദികൻ പഠിപ്പിച്ചു. അതായത്, പുത്ര നായ മ്ശിഹാ പൂർണദൈവമല്ലെന്നുള്ള അബദ്ധപഠനമാണ് അദ്ദേഹം പ്രചരിപ്പിച്ചത്. ഇതാണ് ആര്യൻ പാഷണ്ഡത. ഇതിനെതിരെ സത്യ വിശ്വാസം പഠിപ്പിക്കുകയും പുത്രന്റെ പൂർണദൈവത്വം പ്രഖ്യാപിക്കു കയുമായിരുന്നു നിഖ്യാസൂനഹദോസിന്റെ മുഖ്യലക്ഷ്യം. ഇതാണ് തിരുസഭയിലെ ആദ്യത്തെ സാർവത്രികസൂനഹദോസായി അംഗീ കരിക്കപ്പെട്ടിരിക്കുന്ന നിഖ്യാസൂനഹദോസ്. ഈ സൂനഹദോസിൽ വച്ച് സഭയിലെങ്ങും സ്വീകരിച്ചേറ്റുപറയേണ്ട വിശ്വാസരഹസ്യങ്ങൾ നിശ്ചയിക്കപ്പെട്ടു. അതാണ് നിഖ്യാവിശ്വാസപ്രമാണം.

പരിശുദ്ധത്രിത്വത്തിലെ രണ്ടാമാളായ പുത്രനെക്കുറിച്ച് നിഖ്യാ വിശ്വാസപ്രമാണത്തിൽ ചേർത്തിരിക്കുന്നത്, **“........പിതാവിൽനിന്ന് ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും...... സത്യദൈവ ത്തിൽനിന്നുള്ള സത്യദൈവവും പിതാവിനോടുകൂടെ ഏകസത്ത യുമാകുന്നു........”** എന്നാണ്.

റൂഹാദ്ക്കുദ്ശായുടെ ഉത്ഭവത്തെക്കുറിച്ച് പ്രത്യേകിച്ചൊന്നും പറയാതെ **‘പരിശുദ്ധാത്മാവിലും വിശ്വസിക്കുന്നു’** എന്നുമാത്രമാണ് 325 ലെ നിഖ്യാവിശ്വാസപ്രമാണത്തിൽ ചേർത്തിരിക്കുന്നത്. സഭയിലെ രണ്ടാമത്തെ സാർവത്രികസൂനഹദോസ് 381 ൽ കോൺസ്റ്റാന്റിനോപ്പി ളിൽ സമ്മേളിച്ചു. ഈ സൂനഹദോസിൽ റൂഹാദ്ക്കുദ്ശായെക്കുറിച്ച് നിഖ്യാസൂനഹദോസ് പറഞ്ഞതിനെ പരിഷ്കരിച്ച് **‘പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക പരിശുദ്ധാ ത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു’** എന്നാക്കി. ‘മാസിഡോണിസം’ എന്ന അബദ്ധപഠനത്തിനെതിരായിട്ടാണ് ഈ മാറ്റം വരുത്തിയത്. പിതാവിനുതാഴെയാണ് പുത്രനെന്നും പിതാവിനും പുത്രനും താഴെ

യാണ് പരിശുദ്ധാത്മാവെന്നുമുള്ള അബദ്ധപഠനമാണ് മാസിഡോണിസം; അതായത് പരിശുദ്ധാത്മാവും പൂർണദൈവമല്ലെന്നുള്ളത്.

ഇപ്രകാരം നിഖ്യാ (എ.ഡി. 325), കോൺസ്റ്റാന്റിനോപ്പിൾ (എ.ഡി. 381) എന്നീ രണ്ട് സാർവത്രികസൂനഹദോസുകളിലായി നിർണയിക്കപ്പെട്ട വിശ്വാസപ്രമാണം എല്ലാ സഭകളും അംഗീകരിച്ച് സ്വീകരിച്ചുപോന്നു. അതിനാൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം എന്നും ഇതറിയപ്പെടുന്നു.

**വിശ്വാസപ്രമാണത്തിൽ വരുത്തിയ മാറ്റം (പിതാവിൽനിന്നും പുത്രനിൽനിന്നും)**

സഭയിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്ന മേൽപറഞ്ഞ വിശ്വാസപ്രമാണത്തിൽ പിന്നീട് ഒരു മാറ്റം സംഭവിച്ചു. അതായത്, 'പിതാവിൽനിന്ന് പുറപ്പെടുന്ന' എന്നതിനുപകരം 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന.......... പരിശുദ്ധാത്മാവിലും' എന്നൊരു മാറ്റം. അഞ്ചാംനൂറ്റാണ്ടിനുശേഷം സ്പെയിനിലെയും ജർമനിയിലെയും ലത്തീൻസഭയിലെ ചില പ്രാദേശികസൂനഹദോസുകളാണ് ഈ മാറ്റം വരുത്തിയത്. 589 ൽ സ്പെയിനിലെ ടൊളേദോയിൽ ചേർന്ന സൂനഹദോസാണ് ആദ്യമായി നിഖ്യാവിശ്വാസപ്രമാണത്തിൽ ഇങ്ങനെയൊരു കൂട്ടിച്ചേർക്കൽ നടത്തിയത്.

എക്യുമെനിക്കൽ കൗൺസിലുകൾ അംഗീകരിക്കുകയും തിരുസഭയിലെങ്ങും സ്വീകരിക്കപ്പെടുകയും ചെയ്ത വിശ്വാസപ്രമാണത്തിൽ, പൗരസ്ത്യസഭകളോട് ആലോചിക്കാതെ ലത്തീൻസഭ ഏകപക്ഷീയമായി വരുത്തിയ മാറ്റം തികച്ചും അനുചിതമായിപ്പോയി എന്ന വിമർശനങ്ങളുണ്ടായി. ഈ വിവാദം ദീർഘകാലം നിലനിന്നു. പൗരസ്ത്യസഭ ഈ കൂട്ടിച്ചേർക്കൽ അംഗീകരിച്ചിരുന്നില്ല. പുത്രന്റെയും റൂഹാദ്ക്കുദ്ശായുടെയും ഉറവിടം ഒന്നുതന്നെയാണെന്നും അത് പിതാവാണെന്നുമാണ് പൗരസ്ത്യസഭകളുടെ നിലപാട്. 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്നു പറയുമ്പോൾ പരിശുദ്ധാത്മാവ് രണ്ട് ഉറവിടങ്ങളിൽനിന്ന് പുറപ്പെടുന്നുയെന്ന പ്രതീതിയാണുണ്ടാകുന്നത്.

ഏതായാലും വിശ്വാസപ്രമാണത്തിലെ ഈ കൂട്ടിച്ചേർക്കൽ പൗരസ്ത്യ-പാശ്ചാത്യസഭകൾ തമ്മിൽ ഭിന്നതയുണ്ടാകാൻ ഒരു കാരണമായി. പതിനൊന്നാം നൂറ്റാണ്ടിലുണ്ടായ ഒരു ശീശ്മയ്ക്ക് ഇത് വഴിയൊരുക്കുകയും ചെയ്തു. ലത്തീൻസഭയിലുണ്ടായ 'പുത്രനിൽനിന്നും' എന്ന ഈ കൂട്ടിച്ചേർക്കൽ പൗരസ്ത്യസഭകളും സ്വീകരിക്കണ

മെന്നുള്ള സമ്മർദം പൗരസ്ത്യസഭകളുടെമേലുണ്ടായി. പല പൗരസ്ത്യകത്തോലിക്കാസഭകളും അതിന് വിധേയപ്പെടേണ്ടിവരികയും ചെയ്തു.

'പുത്രനിൽനിന്നും' എന്ന് കൂട്ടിച്ചേർത്തതിനെ സൈദ്ധാന്തികമായി മാർപാപ്പാമാർ അംഗീകരിച്ചെങ്കിലും, നിഖ്യാ-കോൺസ്റ്റാൻറിനോപ്പിൾ വിശ്വാസപ്രമാണത്തിൽ അത് എഴുതിച്ചേർക്കുന്നതിനോട് പൊതുവേ അനുകൂലമല്ലായിരുന്നു. എങ്കിലും പല സമ്മർദങ്ങളുടെയും ഫലമായി ഈ കൂട്ടിച്ചേർക്കൽ ലത്തീൻസഭയിൽ ക്രമേണ അംഗീകരിക്കപ്പെട്ടു. പിന്നീട് പൗരസ്ത്യസഭകളിലും ഈ കൂട്ടിച്ചേർക്കൽ നിർബന്ധിതമാക്കി.

പതിനഞ്ചാം നൂറ്റാണ്ടിൽ ഫ്ളോറൻസ് സൂനഹദോസിൽ (1438-1445) ലത്തീൻസഭയും പൗരസ്ത്യഗ്രീക്കുസഭയും തമ്മിൽ വിവാദവിഷയം സംബന്ധിച്ച് ഒരു ധാരണയുണ്ടായി. അതായത്, 'പുത്രനിലൂടെ' പുറപ്പെടുന്ന പരിശുദ്ധാത്മാവിലും എന്ന ഗ്രീക്കുസഭാനിലപാടും 'പുത്രനിൽനിന്നും' പുറപ്പെടുന്ന പരിശുദ്ധാത്മാവിലും എന്ന ലത്തീൻ നിലപാടും സത്താപരമായി ഒരേ അർത്ഥംതന്നെ ദ്യോതിപ്പിക്കുന്നു എന്നതായിരുന്നു പരസ്പരധാരണ. ഈ ധാരണപത്രം ഇരുസഭകളും അംഗീകരിച്ച് ഒപ്പിട്ടെങ്കിലും, പിന്നീട് ഗ്രീക്കുസഭകൾ അതിൽനിന്ന് പിൻവാങ്ങി.

പൗരസ്ത്യസുറിയാനിപാരമ്പര്യത്തിൽ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന്റെ പുരാതനരൂപം (പുത്രനിൽനിന്നും എന്ന കൂട്ടിച്ചേർക്കലില്ലാതെ) ആണ് ഉപയോഗിച്ചുപോന്നിരുന്നത്. എന്നാൽ 16-ാം നൂറ്റാണ്ടിൽ കൽദായസുറിയാനിസഭയിലും ലത്തീൻ സഭയിലേതുപോലെ മാറ്റം വരുത്താൻ നിർബന്ധിക്കപ്പെട്ടു. അതിന്റെ തുടർച്ചയെന്നോണം മറ്റു സമ്മർദങ്ങൾമൂലവും കേരളത്തിലെ മാർ തോമാനസ്രാണിസഭയിലും 'പുത്രനിൽനിന്നും' എന്ന കൂട്ടിച്ചേർക്കൽ പ്രയോഗത്തിലായി തുടങ്ങിയിരിക്കണം. 1599 ലെ ഉദയംപേരൂർ സൂനഹദോസിനുശേഷം അത് ഉറപ്പുവരുത്തുകയും ചെയ്തു.

മൂന്നുനൂറ്റാണ്ടോളം ദീർഘിച്ച ലത്തീൻഭരണത്തിൻകീഴിൽ സീറോ മലബാർസഭ വളരെയേറെ ലത്തീനീകരിക്കപ്പെട്ടു. പൗരസ്ത്യസുറിയാനിറീത്തിന്റെ തനിമയും വ്യക്തിത്വവും വീണ്ടെടുക്കുകയെന്നത് ഇവിടത്തെ വിശ്വാസികളുടെ ആഗ്രഹവും പരിശുദ്ധസിംഹാസനത്തിന്റെ നിശ്ചയവുമായിരുന്നു. പൗരസ്ത്യസഭകൾ സ്വന്തം പാരമ്പര്യങ്ങളിൽ

നിന്ന് വ്യതിചലിച്ചുപോയിട്ടുണ്ടെങ്കിൽ പഴയതിലേയ്ക്ക് തിരിച്ചു വരേണ്ടതാണെന്ന് രണ്ടാം വത്തിക്കാൻകൗൺസിൽ വ്യക്തമായി പഠിപ്പിക്കുകയും ചെയ്തു.

ഈ പശ്ചാത്തലത്തിൽ സീറോമലബാർസഭയുടെ ആരാധനക്രമ പരിഷ്കരണത്തിന്റെ ഭാഗമായി പുനരുദ്ധരിക്കപ്പെട്ട കുർബാനക്രമത്തിൽ ചേർത്തിരിക്കുന്ന വിശ്വാസപ്രമാണത്തിൽ 'പുത്രനിൽനിന്നും' എന്നത് ഐച്ഛികമാണ്. വത്തിക്കാൻ കൗൺസിലിന് മുമ്പുതന്നെ ഇങ്ങനെയൊരു മാർഗനിർദേശം റോമിൽനിന്ന് നൽകിയിട്ടുള്ളതാണ്. ഇതേക്കുറിച്ച് 1959 ൽ പൗരസ്ത്യസഭാകാര്യാലയത്തിൽനിന്ന് സീറോമലബാർസഭയ്ക്കായി പ്രസിദ്ധീകരിച്ച 'കൂദാശയുടെ ആഘോഷക്രമം' *(Ordo)* എന്ന അനുഷ്ഠാനവിധിയിൽ നിർദേശിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

> ''സ്ഥലത്തെ മെത്രാന്റെ തീരുമാനപ്രകാരം 'പുത്രനിൽ നിന്നും' *(Filioque)* എന്നത് ചൊല്ലുകയോ ഒഴിവാക്കുകയോ ചെയ്യാം.'' (ലത്തീൻഭാഷയിൽനിന്നുള്ള മലയാള വിവർത്തനം, no. 29).'

ഒരു ഒത്തുതീർപ്പുപരിഹാരം എന്നനിലയിലാണ് പൗരസ്ത്യസഭാകാര്യാലയം ഇപ്രകാരമൊരു മാർഗനിർദേശം നൽകിയിരിക്കുന്നത്. അതായത്, വിശ്വാസപ്രമാണത്തിൽ പരിശുദ്ധാത്മാവിലുള്ള വിശ്വാസം ഏറ്റുപറയുന്നതുസംബന്ധിച്ച് തിരുസഭയിൽ സാർവത്രികമായി അംഗീകരിക്കപ്പെട്ടിരുന്ന പുരാതനരീതിയിൽനിന്ന് പിന്നീട് പാശ്ചാത്യസഭയിൽ ഒരു മാറ്റം വരുത്തുകയും പല പൗരസ്ത്യസഭകളും അത് സ്വീകരിക്കാൻ നിർബന്ധിക്കപ്പെടുകയും ചെയ്തു. ദീർഘകാലം ലത്തീൻഭരണത്തിൻകീഴിൽ കഴിയേണ്ടിവന്ന മാർതോമാനസ്രാണി സഭയും അതിന് വിധേയപ്പെടേണ്ടിവന്നു. മുകളിൽ സൂചിപ്പിച്ചതുപോലെ, സീറോമലബാർസഭയിൽ ഈ വിഷയത്തിൽ രണ്ട് ആശയഗതികൾ ഉടലെടുക്കാൻ ഈ സ്ഥിതിവിശേഷമിടയാക്കി. ഇതിന്റെ പേരിൽ സഭയിൽ അനൈക്യവും ഭിന്നതയും വളർന്ന് അച്ചടക്കരാഹിത്യം സംജാതമാകാതിരിക്കാൻ, ലത്തീൻരീതിയിൽ വേണമെന്നാഗ്രഹിക്കുന്നവർക്ക് അതിനുള്ള സാധ്യതയും അംഗീകരിക്കുന്നതാണ് മേൽപറഞ്ഞ ഒത്തുതീർപ്പുഫോർമുല. അത് നിശ്ചയിക്കാനുള്ള അധികാരം രൂപതാദ്ധ്യക്ഷനിൽ നിക്ഷിപ്തമാക്കുകയും ചെയ്തിരിക്കുന്നു.

പരിശുദ്ധ കുർബാനയർപ്പണത്തിൽ അൾത്താരാഭിമുഖം (കിഴക്കിനഭിമുഖം) ജനാഭിമുഖം എന്നീ വ്യത്യസ്തനിലപാടുകളുടെ പേരിലു

ണ്ടായ ഭിന്നത പരിഹരിച്ച് ഐക്യവും സമാധാനവും സംജാതമാകാൻ സിനഡ് അംഗീകരിച്ച ഐക്യഫോർമുലയ്ക്ക് സമാനമായ ഒന്നാണ് വിശ്വാസപ്രമാണത്തിന്റെ കാര്യത്തിലും എടുത്തിട്ടുള്ളത്. 'പുത്രനിൽ നിന്നും' എന്നത് ഒഴിവാക്കണമെന്ന നിർദേശമാണ് ചങ്ങനാശ്ശേരി അതിരൂപതയിൽ നൽകിയിരിക്കുന്നത്.

തെയദോറിന്റെയും നെസ്തോറിയസിന്റെയും കൂദാശക്രമത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്തെന്നറിയുന്നത് ഇവിടെ പ്രസക്തമാണ്. തെയദോറിന്റെ കൂദാശക്രമത്തിലെ രണ്ടാം പ്രണാമജപത്തിൽ ഇപ്രകാരമാണ്: **'പിതാവായ അങ്ങിൽനിന്നുള്ള വനും സത്യാത്മാവുമായ പരിശുദ്ധാത്മാവ്....'.**

നെസ്തോറിയസിന്റെ കൂദാശക്രമത്തിലെ രണ്ടാം പ്രണാമജപം:

> ''അങ്ങിൽനിന്ന് (=പിതാവിൽനിന്ന്) പുറപ്പെടുന്നവനും അങ്ങയുടെ ദൈവത്വത്തിന്റെ അദൃശ്യസ്വഭാവം ഉള്ളവ നുമായ പരിശുദ്ധാത്മാവ്...''

നെസ്തോറിയസിന്റെ കൂദാശക്രമത്തിലെ നാലാം പ്രണാമജപം:

> ''പിതാവേ അങ്ങിൽനിന്ന് പുറപ്പെടുകയും അങ്ങയോടും അങ്ങയുടെ ഏകജാതനോടുംകൂടെ ഒരുപോലെ എല്ലാവ രാലും ആരാധിക്കപ്പെടുകയും...., അങ്ങയുടെ ദൈവത്വ ത്തിന്റെ മഹനീയസത്തയിൽനിന്നുള്ള സത്യത്തിന്റെ ആത്മാവായ പരിശുദ്ധാരൂപിയെയും ഞങ്ങൾ ഏറ്റുപറ യുന്നു.''

ഈശോയിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**NB:** *ബഹു. വൈദികർ ഈ സർക്കുലർ പള്ളിയിൽ വായിച്ച് വിശ്വാസി കൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്. അതിരൂപതയിലെ വിശ്വാസി കൾക്കുമുഴുവൻ ഇക്കാര്യങ്ങൾ ശരിയായി മനസ്സിലാക്കികൊടുക്കേണ്ട തിന് സംഘടനകളിലും കുടുംബക്കൂട്ടായ്മകളിലും ഇതിലെ ഉള്ളടക്കം പഠനവിഷയമാക്കണമെന്നഭ്യർത്ഥിക്കുന്നു.*

C. 24/ GL 40 23.02.2024

# പിതാവിന്റെ കത്ത്

ബഹുമാനപ്പെട്ട അച്ചന്മാരേ, സമർപ്പിതരേ, സഹോദരങ്ങളേ

മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ ഒന്നാം ചരമവാർഷികം ഈ വരുന്ന മാർച്ച് പതിനെട്ടിനാണെന്ന് അറിയാമല്ലോ. അന്നേദിവസം രാവിലെ 11:30 ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ പിതാവിനുവേണ്ടിയുള്ള അനുസ്മരണക്കുർബാനയും പ്രാർത്ഥനയും നടത്തപ്പെടുന്നതാണ്. പരിശുദ്ധ കുർബാനയ്ക്കു നമ്മുടെ സഭയുടെ മേജർ ആർച്ചുബിഷപ് അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പ്പിതാവും കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവും ചങ്ങനാശ്ശേരി പ്രോവിൻസിലെ അഭിവന്ദ്യ പിതാക്കന്മാരും സംബന്ധിക്കുന്നുണ്ട്. പരിശുദ്ധ കുർബാനയ്ക്കുമുമ്പ്, രാവിലെ 9:30 മുതൽ പിതാവിന്റെ പേരിലുള്ള പ്രഥമ അനുസ്മരണ സിംപോസിയവും ഉണ്ടായിരിക്കുന്നതാണ്.

ഈ ചടങ്ങുകളിൽ പങ്കെടുത്ത് പവ്വത്തിൽപിതാവിനോടുള്ള നമ്മുടെ സ്നേഹാദരവുകൾ പ്രകടിപ്പിക്കാനും പിതാവിനുവേണ്ടി പരിശുദ്ധ കുർബാനയർപ്പിച്ച് പ്രാർത്ഥിക്കാനും നിങ്ങളേവരെയും ഞാൻ സ്നേഹപൂർവം ക്ഷണിക്കുന്നു. പരിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിന് ബഹു. വൈദികർ തിരുവസ്ത്രങ്ങൾ കൊണ്ടുവരണമെന്ന് ഓർമിപ്പിക്കുന്നു.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത

C. 24/ GL. 41 25.02.2024

## അതിരൂപതയിൽ അജപാലനശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന എല്ലാ വൈദികരുടെയും മറ്റു ബന്ധപ്പെട്ടവരുടെയും പ്രത്യേകശ്രദ്ധയ്ക്ക്

പ്രിയപ്പെട്ട വൈദികരേ, സഹോദരങ്ങളേ

സഭയുടെ ഏറ്റവും പ്രധാനപ്പെട്ടതും വിശിഷ്ടവും ഫലദായകവും പരിശുദ്ധവുമായ പ്രവൃത്തികളാണ് ആരാധനാകർമങ്ങൾ. 'ആരാധനക്രമത്തിലെ ഓരോ തിരുക്കർമവും പുരോഹിതനായ മ്ശിഹായുടെയും അവിടുത്തെ ശരീരമായ സഭയുടെയും പ്രവൃത്തിയാകയാൽ വിശുദ്ധവും ഉത്കൃഷ്ടവുമാണെന്നുവരുന്നു. സഭയുടെ മറ്റു യാതൊരു പ്രവർത്തനവും വൈശിഷ്ട്യത്തിലും ഫലദായകത്വത്തിലും ഇവയെ പിന്നിലാക്കാൻ പോരുന്നതല്ലതന്നെ' (SC 7) എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ പറയുന്നു.


ആരാധനക്രമത്തിന്റെ വൈശിഷ്ട്യത്തിനും വിശുദ്ധിയ്ക്കും ചേർന്ന വിധം നമ്മൾ അതനുഷ്ഠിക്കുകയും അതിനായി ഒരുങ്ങുകയും അനുബന്ധകാര്യങ്ങളിൽ ശ്രദ്ധിക്കുകയുംവേണം. വിശ്വാസികളേവർക്കും ഇക്കാര്യങ്ങളിൽ അറിവും പരിശീലനവും നൽകാൻ അജപാലകർക്ക് വലിയ ഉത്തരവാദിത്തമുണ്ട്. അതിനുസഹായകരമായ പ്രബോധനങ്ങളും മാർഗനിർദേശങ്ങളും പലപ്പോഴായി നൽകിയിട്ടുണ്ട്. അടുത്തകാലത്ത് 'ആരാധനാജീവിതം: അനുബന്ധമാർഗനിർദേശങ്ങൾ' എന്ന തലക്കെട്ടിൽ വേദപ്രചാരമദ്ധ്യസ്ഥനിലൂടെ (2023 ജൂൺ, ജൂലൈ, ഒക്ടോബർ, ഡിസംബർ ലക്കങ്ങൾ) മാർഗനിർദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇവയൊന്നും വേണ്ടഗൗരവത്തോടെ പ്രാവർത്തികമാക്കാനോ വിശ്വാസികളുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ പരിശീലനം നൽകാനോ ചുമതലപ്പെട്ടവർ പലരും ശ്രമിക്കുന്നില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിനാൽ ബഹുമാനപ്പെട്ട വൈദികരെ വീണ്ടും ഇക്കാര്യം ഞാൻ ഓർമിപ്പിക്കുകയാണ്, അതിരൂപതാമേലധ്യക്ഷൻ നൽകുന്ന മാർഗനിർദേശങ്ങൾ കൃത്യനിഷ്ഠയോടെ പാലിക്കണമെന്ന്.

ഇതിനുമുമ്പു നൽകിയിട്ടുള്ള മാർഗനിർദേശങ്ങൾ ഇനിയും ശ്രദ്ധി ക്കാത്തവർ കാലതാമസം വരുത്താതെ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്ത്രധാരണത്തെക്കുറിച്ച് 2023 ജൂൺലക്കം വേദപ്രചാരമദ്ധ്യ സ്ഥനിൽ എഴുതിയിരിക്കുന്നത് പ്രത്യേകംശ്രദ്ധിക്കണമെന്ന് താൽപര്യ പ്പെടുന്നു. വിവാഹാവസരത്തിൽ വധുവും മറ്റും ധരിക്കുന്ന വസ്ത്രം വിവാഹത്തിന്റെ പരിശുദ്ധിയ്ക്കും വ്യക്തിയുടെ മാന്യതയ്ക്കും ചേരാ ത്തതായി മാറുന്നുയെന്ന പരാതി പലരിൽനിന്നും കേൾക്കാനിടയാ യിട്ടുണ്ട്. വസ്ത്രധാരണം മാന്യവും ഇടർച്ചയ്ക്കു കാരണമാകാത്ത തുമായിരിക്കാൻ ശ്രദ്ധിക്കണമെന്ന് വീണ്ടും ഓർമിപ്പിക്കുന്നു.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത




# I

## TRANSFERS & APPOINTMENTS OF VICARS, DIRECTORS

| Very Rev./Rev. Fr. | Transferred from | Transferred to |
|---|---|---|
| Ampalathumparampil Francis | Manalady | Medical Leave |
| Anchil Mathew | Kollam - Ayoor F. | Vicar, Punnavely |
| Arackal Varghese | | Vicar, Vavode (addl.) |
| Aranjaniyil Geevarghese | Kumarakom Vadakumkkara | German Language Study |
| Aryankala Thomas | Koilmuck St. Joseph's f. | Vicar, Ramankary |
| Athikalam James | Chennamkary | Vicar, Eravuchira |
| Chalackal Sebastian | Vallamchira | Priest-in-charge, Cheeramattam f. |
| Chempilakam Joseph | Venchempu, Narikkal | Vicar, Kainakary |
| Chethipuzha Jacob | Thayankary | Priest-in-charge, Koilmuck f. |
| Chorattuchamakala Joseph | Karuvatta | Asst. Director, CHASS |
| Chundakattil James | Kavalam St. Joseph's | Vicar, Nalpathimala |
| Edamuriyil Chacko | LMCET Eng. College Hostel | Priest-in-charge Nedumangad, MBA Study |
| Erupathil Zachariah | Nedumkunnam F. | Vicar, Mallappally |
| Kakkaparambil Antony | Thazhathangady | Vicar, Peroorkada |
| Kampiyil Thomas | Kainakary | Vicar, Kainady |
| Kanicherril Varghese | Punnavely | Vicar, Kavalam St. Joseph's |
| Kanjiravelil Thomas | | Vicar, Thottuvathala (addl.) |
| Kappamuttil George | Kainady | Vicar, Puthukary |
| Karikandathil Elias | Alappuzha F. | Priest-in-charge, Pandankary f. |
| Karinganamattam Joseph | Pulincunnoo F. | Priest-in-charge, Kesavadaspuram f. |

| | | |
|---|---|---|
| Kattoor Thomas | Purakkad | Vicar, Manalady |
| Kokkavayalil James | | Director, Ecumenism & Inter Religious Dialogue (addl.) |
| Kollara Joseph | Viruppala | Director, Archeparchial Historical Institute, Vadavathoor (resi.) |
| Kudilil James | Vadavathoor | Vicar, Thayankary,<br>Vice Postulator, Servant of God Puthenparampil Thommachan |
| Kunnakattuthara Zacharias | Priest Home Ithithanam | Vicar, Pallikunnu & Manager, Pallikunnu Estate |
| Kunnumpuram Thomas | Eravuchira | Vicar, Vadavathoor |
| Kuriannurparambil Joseph | Nalpathimala | Vicar, Veliyanad St. Xavier's |
| Kurinjiparampil Sebastian | | Vicar, Vettithuruth f. (addl.) |
| Kuttickal Antony MCBS | Kaduvakulam | Relieved |
| Makkiyil Devasia MCBS | | Vicar, Kaduvakulam |
| Malyeckal Matthew | | Social Media Co-ordinator<br>& Contact person,<br>Syro Malabar Vision |
| Mancherikalam Sebastian | Thekkupara, Rajagiri | Relieved |
| Manilal Cris OFM Conventuals | | Spiritual Counsellor,<br>Alappuzha F. |
| Mathilakathukuzhy Varghese | Ramankary | Relieved; Edathua (resi.) |
| Moonnuparayil Varghese | Kodinattumkunnu | Vicar, Kumaramkary |
| Muttel Thomas | Pandankary | Vicar, Venchempu, Narikkal |
| Nambimadam Varghese | Vettithuruth f. | Vicar, Vallamchira |
| Nambisserykalam Varghese | Thathampally | Vicar, Thekkupara, Rajagiri |
| Nelluvely Emmanuel | Veliyanadu St. Xavier's | Vicar, Kollam-Ayoor F.,<br>Cheriyavelinalloor |
| Nelpurackal Alexander | Pallikunnu | Vicar, Chennamkary West |
| Pakalomattam Joseph | Kumaramkary | Vicar, Mahendrapuram |
| Palamattam Alexander | | Vicar, Pandalam (addl.) |
| Parathottal Thomas | Pallikoottumma | Vicar, Kattachira |
| Pazhayamadam Varghese | Thottuvathala | Etawah |
| Porookara Antony | Ithithanam | Retired, Chaplain LSDP Generalate , Kunnathanam |
| Pulichumackel James MCBS | | Vicar, Karuvatta |
| Pullukattu Francis | Pandalam | Vicar, Ithithanam |
| Puthenchira Jose | | Asso. Director, Chethipuzha Hospital & Vicar, Pallikoottumma |

| | | |
|---|---|---|
| Puthenpura Kurian | Kattachira | Retired (Vicar, Purakkad) |
| Puthenpurackal Thomas (Aji) | Peroorkada | Medical Leave |
| Puthenpurackal Thomas (Sr) | Vavode | Vicar, Kumarakom Vadakkumkara |
| Puthiyidam Thomas | Chethipuzha Hospital | Relieved |
| Puthumanamoozhiyil George | Mahendrapuram | Vicar, Viruppala f. |
| Puthuvelil Varghese | Kesavadasapuram f. | Vicar, Thekkekara St. Sebastian's, Archeparchial House Procurator |
| Thekkepurathu Jose | | Vicar, Thazhathangady (addl.) |
| Thumpayil Thomas | LSDP Kunnamthanam | Priest Home, Ithithanam |
| Thyparampil Augustine | Mallappally | Director, Priest Home Ithithanam |
| Thyparampil Martin | Puthukary | Spiritual Director, Chethipuzha Hospital |
| Velamparampil Sebastian HGN | | Chaplain, Alappuzha Mother Teresa Home, Purakkadu (resi.) |
| Veliyath George | Thekkekara St. Sebastian's, House Procurator | German Language Study |

## TRANSFERS & APPOINTMENTS OF PAROCHIAL VICARS

| Rev. Fr. | Transferred from | Transferred to |
|---|---|---|
| Arackathara Antony | | Paro. Vicar, Kottayam F. |
| Chavarakudilil Wilson CMI | | Paro. Vicar, Chethipuzha |
| Chorettu Joseph | | Paro. Vicar, Paippadu St. Thomas |
| Elackad Joji Varghese MCBS | Manimala F. | Relieved |
| Elavummoottil Xavier | | Paro. Vicar, Pacha-Chekkidikad |
| Ethirettu Kudilil Antony | | Paro. Vicar, Kudmaloor F. |
| Ezharayathu Xavier CSsR | Poonthope | Relieved |
| Kaithakalam Cyril MCBS | Pulincunnoo F. | Paro. Vicar, Athirampuzha F. |
| Kalathiparampil Sebastian | | Paro. Vicar, Manimala F. |
| Kalathiveettil Jacob | | Paro. Vicar, Pulincunnoo F. |
| Kattathara Yohannan | | Paro. Vicar, Parampuzha |
| Kavanattu Mathew | | Paro. Vicar, Changanacherry Metropolitan |
| Keeramchira Joseph | Jaipur Mission | Language Study |
| Kidangeth Sebastian O. Praem | Punnathura | Relieved |

| | | |
|---|---|---|
| Kizhakethalackal Antony | Amboori F. | Paro. Vicar, Mammoodu |
| Koilparampil Henry | Edathua-Koilmuck F. | Paro. Vicar, Athirampuzha F. |
| Kunnutharaputhuval Sijo CMI | Chethipuzha | Relieved |
| Kurasserry Joseph | | Paro. Vicar, Champakara |
| Mammoottil Sebastian | | Paro. Vicar, Athirampuzha F. |
| Manayath Sebastian | | Paro. Vicar, Edathua-Koilmuck F. |
| Marangattu Mathew | | Paro. Vicar, Nedumkunnam F. |
| Munduvelil Joseph | | Paro. Vicar, Thrickodithanam F. |
| Muriankarychirayil Mathew | Mammoodu | Relieved, SJCC Kurisummoodu (resi.) |
| Ottarackal Chacko | Ayarkunnam | Paro. Vicar, Amboori F. |
| Panjipuzha Varghese | Athirampuzha F. | Paro. Vicar, Poonthope |
| Pathinezhilchira Joseph CMI | Kottayam F. | Relieved |
| Plakuzhiyil Thomas CRM | Kurumpanadom F. | Relieved |
| Pulickal Mathew | Athirampuzha F. | Paro. Vicar, Thottackadu, Director, Vocation Bureau, Assi. Director, Sandesanilayam & CML |
| Pulickapadavil Varghese | | Asst. Director Yuvadeepti-SMYM (addl.) |
| Punnasserry Xavier | Kudamaloor F. | Paro. Vicar, Thathampally |
| Puthenpurachirathykalam Xavier | Changanacherry Metropolitan | Hostel Warden, LMCET Eng. College |
| Puthenpurayil Mathew | | Paro. Vicar, Ayarkunnam |
| Puthiyaparambil Thomas | Kottayam F. | Paro. Vicar, Punnathura |
| Puthuparampil Joseph (Robin) | | Paro. Vicar, Thiruvananthapuram F. |
| Puthuveettilkalam Joseph (Tony) | Paippadu St. Thomas | Paro. Vicar, Champakulam B. |
| Thadathil Mathew | Champakara | Paro. Vicar, Kodinattumkunnu, Media Study |
| Tharakunnel John | | Paro. Vicar, Thathampally |
| Thathakattupulickal John | Champakulam B. | Paro. Vicar, Kottayam F. |
| Theempalangattu Abraham | Parampuzha | Paro. Vicar, Alappuzha F. |
| Vadakkethalackal Jacob MCBS | | Paro. Vicar, Kaduvakulam |
| Vadakaetathu Mathew | | Paro. Vicar, Kurumpanadom F. |
| Varavukalayil Varghese | Thiruvananthapuram F. | Paro. Vicar, Pulincunnoo F. |

# II

## മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ ചരമവാർഷികം

നമ്മിൽനിന്നും വേർപിരിഞ്ഞുപോയ മാർ ജോസഫ് പവ്വത്തിൽപ്പിതാവിന്റെ ഒന്നാം ചരമവാർഷികം **2024 മാർച്ച് 18 തിങ്കളാഴ്ച** ആചരിക്കുന്നു. രാവിലെ 9.15 ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ ഹാളിൽ പിതാവിന്റെ അനുസ്മരണാർത്ഥം സിംപോസിയവും തുടർന്ന് മെത്രാപ്പോലീത്തൻപള്ളിയിൽ 11.30 ന് പരിശുദ്ധ കുർബാനയും കബറിടത്തിങ്കൽ അനുസ്മരണപ്രാർത്ഥനയുമുണ്ടായിരിക്കുന്നതാണ്. അതിരൂപതയിലെ എല്ലാ വൈദികരും ഇതിൽ പങ്കെടുക്കുമല്ലോ. പരിശുദ്ധ കുർബാനയ്ക്കുള്ള തിരുവസ്ത്രങ്ങൾ കൊണ്ടുവരേണ്ടതാണ്.

# III

## മ്ശംശാനാപട്ടം

നമ്മുടെ അതിരൂപതയ്ക്കുവേണ്ടി വിവിധ സെമിനാരികളിൽ ദൈവശാസ്ത്രപഠനം നടത്തിക്കൊണ്ടിരിക്കുന്ന വൈദികാർത്ഥികളിൽ മ്ശംശാനാപട്ടം സ്വീകരിക്കുവാൻ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് **2024 മാർച്ച് 23 ശനി രാവിലെ 6.30** ന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പ്രസ്തുത പട്ടം നൽകുന്നതാണ്. അർത്ഥികൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

# IV

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയശനി എന്നീ ദിവസങ്ങളിലെ തിരുക്കർമങ്ങൾ നമ്മുടെ ആരാധനാക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം പള്ളികളിൽ പരികർമം ചെയ്യേണ്ടതാണ്. മാർ നെസ്തോറിയസിന്റെ കൂദാശക്രമം പെസഹാവ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

# V

## വൈദികസമ്മേളനം

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദികസമ്മേളനം *(പ്രസ്ബിറ്റേറിയം)* ഈ വർഷം **ഏപ്രിൽ 02 ചൊവ്വാഴ്ച** ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ നടത്തപ്പെടുന്നു. രാവിലെ 9.45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെ

ടുക്കേണ്ടതാണ്. സമ്മേളനത്തിനുശേഷം പി.പി.എഫ്.എ. ജനറൽ ബോഡി മീറ്റിങ് ഉണ്ടായിരിക്കുന്നതാണ്.

# VI

## ദൈവവിളി ക്യാമ്പ്

ഈ വർഷത്തെ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് ആൺകുട്ടികൾക്ക് **2024 ഏപ്രിൽ 3 ബുധനാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഏപ്രിൽ 4 വ്യാഴാഴ്ച വൈകുന്നേരം 4 ന്** സമാപിക്കുന്ന വിധത്തിൽ കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ നടത്തപ്പെടുന്നതാണ്. പെൺകുട്ടികൾക്ക് ഒരുദിവസത്തെ സെമിനാർ **2024 ഏപ്രിൽ 11 വ്യാഴാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ** സന്ദേശനിലയത്തിൽ ക്രമീകരിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 200 രൂപയും പെൺകുട്ടികൾക്ക് 75 രൂപയുമാണ്. ചങ്ങനാശ്ശേരി അതിരൂപതയിലോ അതിരൂപതയ്ക്കുപുറത്തോ ദൈവവിളി സ്വീകരിക്കാൻ ആഗ്രഹിക്കുന്ന എല്ലാവരും നിർബന്ധമായും അതിരൂപത നടത്തുന്ന ഈ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തിരിക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

# VII

## 138-ാമത് അതിരൂപതാദിനാചരണം

ഈ വർഷത്തെ അതിരൂപതാദിനാചരണം **മെയ് 20 തിങ്കളാഴ്ച കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ** രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 1.30 ന് സമാപിക്കത്തക്കരീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്. സമ്മേളനത്തിൽ പങ്കെടുക്കേണ്ടവരുടെ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

# VIII

## വാർഷികധ്യാനം

**June 16-21** **വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ എം.എസ്.എഫ്.എസ്.**
*(സുപ്പീരിയർ ജനറൽ, മിഷനറീസ് ഓഫ് സെന്റ് ഫ്രാൻസിസ് ദെ സാലസ്)*

**June 23-28** **വെരി റവ. ഫാ. അബ്രാഹം വെട്ടുവേലിൽ എം.എസ്.എഫ്.എസ്.**

**July 07-12** **മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
*(കൂരിയ മെത്രാൻ, സീറോമലബാർസഭ)*

മൂന്നുബാച്ചുകളായി നടത്തപ്പെടുന്ന വാർഷികധ്യാനത്തിൽ ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാൻ ബഹു. വൈദികർക്ക് പ്രത്യേക താൽപര്യമുണ്ടെങ്കിൽ അക്കാര്യം അതിരൂപതാ ചാൻസറിയിൽ അറിയിക്കാവുന്നതാണ്.

# IX

## 2023-24 സാമ്പത്തികവർഷത്തെ കണക്കുകൾ

2023-24 സാമ്പത്തികവർഷത്തെ കണക്കുകൾ **2024 ഏപ്രിൽ 30 ന് മുമ്പ്** പൊതുയോഗത്തിൽ പാസ്സാക്കുകയും അതിരൂപതാകേന്ദ്രത്തിലും ഇൻകം ടാക്സ് റിട്ടേൺ സമർപ്പിക്കുവാൻ ഓഡിറ്റേഴ്സിന് നൽകുകയും ചെയ്യേണ്ടതാണ്.

പുതുക്കിയ ഇൻകം ടാക്സ് നിയമപ്രകാരം ഓഡിറ്റ് റിപ്പോർട്ടുകൾ മെയ് 31 ന് മുമ്പ് സമർപ്പിക്കേണ്ടതിനാൽ ഏപ്രിൽ അവസാനമോ മെയ് ആദ്യ ആഴ്ചയിലോ കണക്കുകൾ ഓഡിറ്റേഴ്സിന്റെ പക്കൽ നൽകേണ്ട താണ്.

നിർമാണപ്രവർത്തനങ്ങൾ നടക്കുന്ന പള്ളികൾ, കൂടിയ വാർഷിക വരുമാനമുള്ള പള്ളികൾ, സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുമ്പുതന്നെ (മാർച്ച് 31) എക്സ്റ്റേണൽ ഓഡിറ്റേഴ്സുമായി ചർച്ച ചെയ്ത് ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

# X

## പ്രത്യേകപിരിവുകൾ

**1. നോമ്പുകാല പിരിവ് (Lenten Collection):** ഓശാനഞായറാഴ്ച പള്ളിയിലെടുക്കുന്ന സ്ത്രോത്രക്കാഴ്ച വിശപ്പിനും രോഗത്തിനുമെതിരെയുള്ള പ്രത്യേകപദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇന്ത്യ'ക്ക് അയച്ചുകൊടുക്കാനുള്ളതാണ്.

**2. കാരിത്താസ് ചങ്ങനാശ്ശേരി:** നോമ്പുകാലത്തിന്റെ ചൈതന്യമുൾക്കൊണ്ട് ഇടവകാംഗങ്ങൾ ഒരുദിവസം ഉപവസിച്ച് ലഭിക്കുന്ന തുക അതിരൂപതയുടെ അടിയന്തരദുരിതാശ്വാസസഹായപദ്ധതിയായ 'കാരിത്താസ് ചങ്ങനാശ്ശേരി'ക്കുവേണ്ടി സമാഹരിച്ച് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**3. വൈദികപരിശീലന ഫണ്ട്:** പെസഹാവ്യാഴാഴ്ച പരിശുദ്ധ കുർബാന മധ്യേ നടത്തുന്ന സ്തോത്രകാഴ്ച വൈദികാർത്ഥികളുടെ പരിശീലനത്തിനുള്ളതാണ്.

**4. വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവവെള്ളിയാഴ്ച പള്ളിയിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായി പരിശുദ്ധ പിതാവിന് നൽകാനുള്ളതാണ്.

**5. ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനുള്ളതാണ്.

മേൽപറഞ്ഞ പിരിവുകൾ നടത്തി ലഭിക്കുന്ന തുക **2024 ഏപ്രിൽ 15 ന് മുമ്പായി** അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏല്പിക്കേണ്ട താണ്.

■

## MY PARISH ACCOUNTING SOFTWARE

പ്രിയപ്പെട്ട അച്ചന്മാരേ,

നമ്മുടെ അതിരൂപതയിൽ MY PARISH ഓൺലൈൻ പദ്ധതി അക്കൗണ്ടിങ് സോഫ്റ്റ്‌വെയർ ഉൾപ്പടെ എല്ലാ പള്ളികളിലും എത്തിക്കൊണ്ടിരിക്കുന്നു. ബഹു. അച്ചന്മാർ സഹകരിക്കുന്നതു കൊണ്ടാണ് ഇത് സാധിക്കുന്നത്. നിങ്ങളെ നന്ദിയോടെ ഓർക്കുന്നു. നമ്മൾ ആരംഭിച്ചിരിക്കുന്ന പദ്ധതി പ്രത്യേകിച്ച് അക്കൗണ്ടിങ് സോഫ്റ്റ്‌വെയർ തെറ്റുകൂടാതെയും പൂർണമായും ഇടവകകളിലെത്തിക്കുന്നതിന് ഫൊറോനാ അടിസ്ഥാനത്തിൽ ഒരു ടീം തയ്യാറായിട്ടുണ്ട്. അവരുടെ ലിസ്റ്റ് താഴെ നൽകുന്നു. അച്ചന്മാർക്ക് അവരെ വിളിക്കാവുന്നതാണ്. അവരുടെ സേവനത്തിനും യാത്രയ്ക്കും തത്തുല്യമായ ഒരു തുക നൽകാൻ അച്ചന്മാർ ശ്രമിക്കുമല്ലോ.

Forane

| | | |
|---|---|---|
| Alappuzha - Muhamma | Santhosh Joseph | 9446616644 |
| Amboori | Vijayakumary | 7902731058 |
| Athirampuzha | Siby Joseph | 9961740290 |
| Champakulam | Binny M. Joseph | 9447484549 |
| Changanacherry | Sebastian Kuriakose | 9744383182 |
| Chengannur | Rajeesh N.R. | 9656870559 |
| Edathua-Koilmuck | Josy P. Xavier | 9544636767 |
| Kollam-Ayoor | Sibi Abraham | 8851798826 |
| Kottayam | Bobby Thomas | 9447363996 |
| Kudamaloor | Jijo Philip | 9605594744 |
| Kurumpanadom | Lijo Sebastian | 9496668253 |
| Manimala | Babu Joseph | 9961718901 |
| Nedumkunnam | Ginish Varghese | 9496805730 |
| Pulincunnoo | Joy M. Antony | 8943906893 |
| Thiruvananthapuram | Sebastian Thomas | 9495059161 |
| Thrickodithanam | Sunil Philip | 9447853800 |
| Thuruthy | Raju Joseph | 9497665753 |

# മാർ ജോസഫ് പവ്വത്തിൽ മെത്രാപ്പോലീത്തയുടെ

## ഒന്നാം ചരമവാർഷികാചരണവും
## അനുസ്മരണ സിംപോസിയവും

**2024 മാർച്ച് 18 തിങ്കൾ, ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ**

പ്രിയമുള്ളവരേ,

ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പവ്വത്തിൽപിതാവിന്റെ ഒന്നാം ചരമവാർഷികദിനാചരണത്തിലേയ്ക്ക് നിങ്ങളേവരെയും സ്നേഹപൂർവം സ്വാഗതംചെയ്യുന്നു.

- **ആർച്ചുബിഷപ് പവ്വത്തിൽ അനുസ്മരണ പ്രഥമസിംപോസിയം (ആർച്ചുബിഷപ് പവ്വത്തിൽ ലിറ്റർജിക്കൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ)**
- **പരിശുദ്ധ കുർബാന (മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമികത്വത്തിൽ)**

സീറോമലബാർസഭയുടെ മുൻ മേജർ ആർച്ചുബിഷപ് **അഭി. മാർ ജോർജ് ആലഞ്ചേരിപ്പിതാവും** മറ്റു **മെത്രാന്മാരും** സമൂഹബലിയിൽ പങ്കെടുക്കുന്നതാണ്.

സ്നേഹപൂർവം,

**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
*(ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത)*

## കാര്യപരിപാടി

9.00 am : **രജിസ്ട്രേഷൻ**

9.15 am : **ഖുഥാആ**

9.30 am : **അനുസ്മരണ സിംപോസിയം:**
**'മാർ പവ്വത്തിൽ: സഭാചാര്യനും സാമൂഹികപ്രതിഭയും'**

**പ്രബന്ധങ്ങൾ:**

1. **Ecclesial Vision of Mar Joseph Powathil**
2. **Mar Joseph Powathil: An Eminent Ecumenist**
3. **Mar Joseph Powathil and the Liturgical Renewal of the Syro Malabar Church**
4. **Educational Vision and Social Interventions of Mar Joseph Powathil**

11.30 am: **പരിശുദ്ധ കുർബാന, വചനസന്ദേശം**


മുഖ്യകാർമികൻ: **മാർ റാഫേൽ തട്ടിൽ വലിയമെത്രാപ്പോലീത്ത**

അനുസ്മരണം: **കർദിനാൾ മാർ ജോർജ് ആലഞ്ചേരി**

**കബറിടത്തിങ്കൽ അനുസ്മരണപ്രാർത്ഥന**

# "ദൈവകരുണയുടെ മുഖമായ പുരോഹിതൻ"

## മഞ്ചേരിക്കളം ബഹു. സെബാസ്റ്റ്യൻ അച്ചൻ



പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ വൈദികർക്ക് നൽകിയ സന്ദേശങ്ങളിൽ പുരോഹിതൻ ദൈവത്തിന്റെ കരുണയുടെ പ്രകാശനമായിരിക്കണമെന്ന് ആവർത്തിച്ച് ഓർമപ്പെടുത്തുന്നുണ്ട്. സന്തോഷത്തോടും വിശ്വസ്തതയോടുംകൂടെ ശുശ്രൂഷചെയ്യുകയും ആടുകളുടെ മണം അറിയുകയും ഹൃദയം ദൈവത്തിലർപ്പിക്കുകയും കൂദാശകളിലൂടെയും വചനത്തിലൂടെയും അവരെ നയിക്കുകയും ചെയ്യുന്ന നല്ല ഇടയനാകുന്ന പുരോഹിതനാണ് ദൈവത്തിന്റെ കരുണയുടെ മുഖമായി മാറുവാൻ സാധിക്കുന്നതെന്നും മാർപാപ്പ വിശദീകരിക്കുന്നുണ്ട്. 2024 ജനുവരി 17 ന് സ്വർഗഭവനത്തിലേയ്ക്ക് യാത്രയായ മഞ്ചേരിക്കളം ബഹു. സെബാസ്റ്റ്യനച്ചനെക്കുറിച്ച് ദൈവത്തിന്റെ കരുണയുടെ മുഖമെന്ന് നിസ്സംശയം വിളിക്കാൻകഴിയും.

1936 സെപ്റ്റംബർ 9 ന് ഇന്നത്തെ പത്തനംതിട്ടജില്ലയിലെ മുക്കൂർ ഗ്രാമത്തിൽ മഞ്ചേരിക്കളം ജോസഫ് - മറിയം ദമ്പതികളുടെ മകനായി ഭൂജാതനായ സെബാസ്റ്റ്യൻ സ്കൂൾ, കോളേജ് വിദ്യാഭ്യാസത്തിനുശേഷം പാറേൽ മൈനർ സെമിനാരിയിലും ആലുവ മേജർ സെമിനാരിയിലുമായി വൈദികപരിശീലനം പൂർത്തിയാക്കി. പുണ്യശ്ലോകനായ ദൈവദാസൻ മാർ മാത്യു കാവുകാട്ട്പിതാവിന്റെ കൈവെപ്പിലൂടെ 1966 മാർച്ച് 14 ന് മ്ശംശാനാ സെബാസ്റ്റ്യൻ വൈദികനായി അഭിഷിക്തനായി.

ചങ്ങനാശ്ശേരി അതിരൂപതയിലെ പായിപ്പാട്-നാലുകോടി സെന്റ് തോമസ് പള്ളിയിൽ അസി. വികാരിയായി ശുശ്രൂഷയാരംഭിച്ച സെബാസ്റ്റ്യൻ അച്ചൻ പതിനൊന്നോളം ഇടവകകളിൽ സ്തുത്യർഹമായ അജപാലനശുശ്രൂഷ നിർവഹിച്ചു. കന്യാകുമാരിമിഷനിലും തക്കലരൂപതയിലുമായി 21 വർഷങ്ങൾ തികഞ്ഞ പ്രേഷിതതീക്ഷ്ണതയോടെ ബഹു. അച്ചൻ ശുശ്രൂഷചെയ്തു. സാമ്പത്തികശാസ്ത്രത്തിലെ ബിരുദവും സാമൂഹ്യസേവനത്തിൽ കാനഡയിൽ നടത്തിയ ഉപരിപഠനവും ബഹു. അച്ചന്റെ ശുശ്രൂഷകൾക്ക് രൂപവും ഭാവവും നൽകുന്നതിൽ സവിശേഷമായ പങ്കുവഹിച്ചിരുന്നു.

മിഷൻമേഖലയിൽ വിശ്രമമില്ലാതെ കർമനിരതനായിരുന്ന ബഹു. അച്ചനെ തക്കലരൂപതയിലെ അഭി. പിതാവും വൈദികരും സമർപ്പിതരും വിശ്വാസികളും എത്ര ആദരവോടെയാണ് കാണുകയും സ്നേഹിക്കുകയും ചെയ്തതെന്ന് അച്ചന്റെ മൃതസംസ്കാരവേളയിലെ അവരുടെ സാന്നിധ്യം തെളിയിക്കുന്നു. കരുണയിലൂടെ ഈശോയെ പരിചയപ്പെടുത്തിയ യഥാർത്ഥ ഇടയനാണ് സെബാസ്റ്റ്യനച്ചനെന്ന് അദേഹത്തിന്റെ മൃതസംസ്കാരവേളയിൽ സീറോ

മലങ്കരസഭയുടെ തലവനും പിതാവുമായ കർദിനാൾ മാർ ക്ലീമ്മിസ് കത്തോലിക്കാബാവാ പ്രസംഗമദ്ധ്യേ അനുസ്മരിക്കുകയുണ്ടായി. തപോനിഷ്ഠമായ ജീവിതശൈലിയും നിർഭയത്തോടെ ബോദ്ധ്യങ്ങൾ പങ്കുവയ്ക്കുന്ന രീതിയും അച്ചന്റെ പ്രത്യേകതകളായിരുന്നു. സ്വജീവിതത്തിൽ പാലിച്ചിരുന്ന അച്ചടക്കവും ലാളിത്യവും മറ്റുള്ളവരും പാലിക്കണമെന്ന് ഉപദേശിക്കുന്നതിനുള്ള ധാർമിക ശക്തി അദേഹത്തിനുണ്ടായിരുന്നു.

പാവപ്പെട്ടവരോടുള്ള പരിഗണനയും കുഞ്ഞുങ്ങളോടുള്ള വാത്സല്യവും ആരോടും വിവേചനംകൂടാതെ ഇടപെടാനുള്ള ആർജവവും ഇടവകകളിൽ ബഹു. അച്ചനെ സ്വീകാര്യനാക്കിയിരുന്നു. ഭൗതികനേട്ടങ്ങൾക്കുവേണ്ടിയോ ബന്ധുജനങ്ങളുടെ താൽപര്യങ്ങൾക്കുവേണ്ടിയോ മൂല്യങ്ങളെ ബലികഴിക്കാൻ അദേഹം തയ്യാറായിരുന്നില്ല. ഭൗതികസമ്പത്ത് നേടുന്നതിനെക്കാൾ മറ്റുള്ളവരുമായി ഉള്ളതുപങ്കുവയ്ക്കുന്നതിലാണ് അദേഹം സന്തോഷം കണ്ടെത്തിയത്.

അജപാലനശുശ്രൂഷയിൽ കാണിച്ച താൽപര്യവും ലഭിച്ച താലന്തുകൾ വർദ്ധിപ്പിച്ച് ദിവ്യനാഥനേകുന്നതിനുള്ള ശ്രദ്ധയും പുലർത്തിയിരുന്ന ബഹു. സെബാസ്റ്റ്യനച്ചൻ തന്റെ കുടുംബാംഗങ്ങളുമായുള്ള ബന്ധത്തിൽ കുറവുവരാൻ അനുവദിച്ചിരുന്നില്ല. കുടുംബബന്ധങ്ങൾ ഊഷ്മളമായി നിലനിർത്തുവാൻ സൗഹൃദസന്ദർശനകളും അവരുടെ ആത്മീയകാര്യങ്ങളിൽ സാന്നിദ്ധ്യത്തിലൂടെയും പ്രാർത്ഥനയിലൂടെയും സാമീപ്യം നൽകുന്നതിലും മഞ്ചേരിക്കളം അച്ചൻ ശ്രദ്ധിച്ചിരുന്നു. പുറമേയുള്ള ഗൗരവത്തിനിടയിലും ഉള്ളിലുള്ള സ്നേഹം കുടുംബത്തിലെ ബന്ധുക്കളോട് അദേഹം കാത്തുസൂക്ഷിച്ചിരുന്നു.

പായിപ്പാട്, ചുങ്കപ്പാറ, നിർമലപുരം, തത്തംപള്ളി, പുത്തനങ്ങാടി, മുഹമ്മ, ചമ്പക്കര, പുളിങ്കുന്ന്, വായ്പൂർ പുത്തൻപള്ളി, മുണ്ടുപാലം എന്നീ ഇടവകകളിലെ ശുശ്രൂഷകൾകൂടാതെ തക്കലരൂപതയിലെ അമലഗിരി, നിദ്രവിള, വയലുംകര, ക്രിസ്തുരാജപുരം, തെറ്റിയോട്, ആത്തൻകോട്, പടന്താലുംമൂട് എന്നീ മിഷൻപ്രദേശങ്ങളിലും ബഹു. അച്ചൻ സേവനംചെയ്തു. തന്റെ ശുശ്രൂഷയുടെ ആദ്യവർഷങ്ങളിൽ പാറേൽ മൈനർ സെമിനാരിയിൽ വൈസ് റെക്ടറായും പിന്നീട് തക്കല മൈനർ സെമിനാരിയിൽ ആദ്ധ്യാത്മികപിതാവായും സേവനം ചെയ്തു. പ്രീസ്റ്റുഹോമിലെ പത്തുവർഷത്തെ വിശ്രമകാലത്തും അലസനായിരിക്കുവാൻ അദേഹത്തിന് സാധിക്കുമായിരുന്നില്ല. എപ്പോഴും കർമനിരതനായിരിക്കുവാനാണ് ബഹു. മഞ്ചേരിക്കളം അച്ചൻ ശ്രദ്ധിച്ചത്.

ബഹു. അച്ചന്റെ മൃതസംസ്കാരം 2024 ജനുവരി 23 ന് മല്ലപ്പള്ളി-നെടുങ്ങാടപ്പള്ളി സെന്റ് അത്തനേഷ്യസ് പള്ളിയിൽ അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെയും അഭി. മാർ ക്ലീമ്മിസ് ബസേലിയൂസ് കത്തോലിക്കാബാവായുടെയും അഭി. മാർ തോമസ് തറയിൽപ്പിതാവിന്റെയും കാർമികത്വത്തിൽ നടന്നു. ബഹു. അച്ചന്റെ സേവനമേഖലകളിൽനിന്ന് നൂറുകണക്കിനാളുകൾ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു. ദൈവകരുണയുടെ മുഖമായി അനേകരെ ഈശോയിലേയ്ക്കാനയിച്ച ബഹു. മഞ്ചേരിക്കളം അച്ചന് ഈശോ നിത്യാശ്വാസം നൽകി അനുഗ്രഹിക്കട്ടെയെന്ന് അതിരൂപതാ വൈദികകൂട്ടായ്മ പ്രാർത്ഥിക്കുന്നു.

**ഫാ. ഐസക് ആലഞ്ചേരി**

■

# പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി

## സഭൈക്യവാര എപ്പിസ്കോപ്പൽ സമ്മേളനം

സഭൈക്യവാരത്തോടനുബന്ധിച്ച് മധ്യകേരളത്തിലെ എപ്പിസ്കോപ്പൽ സഭകളുടെ പ്രതിനിധിസമ്മേളനം ജനുവരി 23 ചൊവ്വാഴ്ച ചങ്ങനാശ്ശേരി അതിരൂപതാകേന്ദ്രത്തിൽ അതിരൂപതാ പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി, കാർപ്, എക്യുമെനിസം ഡിപ്പാർട്ടുമെന്റുകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ടു. മാർത്തോമാസുറിയാനിസഭയുടെ പരമാധ്യക്ഷൻ ഡോ. തെയോഡോഷ്യസ് മാർത്തോമാ വലിയമെത്രാപ്പോലീത്ത സഭൈക്യസമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളസമൂഹത്തിന്റെ വളർച്ചയിലും ജനാധിപത്യസംവിധാനത്തിന്റെ ഉയർച്ചയിലും നിർണായകമായ പങ്കും സ്വാധീനവും സംഭാവനയും നൽകിയിട്ടുള്ളവരാണ് കേരളക്രൈസ്തവർ. എന്നാലിന്ന് അവരുടെ അംഗസംഖ്യയിൽ കുറവുവന്നിരിക്കുന്നു. ഈ കുറവ് അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കുന്നതിന് കാരണമാകരുതെന്നും ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ടിൽ തുടർനടപടികൾ വൈകുന്നത് നീതിനിഷേധത്തിനിടയാകുമെന്നും അദേഹം ഉദ്ഘാടനപ്രസംഗത്തിൽ പ്രസ്താവിച്ചു. യോഗത്തിൽ അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷതവഹിച്ചു. സമുദായത്തിന്റെ നിലനിൽപ്പിന് അപകടമുണ്ടാകുന്ന സാഹചര്യങ്ങളിലും ധാർമികമായ വെല്ലുവിളികളുണ്ടാകുമ്പോഴും അവയെ ചെറുത്തുതോൽപ്പിക്കാൻ സഭകൾ ഒന്നുചേർന്ന് അണിനിരക്കണമെന്ന് പിതാവ് പ്രസ്താവിച്ചു. ജെ. ബി. കോശി കമ്മിഷന്റെ സമ്പൂർണറിപ്പോർട്ട് ഉടൻ പുറത്തുവിടണമെന്നും സഭകളുമായി ആലോചിച്ച്, ഈ ബജറ്റിൽതന്നെ പദ്ധതികൾ ഉൾക്കൊള്ളിക്കത്തക്കതരത്തിൽ തുടർനടപടികൾ സ്വീകരിക്കണമെന്നും സർക്കാരിനോട് യോഗം ആവശ്യപ്പെട്ടു. ഇതു സംബന്ധിച്ച പ്രമേയം യോഗം പാസാക്കി. സീറോമലബാർ, സീറോമലങ്കര, ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമാ, സി.എസ്.ഐ., ക്നാനായ യാക്കോബായ സഭകളിൽനിന്നും മെത്രാന്മാർ, വൈദികർ, അല്മായർ എന്നിവരടങ്ങിയ പ്രതിനിധികൾ സംബന്ധിച്ചു. സി.ബി.സി.ഐ. ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ അഡ്വ. വി. സി. സെബാസ്റ്റ്യൻ ജെ. ബി. കോശി കമ്മിഷൻ റിപ്പോർട്ടിന്മേൽ സഭകളുടെ ഭാഗത്തുനിന്നുണ്ടാകേണ്ട തുടർനടപടികളെക്കുറിച്ച് വിഷയാവതരണം നടത്തി. വിവിധ സഭകളുടെ പ്രതിനിധികളായി അഭി. പിതാക്കന്മാരായ സഖറിയാസ് മോർ സെവേറിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, റൈറ്റ് റവ. ഡോ. സെബാസ്റ്റ്യൻ തെക്കെത്തെച്ചേരിൽ, മാത്യൂസ് മോർ അന്തീമോസ്, സാമുവേൽ മാർ ഐറേനിയോസ്, മാർ ജോസ് പുളിക്കൽ, മാർ തോമസ് തറയിൽ, യൂഹന്നാൻ മാർ തിയോഡോഷ്യസ്, ഫാ. ജോൺസൺ പുത്തൻവീട്ടിൽ, ഫാ. ജിജി ജോൺ ജേക്കബ്, പി. ആർ. കുഞ്ഞച്ചൻ എന്നിവർ പ്രതികരണങ്ങൾ നടത്തി. തുടർന്നുനടന്ന പൊതുചർച്ചയിൽ

*ശേഷം പേജ് 64 ൽ.....»*

## വേദപ്രചാരമധ്യസ്ഥൻ

നമ്മുടെ അതിരൂപതയുടെ മുഖപത്രമായ വേദപ്രചാരമധ്യസ്ഥന്റെ വരിസംഖ്യ (300 രൂപ) നൽകാനുള്ളവർ **2024 ഏപ്രിൽ മുപ്പതിനകം** പുതുക്കണമെന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു.

**എഡിറ്റർ**
*(അതിരൂപതാ ചാൻസിലർ)*

**9037440040** (ചാൻസറി ഓഫീസ്)
**8547673162** (കുടുംബക്കൂട്ടായ്മ ഓഫീസ്)

# കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനം

**നിർമലപുരം – ചുങ്കപ്പാറ**

## 2024 മാർച്ച് 22 (നാല്പതാം വെള്ളി) മുതൽ ഏപ്രിൽ 07 (പുതുഞായർ) വരെ

**നോമ്പുകാലത്തിലെ വെള്ളിയാഴ്ചകളിൽ രാവിലെയും വൈകുന്നേരവും തീർത്ഥാടനത്തിന് സൗകര്യം ലഭിക്കുന്നതാണ്**

***അന്വേഷണങ്ങൾക്ക്:***

സെന്റ് തോമസ് കുരിശുമല തീർത്ഥാടനകേന്ദ്രം ഓഫീസ്
നിർമലപുരം, ചുങ്കപ്പാറ പി.ഒ., പത്തനംതിട്ട 686547
**9447121927, 9446654274, 9072998278**

# സന്ദേശനിലയം

മ്ശിഹായിൽ സ്നേഹമുള്ളവരേ,

അമ്പതുനോമ്പിന്റെ പുണ്യദിനങ്ങളിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. പ്രാർത്ഥനയിലൂടെയും ഉപവാസത്തിലൂടെയും വചനവായനയിലൂടെയും ഉപവിപ്രവർത്തനങ്ങളിലൂടെയും ഈ വലിയനോമ്പ് ഫലദായകമാക്കുകയും ഉയിർപ്പുതിരുനാളിനായി ഒരുങ്ങുകയും ചെയ്യാം. സന്ദേശനിലയം അസി. ഡയറക്ടർ ശുശ്രൂഷയ്ക്കുശേഷം പുതിയ ഉത്തരവാദിത്വം ഏറ്റെടുത്തിരിക്കുന്ന ഹെൻറി കോയിൽപ്പറമ്പിലച്ചന് സ്നേഹമസൃണമായ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു. പുതിയ അസിസ്റ്റന്റ് ഡയറക്ടറായി നിയമിതനായിരിക്കുന്ന മാത്യു പുളിയ്ക്കലച്ചന് ഹൃദ്യമായ സ്വാഗതമാശംസിക്കുന്നു.

ഊഷ്മളമായ കുടുംബബന്ധങ്ങളും അടിയുറച്ച വിശ്വാസബോധ്യങ്ങളും ഊനമറ്റ സഭാസ്നേഹവും നമ്മിൽ വേരുപാകാൻ ഈ വർഷത്തെ വിശ്വാസോത്സവം നമുക്കു കരുത്തുപകരട്ടെ. ഏവർക്കും ഉയിർപ്പുതിരുനാളിന്റെ മംഗളാശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

02 ശനി : CLT Class
03 ഞായർ : നോമ്പുകാലം നാലാം ഞായർ, ക്ലാസ്സ് – 40
09 ശനി : CLT Class
10 ഞായർ : നോമ്പുകാലം അഞ്ചാം ഞായർ, ക്ലാസ്സ് – 41
16 ശനി : CLT Class
17 ഞായർ : നോമ്പുകാലം ആറാം ഞായർ, ക്ലാസ്സ് – 42
**(രണ്ടാം ടേം വാചികപരീക്ഷ 1-9 ക്ലാസ്സുകൾ)**
19 ചൊവ്വ : **മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ** *(ഓഫീസ് അവധി)*
(നാമഹേതുക തിരുനാൾ – മാർ ജോസഫ് പെരുന്തോട്ടം, ജോസഫ് നാമധാരികൾക്കായി പ്രാർത്ഥിക്കാം)
23 ശനി : CLT Class
24 ഞായർ : ഓശാന ഞായർ, നോമ്പുകാലം ഏഴാം ഞായർ
25 തിങ്കൾ : മംഗളവാർത്തത്തിരുനാൾ
27 ബുധൻ : വലിയബുധൻ *(ഓഫീസ് അവധി)*
28 വ്യാഴം : **പെസഹാവ്യാഴം** *(ഓഫീസ് അവധി)*
29 വെള്ളി : **പീഡാനുഭവവെള്ളി** *(ഓഫീസ് അവധി)*

30 ശനി : വലിയശനി *(ഓഫീസ് അവധി)*

31 ഞായർ : **ഉയിർപ്പുതിരുനാൾ**, ഉയിർപ്പുകാലം ഒന്നാം ഞായർ

**ഏപ്രിൽ**

01 തിങ്കൾ : വിശ്വാസോത്സവം ആരംഭിക്കുന്നു. (1 മുതൽ 10 വരെ)

07 ഞായർ : ഉയിർപ്പുകാലം രണ്ടാം ഞായർ **(പുതുഞായർ)**

10 ബുധൻ : വിശ്വാസോത്സവം സമാപനം

## പ്രത്യേകനന്ദി

സന്ദേശനിലയം അസി. ഡയറക്ടറെന്നനിലയിൽ സ്തുത്യർഹമായ സേവനത്തിനുശേഷം അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലേയ്ക്ക് സ്ഥലംമാറിയ ഹെൻറി കോയിൽപ്പറമ്പിലച്ചന് അകമഴിഞ്ഞ നന്ദിയർപ്പിക്കുന്നു. പുതിയകർമരംഗം കൂടുതൽ ദൈവകൃപനിറഞ്ഞതാകട്ടെയെന്ന് സന്ദേശനിലയംകുടുംബമൊന്നാകെ പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

## വാചികപരീക്ഷ 1 മുതൽ 9 വരെ ക്ലാസ്സുകൾക്ക്

1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക് വാചികപരീക്ഷ **മാർച്ച് 17 ഞായറാഴ്ച** നടത്തപ്പെടുന്നു (നമസ്കാരങ്ങളും ഉപപാഠപുസ്തകങ്ങളും). മാതൃകാ ചോദ്യങ്ങൾ സന്ദേശനിലയത്തിൽനിന്നും നൽകുന്നതാണ്. വിശദവിവരങ്ങൾക്ക് കാറ്റെക്കെറ്റിക്കൽ കലണ്ടർ 18 മുതൽ 32 വരെ പേജുകൾ കാണുക. വാചിക പരീക്ഷ കഴിയുമ്പോൾ കുട്ടികളുടെ രണ്ടാം ടേം പരീക്ഷയുടെ മാർക്കും ഹാജർ നിലയും Ecos ൽ എന്റർ ചെയ്യേണ്ടതാണ്.

## വിശ്വാസോത്സവ സെമിനാർ

**ഏപ്രിൽ 1 മുതൽ 10 വരെയാണ് വിശ്വാസോത്സവം.** അധ്യാപകർക്കുള്ള വിശ്വാസോത്സവ സെമിനാർ മാർച്ച് മാസത്തിൽ നടത്തപ്പെടുന്നതാണ്. പരിശീലനം നേടുവാൻ അതാതുവിഭാഗങ്ങളിൽപ്പെട്ട അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. വിഷയം: **വിശ്വാസജീവിതം കുടുംബത്തിൽ**

| തീയതി | സമയം | ഫൊറോന |
|---|---|---|
| മാർച്ച് 02 ശനി | രാവിലെ 9.30 - 12.45 | എടത്വാ, പുളിങ്കുന്ന് |
| മാർച്ച് 02 ശനി | ഉച്ചകഴിഞ്ഞ് 2.00 - 5.30 | ചമ്പക്കുളം ആലപ്പുഴ |
| മാർച്ച് 03 ഞായർ | ഉച്ചകഴിഞ്ഞ് 2.00 - 5.30 | തിരുവനന്തപുരം, ചങ്ങനാശ്ശേരി, തുരുത്തി |
| മാർച്ച് 08 വെള്ളി | രാവിലെ 9.30 - 12.45 | മണിമല |
| മാർച്ച് 08 വെള്ളി | ഉച്ചകഴിഞ്ഞ് 2.00 - 5.30 | നെടുങ്കുന്നം, കുറുമ്പനാടം |
| മാർച്ച് 09 ശനി | രാവിലെ 9.30 - 12.45 | അതിരമ്പുഴ, തൃക്കൊടിത്താനം |
| മാർച്ച് 09 ശനി | ഉച്ചകഴിഞ്ഞ് 2.00 - 5.30 | കുടമാളൂർ |
| മാർച്ച് 10 ഞായർ | ഉച്ചകഴിഞ്ഞ് 2.00 - 5.30 | കോട്ടയം, ചെങ്ങന്നൂർ |
| മാർച്ച് 16 ശനി | ഉച്ചകഴിഞ്ഞ് 2.00 - 5.30 | മുഹമ്മ |
| മാർച്ച് 17 ഞായർ | ഉച്ചകഴിഞ്ഞ് 2.00 - 5.30 | അമ്പൂരി, കൊല്ലം - ആയൂർ |

## വിശ്വാസോത്സവം 2024

പത്തുദിവസത്തെ വിശ്വാസോത്സവം **ഏപ്രിൽ 1 ന്** ആരംഭിക്കുന്നു. പതിവുപോലെ രാവിലെ മുതൽ വൈകുന്നേരം വരെ പത്തുദിവസങ്ങളിലായി ഇത് ക്രമീകരിക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് കാറ്റെക്കെറ്റിക്കൽ കലണ്ടർ 52–54 പേജുകൾ കാണുക.

## പൊതുനിർദേശങ്ങൾ

ഈ വർഷത്തെ വിശ്വാസോത്സവവിഷയം കുടുംബകേന്ദ്രീകൃതമാകയാൽ സൺഡേസ്കൂളുകൾ അവരുടെ സാഹചര്യങ്ങൾക്ക് അനുസൃതമായി മാതാപിതാക്കളും കുട്ടികളും ഒന്നിച്ചുവരുന്ന രീതിയിലുള്ള പരിശീലനപദ്ധതികളും പരിപാടികളും നടപ്പിലാക്കുന്നത് ഉചിതമാണ്.

*(ഉദാ : മാതാപിതാക്കളും മക്കളും ഒന്നിച്ചുള്ള പരിശുദ്ധ കുർബാന, ക്ലാസ്സുകൾ, കുടുംബ അടിസ്ഥാനത്തിലുള്ള കലാപരിപാടികൾ, ക്ലാസ്സ് അടിസ്ഥാനത്തിലുള്ള കുടുംബസമ്മേളനങ്ങൾ, ഇടവകയിലെ ഏറ്റവും സീനിയറായിട്ടുള്ള ദമ്പതികളെ പരിചയപ്പെടുത്തൽ, അവരുടെ പങ്കുവയ്ക്കൽ എന്നിവ)*

വർക്കുബുക്കുകളിലെ ചില പ്രവർത്തനങ്ങൾ (ആക്റ്റിവിറ്റി) മാതാപിതാക്കളുടെയും കുടുംബാംഗങ്ങളുടെയും പങ്കാളിത്തംകൂടെ ആവശ്യമുള്ളതാണ്. അവരുടെ സഹകരണത്തോടെ അത് പൂർത്തിയാക്കുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

വർക്കുബുക്കുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ ടീച്ചേഴ്സ് ഗൈഡിൽ നിർദേശിച്ചിരിക്കുന്ന രീതിയിൽ പൂർത്തിയാക്കിയെങ്കിൽ മാത്രമേ വിശ്വാസോത്സവ പരിശീലനപദ്ധതി ഫലപ്രദമാവുകയുള്ളു.

വിശ്വാസോത്സവ വർക്കുബുക്കുകളിൽ നൽകിയിരിക്കുന്ന ആക്റ്റിവിറ്റികൾ 'എഴുതി പൂർത്തിയാക്കുക' എന്നതുമാത്രമായി ഈ പരിശീലനപദ്ധതിയെ ചുരുക്കാതിരിക്കാൻ പ്രത്യേകംശ്രദ്ധിക്കുക.

## ecos@sandes

എല്ലാ ക്ലാസ്സുകളിലെയും ഒന്നാം ടേം പരീക്ഷയുടെ മാർക്കുകളും ഹാജർ നിലയും ഇതിനോടകം ecos ൽ രേഖപ്പെടുത്തിയിരിക്കുമല്ലോ. അതിനുശേഷം രണ്ടാം ടേം പരീക്ഷയുടെയും തുടർന്ന് വിശ്വാസോത്സവത്തിന്റെയും സ്കോർ ecos ൽ രേഖപ്പെടുത്തുക. ഇതുവഴി നിങ്ങളുടെ പ്രൊമോഷൻ ലിസ്റ്റ് എളുപ്പത്തിൽ തയ്യാറാക്കുന്നതിന് സാധിക്കും. രേഖകൾ കൃത്യമായി ecos ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ആവശ്യമായ സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽ നിന്നും നൽകുവാനാകൂയെന്ന കാര്യം പ്രത്യേകംശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ സ്കോളർഷിപ്പ്

ഒന്നാമത്തെയും (1 A + 1 B) രണ്ടാമത്തെയും (2 A) ടേമിലി പരീക്ഷകളുടെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് പരീക്ഷയെഴുതുവാൻ അർഹതയുള്ളവരുടെ സാധ്യതാലിസ്റ്റ് അവരുടെ രണ്ട് എഴുത്തുപരീക്ഷകളുടെ ഉത്തരകടലാസുകളുംകൂടി **മാർച്ച് പതിനഞ്ചിനകം** സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

**ഏപ്രിൽ 27 ശനിയാഴ്ച രാവിലെ 10 മുതൽ 12 വരെ** അതാത് ഫൊറോനാ കേന്ദ്രങ്ങളിൽ പരീക്ഷ നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾക്ക് കാറ്റക്കെറ്റിക്കൽ കലണ്ടർ പേജ് 25 കാണുക.

### ഫൊറോനാ ഓർഗനൈസേഴ്സിന് നന്ദി

സൺഡേസ്കൂൾ ഫൊറോനാ ഓർഗനൈസർമാരായി സ്തുത്യർഹസേവനമനുഷ്ഠിച്ച ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (ആലപ്പുഴ), ഫാ. ആന്റണി കിഴക്കേതലയ്ക്കൽ (അമ്പൂരി), ഫാ. മാത്യു പുളിയ്ക്കൽ (അതിരമ്പുഴ), ഫാ. ജോൺ തത്തയ്ക്കാട്ട് പുളിയ്ക്കൽ (ചമ്പക്കുളം), ഫാ. തോമസ് പുതിയാപറമ്പിൽ (കോട്ടയം), ഫാ. സേവ്യർ പുന്നശ്ശേരി (കുടമാളൂർ), ഫാ. തോമസ് പ്ലാക്കുഴിയിൽ സി.ആർ.എം. (കുറുമ്പനാടം), ഫാ. മാത്യു തടത്തിൽ (നെടുങ്കുന്നം) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയംകുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

### ആദരാഞ്ജലികൾ

സന്ദേശനിലയം - മിഷൻലീഗ് മുൻ ഡയറക്ടർ ഫാ. ചെറിയാൻ കറുകപ്പറമ്പിൽ, കുറിച്ചി സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ അഗസ്റ്റിൻ കറുകപ്പറമ്പിൽ, ഏറ്റുമാനൂർ സൺഡേസ്കൂൾ അധ്യാപിക സി. റ്റെസി കറുകപ്പറമ്പിൽ എ.ഒ. എന്നിവരുടെ മാതാവിന്റെയും സൺഡേസ്കൂൾ മുൻ അധ്യാപിക സി. ലില്ലി ജോസ് സി.എം.സി. യുടെയും പെരുന്ന സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്റർ ജോർജ് ജോസഫിന്റെയും ആലപ്പുഴ പാദുവാപുരം സൺഡേസ്കൂൾ അധ്യാപിക അന്നമ്മ ജോണിന്റെയും ചെങ്ങന്നൂർ സൺഡേസ്കൂൾ മുൻ അധ്യാപിക സി. ക്രിസ്റ്റീന എഫ്.സി.സി.യുടെയും മഹേന്ദ്രപുരം സൺഡേസ്കൂൾ ഹെഡ്മിസ്ട്രസ് ആൻസമ്മ ഫ്രാൻസിസിന്റെ മാതാവിന്റെയും ഏറ്റുമാനൂർ സൺഡേസ്കൂൾ അധ്യാപകൻ ജോഷി പുളിഞ്ഞാപ്പള്ളിയുടെ മാതാവിന്റെയും ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ സൺഡേസ്കൂൾ അധ്യാപകൻ സിനോമോൻ ചാലടിച്ചിറയുടെ പിതാവിന്റെയും തെള്ളകം പുഷ്പഗിരി സൺഡേസ്കൂൾ അധ്യാപിക സിനിമോൾ തോമസിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം - മിഷൻലീഗ് കുടുംബം അനുശോചനവും പ്രാർത്ഥനയുമറിയിക്കുന്നു. ■

## ഉത്ഥിതനോടൊപ്പം



**സി. ലില്ലി ജോസ് തയ്യിൽ CMC**

**"ഞാൻ നന്നായി പൊരുതി;**
**എന്റെ ഓട്ടം പൂർത്തിയാക്കി;**
**വിശ്വാസം കാത്തു"** *(2 തിമോ. 4:7).*

# ചെറുപുഷ്പ മിഷൻലീഗ് (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

ഈശോയുടെ 40 ദിവസത്തെ ഉപവാസവും നമുക്കുവേണ്ടി ഈശോ സഹിച്ച പാടുപീഡകളും അനുസ്മരിക്കുന്ന ഈ നോമ്പുകാലത്ത് ചെറിയ ചെറിയ ത്യാഗങ്ങളിലൂടെയും പുണ്യപ്രവർത്തികളിലൂടെയും സമാഗതമായിക്കൊണ്ടിരിക്കുന്ന ഉയിർപ്പുതിരുനാളിനായി നമ്മെത്തന്നെ ഒരുക്കാം. അനുരഞ്ജനകൂദാശയിലൂടെ നമ്മെ വിശുദ്ധീകരിക്കാം. ശാഖ, മേഖലാതല ഇലക്ഷൻ നടന്നുകൊണ്ടിരിക്കുകയാണ്. മാർച്ച് അവസാനത്തോടെ പുതിയ ഭാരവാഹികളുടെ ലിസ്റ്റ് അതിരൂപതാ ഓഫീസിൽ ഏല്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

അതിരൂപതാ ചെറുപുഷ്പ മിഷൻലീഗ് അസിസ്റ്റന്റ് ഡയറക്ടറും വൊക്കേഷൻ ബ്യൂറോ ഡയറക്ടറുമായി നിയമിതനായിരിക്കുന്ന മാത്യു പുളിയ്ക്കൽ അച്ചന് മിഷൻലീഗ് കുടുംബത്തിലേയ്ക്ക് സ്വാഗതമാശംസിക്കുന്നതോടൊപ്പം മുന്നോട്ടുള്ള പ്രവർത്തനങ്ങളിൽ എല്ലാവിധ ഭാവുകങ്ങളും നേരുന്നു. ഉത്ഥിതനായ ഈശോ നിങ്ങളേവരെയും അനുഗ്രഹിക്കട്ടെയെന്ന പ്രാർത്ഥനയോടെയും ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ആശംസിച്ചുകൊണ്ടും

സ്നേഹപൂർവം,

**ഫാ. ജോസഫ് പുളിക്കപ്പറമ്പിൽ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മാർച്ച്**

02 ശനി : ബെത്‌ലെഹെം മീറ്റ്, പഠനഗ്രന്ഥ ചർച്ച
10 ഞായർ : അൾത്താരബാലന്മാരുടെ മീറ്റിങ്
16 ശനി : *സ്നേഹവീടുകളിലേയ്ക്ക്* ശാഖയിൽ
18 തിങ്കൾ : മാർ ജോസഫ് പവ്വത്തിൽ അനുസ്മരണം
19 ചൊവ്വ : **മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ** *(ഓഫീസ് അവധി)* (നാമഹേതുക തിരുനാൾ - മാർ ജോസഫ് പെരുന്തോട്ടം, ജോസഫ് നാമധാരികൾക്കായി പ്രാർത്ഥിക്കാം)
22 വെള്ളി : നാല്പതാം വെള്ളി
24 ഞായർ : ഓശാന ഞായർ
27 ബുധൻ : വലിയബുധൻ *(ഓഫീസ് അവധി)*
28 വ്യാഴം : **പെസഹാവ്യാഴം** *(ഓഫീസ് അവധി)*
29 വെള്ളി : **പീഡാനുഭവവെള്ളി** *(ഓഫീസ് അവധി)*
30 ശനി : വലിയശനി *(ഓഫീസ് അവധി)*
31 ഞായർ : **ഉയിർപ്പുതിരുനാൾ**

**ഏപ്രിൽ**

01 തിങ്കൾ : വിശ്വാസോത്സവം ആരംഭിക്കുന്നു (1 മുതൽ 10 വരെ)

07 ഞായർ : ഉയിർപ്പുകാലം രണ്ടാം ഞായർ

10 ബുധൻ : വിശ്വാസോത്സവം സമാപിക്കുന്നു

## പ്രത്യേകനന്ദി

അതിരൂപതാ വൊക്കേഷൻ ബ്യൂറോ ഡയറക്ടർ, ചെറുപുഷ്പ മിഷൻ ലീഗ് അസി. ഡയറക്ടർ എന്നീനിലകളിൽ പൂർണമായ സമർപ്പണമനോഭാവത്തോടെ ശുശ്രൂഷ പൂർത്തിയാക്കി അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലേയ്ക്ക് യാത്രയായ ഹെൻറി കോയിൽപ്പറമ്പിലച്ചന് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി. പുതിയ പ്രവർത്തനമേഖലയിൽ എല്ലാവിധ വിജയങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

## അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ്

ഈ വർഷം പൗരോഹിത്യ-സന്യാസജീവിതത്തിലേയ്ക്ക് പ്രവേശിക്കാനാഗ്രഹിക്കുന്ന 10, 12, ഡിഗ്രി, പ്രൊഫഷണൽ കോഴ്സുകൾ പൂർത്തിയാക്കിയ ആൺകുട്ടികൾക്ക് **ഏപ്രിൽ 3 രാവിലെ 9.30 മുതൽ ഏപ്രിൽ 4 വൈകുന്നേരം 4.00 വരെ** കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ അതിരൂപതാ ദൈവവിളി സെലക്ഷൻ ക്യാമ്പ് നടത്തപ്പെടുന്നു. പെൺകുട്ടികൾക്ക് ഒരുദിവസത്തെ സെമിനാർ **ഏപ്രിൽ 11 വ്യാഴാഴ്ച രാവിലെ 9.30 മുതൽ വൈകുന്നേരം 4 വരെ** സന്ദേശനിലയത്തിൽ ക്രമീകരിച്ചിരിക്കുന്നു. രജിസ്ട്രേഷൻ ഫീസ് ആൺകുട്ടികൾക്ക് 200 രൂപയും പെൺകുട്ടികൾക്ക് 75 രൂപയുമാണ്. യോഗ്യരായ കുട്ടികളെ ക്യാമ്പിലേയ്ക്ക് പറഞ്ഞയയ്ക്കുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

## മേഖലാ ഡയറക്ടേഴ്സിന് നന്ദി

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി നേതൃത്വംനൽകിയ ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ (ആലപ്പുഴ) ഫാ. ആന്റണി കിഴക്കേതലയ്ക്കൽ (അമ്പൂരി), ഫാ. മാത്യു പുളിയ്ക്കൽ (അതിരമ്പുഴ), ഫാ. ജോൺ തത്തക്കാട്ട് പുളിയ്ക്കൽ (ചമ്പക്കുളം), ഫാ. തോമസ് പുതിയാപറമ്പിൽ (കോട്ടയം), ഫാ. സേവ്യർ പുന്നശ്ശേരി (കുടമാളൂർ), ഫാ. തോമസ് പ്ലാക്കുഴിയിൽ സി.ആർ.എം. (കുറുമ്പനാടം), ഫാ. മാത്യു തടത്തിൽ (നെടുങ്കുന്നം) എന്നിവർക്ക് അതിരൂപതാ മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംനിറഞ്ഞ നന്ദി.

■

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ ഏറ്റവും സ്നേഹംനിറഞ്ഞവരേ,

വലിയനോമ്പാചരണത്തിലൂടെ നാം കടന്നുപോവുകയാണ്. പ്രാർത്ഥനയുടെയും അനുരഞ്ജനത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും ദിനങ്ങളാക്കി ഈ അവസരത്തെ മാറ്റാം. 25-ാമത് അതിരൂപതാ ബൈബിൾ കൺവെൻഷൻ വിജയകരമായി സംഘടിപ്പിക്കാൻ സാധിച്ചതിൽ ദൈവത്തിന് നന്ദിപറയാം. കൂട്ടായ പ്രവർത്തനങ്ങളുടെ വിജയമായിരുന്നു ബൈബിൾ കൺവെൻഷൻ. ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചവരെ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. നൂറുമേനി ഇടവകതലമത്സരം ഫെബ്രുവരി 25 ന് ഇടവകകളിൽ നടത്തിക്കഴിഞ്ഞുവെന്ന് കരുതുന്നു. ഏതെങ്കിലും ഇടവകയിൽ ഇനിയും നടത്താനുണ്ടെങ്കിൽ ഉടൻതന്നെ നടത്തേണ്ടതാണ്. മാർച്ച് പത്തിനകം നൂറുമേനിയിൽ പങ്കെടുത്തവരുടെ പേരുവിവരങ്ങൾ നൂറുമേനി വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യേണ്ടതാണ്. ആർക്കെങ്കിലും 25-ാം തീയതി നടന്ന മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കാതെപോയിട്ടുണ്ടെങ്കിൽ അവർക്ക് മാർച്ച് അവസാനമോ ഏപ്രിൽ ആദ്യമോ ഒരവസരംകൂടെ നൽകുവാൻ വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

ഈ വർഷത്തെ നൂറുമേനി മത്സരത്തിൽ 7 കാറ്റഗറികളിലും അതിരൂപതാതലത്തിൽ ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 5000 രൂപ ക്യാഷ് പ്രൈസ് നൽകുന്നതാണ്. ഉത്സാഹത്തോടെ നൂറുമേനിമത്സരത്തിൽ പങ്കെടുത്ത് ദൈവവചനത്തിൽ നിറയണമെന്ന് ഏവരോടും സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു. നിങ്ങൾ നൽകിവരുന്ന സഹായസഹകരണങ്ങൾക്ക് ഹൃദയപൂർവം നന്ദിയർപ്പിക്കുന്നു.

പ്രാർത്ഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

### സമർപ്പിതർക്കുള്ള നൂറുമേനി മത്സരം

സമർപ്പിതർക്കായി ഈ വർഷം 4 കാറ്റഗറികളിലായി മത്സരം നടത്തപ്പെടുന്നു.

1. ഫോർമീസ്
2. 40 വയസ്സും അതിനുതാഴെയുമുള്ളവർ
3. 40 മുതൽ 65 വരെ
4. 66 മുതൽ മുകളിലേയ്ക്ക്

(2–4) സിസ്റ്റേഴ്സ്

സമർപ്പിതർക്കുള്ള മത്സരം **മാർച്ച് 23 ശനിയാഴ്ച** ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ രാവിലെ 10 മുതൽ 1 വരെ നടത്തപ്പെടുന്നു. കോൺഗ്രിഗേഷൻതലത്തിൽ ഓരോ കാറ്റഗറിയിലും 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർ അതിരൂപതാതലമത്സരത്തിന് യോഗ്യതനേടുന്നു. കോൺഗ്രിഗേഷൻതലത്തിൽ 100 മാർക്കും അതിൽ കൂടുതലും ലഭിക്കുന്നവർക്ക് പ്രത്യേകസമ്മാനം ഉണ്ടായിരിക്കുന്നതാണ്. നൂറുമേനിമത്സരത്തിൽ

പങ്കെടുത്തവരുടെ പേരുവിവരങ്ങൾ **മാർച്ച് പത്തൊമ്പതിനകം** വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## മൂല്യനിർണയം

മൂല്യനിർണയം നടക്കുമ്പോൾ ഒരു ബൈബിൾവാക്യത്തിന് ഒരു മാർക്ക് വീതമാണ് നൽകേണ്ടത്. വചനം, അധ്യായം, വാക്യം എന്നിവ ശരിയാക്കിയാൽ ഒരു മാർക്ക്. ഏതെങ്കിലും ഒന്ന് തെറ്റിയാൽ പകുതി മാർക്ക് ലഭിക്കുന്നു. ഒന്നിൽ കൂടുതൽ വാക്യങ്ങളടങ്ങിയ ഭാഗമെഴുതുമ്പോൾ വാക്യങ്ങളുടെ എണ്ണം അനുസരിച്ച് ഒരു മാർക്ക് വീതം നൽകേണ്ടതാണ്.

ടീം (കുടുംബം) മത്സരത്തിന്റെ മാർക്ക് കഴിഞ്ഞവർഷത്തെപ്പോലെ വ്യക്തിപരമായി മത്സരം നടത്തി ടീമംഗങ്ങളുടെ മാർക്ക് കണക്കാക്കുകയാണ്.

(A+B+C=ടീം മാർക്ക്)

## സമ്മാനങ്ങൾ

- 25 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്നവർക്ക് ഇടവകയിൽനിന്നും പ്രോത്സാഹനസമ്മാനം നൽകുക
- 60 മാർക്കിന് മുകളിൽ ലഭിക്കുന്നവർക്ക് അതിരൂപതയുടെ സർട്ടിഫിക്കറ്റ്
- 100 മാർക്കോ അതിൽ കൂടുതലോ ലഭിക്കുന്നവർക്ക് അതിരൂപതയുടെ നൂറുമേനി മെഗാസമ്മാനം ഉണ്ടായിരിക്കുന്നതാണ്
- ടീമായി 200 മാർക്കും അതിൽ കൂടുതലും ലഭിക്കുന്നവർക്ക് അതിരൂപതയുടെ പ്രത്യേകസമ്മാനം ലഭിക്കുന്നതാണ്
- ഇടവകതലത്തിൽ വ്യക്തിപരമായി 100 മാർക്കും കുടുംബപരമായി (ടീം) 200 മാർക്കും ലഭിക്കുന്നവർ ഫൊറോനാതലമത്സരത്തിന് യോഗ്യത നേടുന്നു

ഫൊറോനാതലമത്സരത്തിൽ പങ്കെടുക്കുന്നവർക്കാണ് അതിരൂപതയുടെ സമ്മാനങ്ങൾ ലഭിക്കുക.

ഒരു കാറ്റഗറിയിലും ഒന്നാം സ്ഥാനം ലഭിക്കുന്നവർക്ക് 5000 രൂപയും നൂറുമേനി വചനതാരം അവാർഡ് ലഭിക്കുന്നു.

സമർപ്പിതർക്കുള്ള മത്സരത്തിൽ ഓരോ വിഭാഗത്തിലുമുള്ള വിജയികൾക്ക്:

| | | |
|---|---|---|
| ഒന്നാംസ്ഥാനം | 3000 രൂപ | വചനതാരം അവാർഡ് |
| രണ്ടാം സ്ഥാനം | 2000 രൂപ | വചനതാരം അവാർഡ് |
| മൂന്നാം സ്ഥാനം | 1000 രൂപ | വചനതാരം അവാർഡ് |

## ലോഗോസ്, നൂറുമേനി സർട്ടിഫിക്കറ്റുകൾ

കഴിഞ്ഞവർഷത്തെ ലോഗോസിന്റെയും നൂറുമേനിയുടെയും സർട്ടിഫിക്കറ്റുകൾ ഇനിയും ലഭിക്കാനുള്ളവർ അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിൽനിന്ന് വാങ്ങണമെന്ന് അറിയിക്കുന്നു.

## പ്രത്യേക അറിയിപ്പ്

നൂറുമേനിമത്സര സംബന്ധമായുള്ള വിശദവിവരങ്ങൾ 2024 ഫെബ്രുവരി മാസം മധ്യസ്ഥനിൽ വിശദമായി നൽകിയിട്ടുണ്ട് (പേജുകൾ 32, 33).

■

# FORM IV

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT NEWSPAPER "VEDAPRACHARA MADHYASTHAN" TO BE PUBLISHED IN THE FIRST ISSUE EVERY YEAR AFTER THE LAST DAY OF FEBRUARY.

| | | | |
|---|---|---|---|
| 1. | Place of publication (Please give the Complete Postal address) | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |
| 2. | Periodicity of its publication | : | MALAYALAM MONTHLY |
| 3. | Printer's Name | : | FR. JUSTIN KAYAMKULATHUSSERY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686 101, KERALA |
| 4. | Publisher's Name | : | FR. JUSTIN KAYAMKULATHUSSERY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |
| 5. | Editor's Name | : | BIJU GEORGE ALENCHERRY |
| | Nationality | : | Indian |
| | Address | : | WARD NO.IV, BUILDING NO.631<br>ARCHBISHOP'S HOUSE<br>CHANGANACHERRY<br>DIST. KOTTAYAM-686101, KERALA |

6. Names and addresses of individuals who own the newspaper and partners or shareholders holding morethan one percent of the total capital. : ARCHDIOCESE OF CHANGANACERRY.

I, FR. JUSTIN KAYAMKULATHUSSERY hereby declare that, the particulars given above are true to the best of my knowledge and belief.

Date: 29 February 2024

Signature of Publisher.
Sd/

# ഫാമിലി അപ്പോസ്തലേറ്റ്

മ്ശിഹായിൽ പ്രിയ സഹോദരങ്ങളേ,

ഈശോയുടെ പീഡാസഹനങ്ങളെ ധ്യാനിക്കുന്ന നോമ്പുകാലത്തിലൂടെ നാം കടന്നുപോവുകയാണ്. അനുദിനജീവിതത്തിൽ നാം നേരിടുന്ന പ്രതിസന്ധികളെ ഈശോയുടെ സ്ലീവായോടുചേർക്കാനും കുടുംബജീവിതത്തിന്റെ ഉത്തരവാദിത്തങ്ങളുടെ ത്യാഗനിർഭരമായ നിർവഹണം അവന്റെ പീഡാസഹനങ്ങളോട് താദാത്മ്യപ്പെടുവാൻ ലഭിക്കുന്ന അവസരമാണെന്ന് ധ്യാനിക്കാനും സാധിക്കണം.

2024 പ്രവർത്തനവർഷത്തെ മാർഗരേഖ **കരുതലും കരുണയും** എന്ന വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കി പ്രകാശനംചെയ്തു. പ്രസ്തുത മാർഗരേഖയുടെ ഡിജിറ്റൽ പതിപ്പ് ഇതിനോടകം നിങ്ങൾക്കെല്ലാവർക്കും ലഭ്യമായെന്ന് കരുതുന്നു. ഫൊറോന - യൂണിറ്റുതലങ്ങളിൽ മാർഗരേഖ തയ്യാറാക്കുമ്പോൾ ഒരു റഫറൻസായി അതുപയോഗിക്കേണ്ടതാണ്. ഈ മാർഗരേഖയിൽ നൽകിയിരിക്കുന്ന സംഘടനാപരമായ സുപ്രധാനദിവസങ്ങൾ പരിഗണിച്ചുവേണം പ്രത്യേകമായ മാർഗരേഖകൾ തയ്യാറാക്കുവാൻ. സംഘടനകളുടെ മാസയോഗങ്ങളിൽ അതിരൂപതാ മാർഗരേഖയിൽ നൽകിയിരിക്കുന്ന വിഷയങ്ങൾ അവതരിപ്പിക്കുകയും ചർച്ചചെയ്യുകയും വേണം.

മാർച്ച് 25 മംഗളവാർത്താദിനമാണ്. അന്നേദിവസം 'പ്രോ ലൈഫ് ഡേ' ആയി ആചരിക്കുകയാണ്. അതിനോടടുത്ത ദിവസങ്ങളിൽ യൂണിറ്റുകളിൽ ജീവസംരക്ഷണത്തിന്റെയും പരിപോഷണത്തിന്റെയും സന്ദേശം വ്യക്തമാക്കുന്ന ശുശ്രൂഷകളും പരിപാടികളും നടപ്പിലാക്കാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹത്തോടെ,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും വാർഷികവും

2023 പ്രവർത്തനവർഷത്തെ അതിരൂപതാ വാർഷികവും 2024 പ്രവർത്തനവർഷത്തിന്റെ ഉദ്ഘാടനവും ഫെബ്രുവരി 10 ശനിയാഴ്ച രാവിലെ 9.30 മുതൽ ഒന്നുവരെ ചമ്പക്കുളം മാർത്ത് മറിയം ബസിലിക്കയുടെ ഹാളിൽ നടത്തപ്പെട്ടു. യൂണിറ്റുകളിൽനിന്ന് മാതൃവേദി-പിതൃവേദി പ്രസിഡന്റ്, സെക്രട്ടറി എന്നിവരും ഫൊറോന ആനിമേഷൻ ടീമംഗങ്ങളും ഫൊറോന ഡയറക്ടർ അച്ചന്മാരും ഫൊറോന ആനിമേറ്റർ സിസ്റ്റേഴ്സും ഈ സമ്മേളനത്തിൽ പങ്കെടുത്തു. മാതൃവേദി അതിരൂപതാ പ്രസിഡന്റ് ബീന ജോസഫ് അധ്യക്ഷയായ സമ്മേളനത്തിൽ ഷംഷാബാദ് രൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത്പിതാവ് പ്രവർത്തനവർഷം ഉദ്ഘാടനംചെയ്ത് സംസാരിച്ചു. അതിരൂപതാ സിഞ്ചെള്ളൂസ് പെരിയ ബഹു. വർഗീസ് താനമാവുങ്കൽ അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി സമ്മാനദാനം നിർവഹിച്ചു. ബസിലിക്ക വികാരി ഗ്രിഗറി ഓണംകുളം

അച്ചൻ, ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ സെബാസ്റ്റ്യൻ ചാമക്കാല അച്ചൻ, അസി. ഡയറക്ടർ ജോസഫ് ഇരുപ്പക്കാട്ട് അച്ചൻ, ചമ്പക്കുളം ഫൊറോനാ ഡയറക്ടർ ജോൺ പതാലിൽ അച്ചൻ, പിതൃവേദി അതിരൂപതാ പ്രസിഡന്റ് ജിനോദ് എബ്രഹാം, അതിരൂപതാ ഭാരവാഹികൾ തുടങ്ങിയവർ സമ്മേളനത്തിൽ സംസാരിച്ചു.

## 2023 പ്രവർത്തനവർഷത്തെ മാതൃവേദി-പിതൃവേദി സംയുക്ത പ്രവർത്തനങ്ങൾക്കുള്ള അവാർഡ്

1. ചമ്പക്കുളം ഫൊറോന
2. തിരുവനന്തപുരം ഫൊറോന
3. എടത്വാ ഫൊറോന

### മികച്ച ഫൊറോന

| മാതൃവേദി | പിതൃവേദി |
|---|---|
| 1. ചങ്ങനാശ്ശേരി | 1. കുറുമ്പനാടം |
| 2. ആലപ്പുഴ | 2. കുടമാളൂർ |
| 3. അതിരമ്പുഴ | 3. കൊല്ലം - ആയൂർ |

### മികച്ച യൂണിറ്റ് (ഫൊറോന)

| മാതൃവേദി | പിതൃവേദി |
|---|---|
| 1. ചെത്തിപ്പുഴ (ചങ്ങനാശ്ശേരി) | 1. പൊടിപ്പാറ (തുരുത്തി) |
| 2. കിഴക്കേ മിത്രക്കരി (എടത്വാ) | 2. കരവാളൂർ (കൊല്ലം - ആയൂർ) |
| 3. നിർമലഭവൻ (തിരുവനന്തപുരം) | 3. മണ്ണാർകുന്ന് (അതിരമ്പുഴ) |

### മോഡൽ യൂണിറ്റുകൾ

| മാതൃവേദി (ഫൊറോന) | | പിതൃവേദി (ഫൊറോന) | |
|---|---|---|---|
| ചങ്ങനാശ്ശേരി | ചെത്തിപ്പുഴ | തുരുത്തി | പൊടിപ്പാറ |
| എടത്വാ | കിഴക്കേ മിത്രക്കരി | കൊല്ലം - ആയൂർ | കരവാളൂർ |
| തിരുവനന്തപുരം | നിർമലഭവൻ | അതിരമ്പുഴ | മണ്ണാർകുന്ന് |
| പുളിങ്കുന്ന് | വേഴപ്രാ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| ചമ്പക്കുളം | കൊണ്ടാക്കൽ | എടത്വാ | കിഴക്കേ മിത്രക്കരി |
| തുരുത്തി | പൊടിപ്പാറ | കുടമാളൂർ | വില്ലൂന്നി |
| ആലപ്പുഴ | പുന്നമട | പുളിങ്കുന്ന് | രാമങ്കരി |
| കുറുമ്പനാടം | കുറുമ്പനാടം | ചമ്പക്കുളം | ചമ്പക്കുളം |
| അതിരമ്പുഴ | കോട്ടയ്ക്കുപുറം | ആലപ്പുഴ | പുത്തനങ്ങാടി |
| തൃക്കൊടിത്താനം | നാലുകോടി | കുറുമ്പനാടം | മാടപ്പള്ളി |
| കോട്ടയം | വടവാതൂർ | ചങ്ങനാശ്ശേരി | ചെത്തിപ്പുഴ |
| കുടമാളൂർ | കുടമാളൂർ | കോട്ടയം | ചേപ്പുപാറ |
| നെടുങ്കുന്നം | കൂത്രപ്പള്ളി | നെടുങ്കുന്നം | നെടുങ്ങാടപ്പള്ളി |
| കൊല്ലം - ആയൂർ | ഇടപ്പാളയം | തിരുവനന്തപുരം | പേരൂർക്കട |

## മാർച്ച് മാസത്തിൽ ഓർമിക്കാൻ

### മാർച്ച് 8: അന്തർദേശീയ വനിതാദിനം

വനിതാദിനത്തിന്റെ ആഘോഷങ്ങളും സെമിനാറുകളും യൂണിറ്റുതലത്തിൽ ക്രമീകരിക്കാം. വീട്ടുജോലികൾ ചെയ്യുന്ന സ്ത്രീകൾ, വിധവകൾ, ഏകസ്ഥർ തുടങ്ങി സമൂഹത്തിൽ പരിഗണിക്കപ്പെടേണ്ട വിഭാഗങ്ങളെ ചേർത്തുനിർത്തുന്ന തരത്തിലുള്ള പ്രോഗ്രാമുകൾ ചർച്ചചെയ്ത് തീരുമാനിക്കാം. സ്ത്രീകൾക്ക് മാത്രമായി നിശ്ചയിച്ചിരിക്കുന്ന ഫോറങ്ങൾ ശക്തിപ്പെടുത്താം. മാതൃകാപരമായ ശുശ്രൂഷകൾ ചെയ്യുന്ന വനിതകളെ ആദരിക്കാം *(ഉദാ: പ്രായമായവരെയും രോഗികളെയും ദീർഘനാളായി ശുശ്രൂഷിക്കുന്നവർ, മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ശുശ്രൂഷ നൽകുന്നവർ, മത്സരപരീക്ഷകളെഴുതി സർക്കാർതലത്തിലുള്ള ജോലികൾ സ്വന്തമാക്കിയവർ...)*. വിദ്യാഭ്യാസത്തിനോ ചികിത്സയ്ക്കോ ബുദ്ധിമുട്ടുന്ന, സ്ത്രീകളുടെ വരുമാനത്തെ ആശ്രയിച്ചുകഴിയുന്ന കുടുംബങ്ങൾക്ക് സാമ്പത്തികസഹായം ക്രമീകരിക്കാം.

### മാർച്ച് 11-18: പിതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥന്റെ തിരുനാളിനൊരുക്കമായ പ്രാർത്ഥനാദിനങ്ങൾ

പിതൃവേദിയുടെ സ്വർഗീയമദ്ധ്യസ്ഥനായ മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാളിനൊരുക്കമായി ഒരാഴ്ചക്കാലം പ്രാർത്ഥനാവാരമായി ആഘോഷിക്കാം. പിതാക്കന്മാർ ഒത്തുചേർന്ന് പ്രാർത്ഥിക്കാം, പിതൃവേദിയിലെയും ഇടവകയിലെയും സജീവപ്രവർത്തകരായിരുന്ന പള്ളിയിൽ വരാൻ സാധിക്കാത്ത പ്രായമായവരുടെ ഭവനങ്ങളിൽ പ്രാർത്ഥിക്കുകയും അവരുമായി അൽപ സമയം ചെലവഴിക്കുകയും ശാരീരികമായോ സാമ്പത്തികമായോ ചെയ്യാൻ സാധിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യാം.

### മാർച്ച് 23: മുൻ മേജർ ആർച്ചുബിഷപ് മാർ ആന്റണി പടിയറപ്പിതാവിന്റെ 24-ാം ചരമവാർഷികം (മാതൃവേദി-പിതൃവേദി സ്ഥാപകപിതാവ്)

പള്ളികളിൽ അഭി. പിതാവിനെ അനുസ്മരിച്ച് ഒപ്പീസുപ്രാർത്ഥന ചൊല്ലാം. മാതൃവേദി-പിതൃവേദി സംഘടനകളുടെ ചരിത്രം പ്രതിമാസമീറ്റിങ്ങുകളിൽ അവതരിപ്പിക്കാം.

### മാർച്ച് 25: പ്രോ ലൈഫ് ദിനം - മംഗളവാർത്തത്തിരുനാൾ

അതിരൂപതാതലത്തിൽ പാറേൽ സെന്റ് മേരീസ് പള്ളിയിൽ **മാർച്ച് 25 ന്** പ്രോ ലൈഫ് പ്രാർത്ഥനയും സമ്മേളനവും നടത്തപ്പെടുന്നു. രാവിലെ 9.30 ന് ആരംഭിച്ച് ഉച്ചയ്ക്ക് ഒരുമണിക്ക് അവസാനിക്കുന്ന രീതിയിലാണ് പ്രോഗ്രാം ക്രമീകരിക്കുന്നത്. വിശദവിവരങ്ങൾ പിന്നീട് വാട്സ്ആപ്പ് മുഖേന നൽകുന്നതാണ്.

### യൂദിത്ത് - നവോമി ഫോറം രൂപീകരണം

യൂണിറ്റുകളിൽ മാതൃവേദിയുടെ നേതൃത്വത്തിൽ വിധവകളായവരെ കണ്ടെത്തി യൂദിത്ത്-നവോമി ഫോറം രൂപീകരിക്കേണ്ടതാണ്. അവരിൽനിന്നും വിവിധ പ്രായവിഭാഗങ്ങൾ ഉൾപ്പെടുന്ന 7 പേരുടെ ഒരുടീമിനെ തെരഞ്ഞെടുത്ത്

അവരുടെ പേരും ഫോൺ നമ്പരും ഫൊറോനാ മാതൃവേദി പ്രസിഡന്റിനെ **മാർച്ച് 31 ന് മുമ്പ്** ഏല്പിക്കേണ്ടതാണ്.

## വിവാഹ ഒരുക്കധ്യാനം

| മാസം | തീയതി | സ്ഥലം |
|---|---|---|
| മാർച്ച് | 09, 10, 11 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 18, 19, 20 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| ഏപ്രിൽ | 01, 02, 03 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 15, 16, 17 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 29, 30, മെയ് 1 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10 am - 5 pm**

## വെഞ്ഞാറമ്മൂട് അമല ധ്യാനകേന്ദ്രം

**മാർച്ച് 1 ആദ്യവെള്ളി**

രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ: ജപമാല, അനുരഞ്ജനശുശ്രൂഷ, വചനപ്രഘോഷണം, പരിശുദ്ധ കുർബാന

**ഉപവാസപ്രാർത്ഥനാ ധ്യാനം**

മാർച്ച് 3 ഞായർ രാവിലെ 10 മുതൽ മാർച്ച് 5 ചൊവ്വ ഉച്ചകഴിഞ്ഞ് 2 വരെ

**ഈശോ കൃപാനുഭവധ്യാനം**

മാർച്ച് 17 ഞായർ ഉച്ചയ്ക്ക് 12 മുതൽ
മാർച്ച് 20 ബുധൻ ഉച്ചകഴിഞ്ഞ് 2 വരെ

**മാർച്ച് 22 നാല്പതാം വെള്ളി**

രാവിലെ 9 മുതൽ വൈകുന്നേരം 6 വരെ: പരിശുദ്ധ കുർബാനയുടെ ആരാധന, പരിശുദ്ധ കുർബാന

**മാർച്ച് 23 ശനി**

രാവിലെ 10 മുതൽ ഉച്ചകഴിഞ്ഞ് 3 വരെ: അഖണ്ഡജപമാല, 3.30 പരിശുദ്ധ കുർബാന

# യുവദീപ്തി - SMYM

## യുവദീപ്തി-എസ്.എം.വൈ.എം. വാർഷികം, സത്യപ്രതിജ്ഞ, പ്രവർത്തനവർഷം ഉദ്ഘാടനം

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. ന്റെ 2023 ലെ വാർഷികം, സത്യപ്രതിജ്ഞ, പുതിയ പ്രവർത്തനവർഷം ഉദ്ഘാടനം എന്നിവ ജനുവരി 26 ന് രാവിലെ 10 മുതൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. അതിരൂപതാ പ്രസിഡന്റ് ജോർജ് സെബാസ്റ്റ്യന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനം അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽപ്പിതാവ് ഉദ്ഘാടനം ചെയ്തു. ജോസ്ന തോമസ് പതാക ഉയർത്തൽ കർമ്മം നിർവഹിച്ചു. ഡെപ്യൂട്ടി പ്രസിഡന്റ് രേഷ്മ ദേവസ്യ സ്വാഗതപ്രസംഗം നടത്തി. ജാസ്മിൻ മാത്യു 2023 പ്രവർത്തനവർഷത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ ആമുഖപ്രസംഗവും അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ മുഖ്യപ്രഭാഷണവും നടത്തി. റീജന്റ് ബ്രദർ ആൽബി ചേന്നാട്ടുശ്ശേരി പുതിയ ഭാരവാഹികളെ പരിചയപ്പെടുത്തി. അതിരൂപതാ ഡയറക്ടർ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞയ്ക്കു ശേഷം പുതിയ ഭാരവാഹികൾ സ്ഥാനമേറ്റെടുത്തു. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയി, ഡെപ്യൂട്ടി പ്രസിഡന്റ് ലിന്റ ജോഷി എന്നിവർ പ്രസംഗിച്ചു.

### എമൗറ കൺവെൻഷനോടനുബന്ധിച്ച് ജപമാലപ്രാർത്ഥന

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ നടത്തിയ *എമൗറ* യുവജനകൺവൻഷന്റെ വിജയത്തിനായി അതിരൂപതയിലെ 18 ഫൊറോനകളെ 4 സോണുകളായി തിരിച്ച് ഓരോദിവസവും രാത്രി 8 ന് ഓൺലൈനായി ജപമാലപ്രാർത്ഥന നടത്തി. നൂറിലധികം യുവജനങ്ങൾ ഭക്ത്യാദരവോടെ പങ്കെടുത്തു.

### എമൗറ – യുവജനകൺവെൻഷൻ

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ അതിരൂപതാ ബൈബിൾ കൺവെൻഷന്റെ സമാപനദിവസമായ ഫെബ്രുവരി 18 ഞായറാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ യുവജനകൺവെൻഷൻ *എമൗറ* എന്നപേരിൽ നടത്തി. അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ പരിശുദ്ധ കുർബാനയർപ്പിച്ചു. അഭി. മാർ തോമസ് തറയിൽപ്പിതാവ് കൺവെൻഷൻ ഉദ്ഘാടനംചെയ്തു. ഫാ. ഡാനിയേൽ പൂവണ്ണത്തിലും ടീമംഗങ്ങളും വചനപ്രഘോഷണം നടത്തുകയും ഇതിൽ പങ്കെടുത്ത യുവജനങ്ങളുടെമേൽ കൈവെപ്പുശുശ്രൂഷ നടത്തുകയും ചെയ്തു. അതിരൂപതയിലെ 18 ഫൊറോനകളിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു.

### യുവജനവർഷം ഉദ്ഘാടനം

2024 യുവജനവർഷമായി കേരളസഭ പ്രഖ്യാപിച്ചിരിക്കുകയാണ്. യുവജന

വർഷത്തിന്റെ ഔദ്യോഗികമായ ഉദ്ഘാടനം യുവജനകൺവൻഷന്റെ സമാപനത്തിൽ നടത്തുകയുണ്ടായി. അതിരൂപതാ പ്രസിഡന്റ് ജോയൽ ജോൺ റോയിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സീറോമലബാർസഭ യൂത്ത് കമ്മിഷൻ ചെയർമാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ യുവജനവർഷം നിലവിളക്കുകൊളുത്തി ഉദ്ഘാടനം ചെയ്തു. മാർ തോമസ് തറയിൽ, അതിരൂപതാ ഡയറക്ടർ ഫാ. ആന്റണി ആനക്കല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു.

അതിരൂപതാഭാരവാഹികൾ കത്തിച്ചതിരികൾ അഭി. തറയിൽപ്പിതാവിന് കൈമാറുകയും പിതാവ് 18 ഫൊറോനകൾക്കും അതുനൽകുകയും ചെയ്തു.

**ഫാ. വർഗീസ് പുളിയ്ക്കപടവിലിന് സ്വാഗതം**

അതിരൂപതാ യുവദീപ്തി-എസ്.എം.വൈ.എം. അസിസ്റ്റന്റ് ഡയറക്ടറായി ചാർജെടുത്ത വർഗീസ് പുളിയ്ക്കപടവിൽ അച്ചന് യുവദീപ്തികുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം

**മാർച്ച് മാസത്തെ പരിപാടികൾ**

മാർച്ച് 08 വനിതാദിനം

മാർച്ച് 08, 09 10 ക്യാമ്പ് റിസോഴ്സ് ടീം ട്രെയ്നിങ്

**ജോയൽ ജോൺ റോയി**
*(പ്രസിഡന്റ്)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

■

---

*» **പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി തുടർച്ച...***

കുട്ടിക്കാനം മരിയൻ കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. റൂബിൾ രാജ് മോഡറേറ്ററായിരുന്നു. കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ മൈനോരിറ്റി സെൽ കോഡിനേറ്റർ റോണി അഗസ്റ്റിൻ പ്രമേയം അവതരിപ്പിച്ചു. അതിരൂപതാ സഹായമെത്രാൻ മാർ തോമസ് തറയിൽ, അതിരൂപതാ സിഞ്ചെള്ളൂസുമാരായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, വെരി റവ. ഫാ. ജയിംസ് പാലയ്ക്കൽ, വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ, അതിരൂപതാ പ്രൊക്യുറേറ്റർ വെരി റവ. ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, ആർച്ചുബിഷപ് ഹൗസ് പ്രൊക്യുറേറ്റർ ഫാ. വർഗീസ് പുതുവേലിൽ, സീറോമലബാർസഭ എക്യുമെനിക്കൽ കമ്മിഷൻ സെക്രട്ടറി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ, ജാഗ്രതാസമിതി ഡയറക്ടർ ഫാ. ജയിംസ് കൊക്കാവയലിൽ, പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, കാർപ് കോഡിനേറ്റർ റ്റോം ജോസഫ് ചമ്പക്കുളം എന്നിവർ നേതൃത്വംനൽകി.

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*

■

# എൽഡേഴ്സ് ഫ്രറ്റേണിറ്റി

## പ്രായമായവർക്ക് അനുഗ്രഹമായി ഗ്രേസ്ഫുൾ ധ്യാനം

വാർദ്ധക്യത്തിന്റെ ഒറ്റപ്പെടലിനും ഏകാന്തതയ്ക്കും പരിഹാരമാണ് വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള താമസിച്ചുള്ള ധ്യാനം. വാർദ്ധക്യം ശാപമല്ല മറിച്ച് അനുഗ്രഹവും ദൈവദാനവും ദൈവം ഭരമേൽപിക്കുന്ന ഒരു ഉത്തരവാദിത്വവുമാണ്. വാർദ്ധക്യത്തിലും അവൻ ഫലം പുറപ്പെടുവിക്കും. *(സങ്കീ. 92:14)* എന്ന തിരുവചനംപോലെ ഫലദായകമായ ഒരു വാർദ്ധക്യകാലജീവിതത്തിനായി പ്രായമായവരെ ഒരുക്കുന്നു. നാല് ധ്യാനങ്ങൾ നടന്നുകഴിഞ്ഞു. 60 മുതൽ 90 വയസ്സ് വരെയുള്ളവർ പങ്കെടുത്തു. പല രൂപതകളിൽനിന്നും പങ്കാളിത്തമുണ്ട്.

## ഗ്രേസ്ഫുൾ ധ്യാനം

No.5 **മാർച്ച് 10–13**

No.6 **മെയ് 19–22**

ബുക്കിങ്ങിന്: **8086399023, 9495107045**

അമ്പതുനോമ്പുകാലത്ത് ഒരുദിവസം പ്രായമായവരെ പ്രത്യേകം ഒരുക്കാനും പരിഗണിക്കാനും ഇടവകകളിൽ വയോജനസംഗമം (വിശുദ്ധസംഗമം) സംഘടിപ്പിക്കുന്നത് ഉചിതമാണ്. ഇടവകത്തിരുന്നാൾവേളയിലും ഒരുദിവസം പ്രായമായവർക്കുവേണ്ടി മാറ്റിവെച്ച് അവരെ ആദരിക്കാം.

**ക്രിസ്തുമസ്കാലത്ത് വയോജനസമാഗമങ്ങൾ:** പുളിങ്കുന്ന്, പൊടിപ്പാറ, പായിപ്പാട്-നാലുകോടി, കൊടുപ്പുന്ന, കത്തീഡ്രൽ, മുട്ടാർ എന്നീ ഇടവകകളിൽ സദ്വാർത്ത സംഗമങ്ങൾ നടന്നു.

## സീനിയർ സിറ്റിസൺസ് ഗ്രേസ്ഫുൾ ധ്യാനം 4

60 മുതൽ 90 വയസ്സ് വരെയുള്ള 80 പേർ മൂന്നുദിവസം താമസിച്ച് ധ്യാനത്തിൽ പങ്കെടുത്തു. അഭി. മാർ ജോസഫ് കോച്ചേരിപ്പിതാവ് ധ്യാനം ഉദ്ഘാടനം ചെയ്ത് അനുഗ്രഹസന്ദേശം നൽകി. ഫാ. തോമസ് പ്ലാപ്പറമ്പിൽ, ഫാ. മാത്യു തുമ്പേച്ചിറയിൽ, ഫാ. പോൾ വേങ്ങാശ്ശേരി, ഫാ. ഐസക് മുണ്ടുനടയ്ക്കൽ, ഡോ. ജോസ് ജോസഫ്, ജോസ് പത്തുംപാടം എന്നിവർ ക്ലാസ്സുകളെടുത്തു. ജപമാല പ്രദക്ഷിണം, യാമപ്രാർത്ഥനകൾ, അനുരഞ്ജനശുശ്രൂഷ, കൗൺസെലിങ്, പരിശുദ്ധ കുർബാന, മെഡിക്കൽ ചെക്കപ്പ്, വ്യായാമപരിശീലനം എന്നിവ ധ്യാനം ഗ്രേസ്ഫുള്ളാക്കിത്തീർത്തു.

പ്രായമായവരുടെ ധ്യാനത്തിൽ മെഡിക്കൽ ടീമിനെ അയയ്ക്കുന്ന ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ഡയറക്ടർ അച്ചന്മാർക്ക് പ്രത്യേകം നന്ദിയറിയിക്കുന്നു.

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

■

# CORPORATE MANAGEMENT OF SCHOOLS

## അധ്യാപക സെലക്ഷൻ

**ഹയർ സെക്കൻഡറി ഗെസ്റ്റ് ഇന്റർവ്യൂ**

അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റ് ഹയർ സെക്കൻഡറി വിഭാഗത്തിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന വിഷയങ്ങൾക്ക് ഗെസ്റ്റ് അധ്യാപകരെ തെരഞ്ഞെടുക്കുന്നു.

*ഇംഗ്ലിഷ്, മലയാളം, ഹിന്ദി, ഫിസിക്സ്, കെമിസ്ട്രി, കണക്ക്, ബോട്ടണി, സുവോളജി, കൊമേഴ്സ്, കമ്പ്യൂട്ടർ സയൻസ്, ഇക്കണോമിക്സ്, ഹിസ്റ്ററി, സോഷ്യോളജി, പൊളിറ്റിക്കൽ സയൻസ്, ഹോം സയൻസ്*

നിർദിഷ്ട യോഗ്യതയുള്ളവർ **മാർച്ച് പന്ത്രണ്ടിനകം** കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുക. ഇന്റർവ്യൂ തീയതി നേരിട്ട് അറിയിക്കുന്നതാണ്.

**എച്ച്.എസ്.റ്റി. ഹിന്ദി, ലോവർ ഗ്രേഡ് ഹിന്ദി**

അതിരൂപതാ കോർപ്പറേറ്റ് മാനേജുമെന്റിനുകീഴിൽ വിവിധ സ്കൂളുകളിൽ നിയമിക്കുന്നതിനായി എച്ച്.എസ്.റ്റി. ഹിന്ദി, ലോവർ ഗ്രേഡ് ഹിന്ദി തസ്തികകളിലേയ്ക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഇടവക തെളിയിക്കുന്നതിനായി വികാരിയുടെ കത്ത്, വിദ്യാഭ്യാസയോഗ്യത തെളിയിക്കുന്ന രേഖകൾ എന്നിവ സഹിതം **മാർച്ച് 12 ന് മുമ്പായി** കോർപ്പറേറ്റ് ഓഫീസിൽ പേരുകൾ രജിസ്റ്റർ ചെയ്യുക.

**ഇന്റർവ്യൂ - മാർച്ച് 21 ന്** കോർപ്പറേറ്റ് ഓഫീസിൽ

**ഫാ. ജോസഫ് കറുകയിൽ**

*(കോർപ്പറേറ്റ് മാനേജർ)*

# CARP
## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

### മാർച്ച് മാസത്തിലും തുടർന്നും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**EWS സർട്ടിഫിക്കറ്റ്**

NEET, KEAM, Bsc Nursing LBS, Paramedical Courses, +1 തുടങ്ങീ എല്ലാ കേന്ദ്ര സംസ്ഥാന, സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രവേശനത്തിനും EWS സർട്ടിഫിക്കറ്റ് കൈവശമുള്ള സുറിയാനി ക്രിസ്ത്യാനികൾക്കും ഇതുവരെ സംവരണമില്ലാതിരുന്ന മറ്റ് വിഭാഗങ്ങൾക്കുമായി 10% സീറ്റുകൾ സംവരണം ചെയ്തിരിക്കുന്നു. സർക്കാർ നിശ്ചയിച്ചിരിക്കുന്ന സാമ്പത്തിക മാനദണ്ഡങ്ങളിൽ ഉൾപ്പെട്ടവർ വില്ലേജ് ഓഫീസുകളിൽ നേരിട്ട് (അക്ഷയകേന്ദ്രങ്ങൾ വഴി യല്ല) അപേക്ഷകൾ നൽകുക. വിശദവിവരങ്ങൾക്കും അപേക്ഷാഫോറം, സർട്ടിഫിക്കറ്റ് ഫോറം ഇവ ഡൗൺലോഡ് ചെയ്യുന്നതിന് CARP Website carpchanganacherry.com സന്ദർശിക്കുക. അതിൽ സംവരണം എന്ന ഓപ്ഷ നിൽ ക്ലിക്ക് ചെയ്യുക. അതിനുള്ളിൽ കയറിയാൽ കേന്ദ്ര EWS, സംസ്ഥാന EWS എന്നിവ വായിച്ചു മനസിലാക്കാൻ സാധിക്കും. കൂടുതൽ സഹായങ്ങൾ ആവശ്യമുള്ളവർ 6238214912 എന്ന നമ്പറിൽ വിളിക്കുക.

**കേന്ദ്രസർക്കാർ സോളാർ പദ്ധതി**

50 % മുതൽ 80 % വരെ സബ്സിഡി ലഭിക്കുന്ന കേന്ദ്രസർക്കാർ സോളാർ പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചു. കെ.എസ്.ഇ.ബി. കണക്ഷൻ ഉള്ള ആർക്കും APL, BPL വ്യത്യാസമില്ലാതെ ഓൺലൈൻ ആയി അപേക്ഷിക്കാം. Website: pmsuryaghar.gov.in

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

■

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ !**

ദേശീയതലത്തിലും അന്തർദേശീയതലത്തിലും ഒട്ടേറെ ദിനാചരണങ്ങൾ നടക്കാറുണ്ട്. അതിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ദിനമാണ് അന്താരാഷ്ട്ര വനിതാദിനമായി ആചരിക്കുന്ന മാർച്ച് 8. ഓരോ ദിനാചരണവും അത് മുമ്പോട്ടു വെക്കുന്ന വിഷയത്തിന്റെ അല്ലെങ്കിൽ ആശയത്തിന്റെ പ്രസക്തി വ്യക്തിജീവിതത്തിലും സാമൂഹ്യതലത്തിലും വരുത്തേണ്ട മാറ്റങ്ങളെയും തീരുമാനങ്ങളെയും കുറിച്ച് നമുക്ക് അവബോധം നൽകുന്നു. പക്ഷേ പലപ്പോഴും ദിനാചരണങ്ങൾ ചടങ്ങായി മാത്രം അവശേഷിക്കുന്നുയെന്നതാണ് സത്യം. ആത്മാർത്ഥതയില്ലാത്ത ഇത്തരം പ്രഹസനങ്ങൾ നമുക്കാവശ്യമില്ല. മറിച്ച് മാറ്റങ്ങൾക്ക് വഴിതുറക്കുന്ന മൂല്യാധിഷ്ഠിതപ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുവാനും അത് ജീവിതത്തിൽ പകർത്തുവാനും സാധിക്കണം. അപ്പോൾ മാത്രമാണ് ദിനാചരണങ്ങൾ അർത്ഥവത്താകുന്നതും ഫലപ്രദമാകുന്നതും. സ്ത്രീസമൂഹത്തോട് പങ്കുചേരുവാനും അവരോടു സമഭാവനയോടുകൂടി വർത്തിക്കുവാനും സമൂഹത്തിന് സാധിക്കണം. സ്ത്രീ അമ്മയാണ്, ഭാര്യയാണ്, സഹോദരിയാണ്, മകളാണ്. അമ്മയെന്ന നന്മയെ തിരിച്ചറിഞ്ഞ് സ്ത്രീയെ ആദരിക്കാം. മാർച്ച് 9 ശനിയാഴ്ച 3 ന് ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിലാണ് ഈ വർഷത്തെ വനിതാദിനം ചാസ്സ് സംഘടിപ്പിക്കുന്നത്. ഏവർക്കും വനിതാദിനത്തിന്റെ ഭാവുകങ്ങൾ ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
*(അസിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## അറിയിപ്പ്

### പുതിയ അസിസ്റ്റന്റ് ഡയറക്ടർ

ചാസ്സിന്റെ പുതിയ അസിസ്റ്റന്റ് ഡയറക്ടറായി ഫാ. ജോസഫ് ചോരേട്ട് ചാമക്കാല ഫെബ്രുവരി 13 ന് നിയമിതനായി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കലിന്റെ നേതൃത്വത്തിൽ ചാസ്സ് കുടുംബാംഗങ്ങൾ ഒന്നുചേർന്ന് അച്ചനെ സ്വാഗതം ചെയ്തു.

## കേന്ദ്രവാർത്തകൾ

- **കെയർ എ ഫാമിലി പ്രോഗ്രാം ബോധവത്കരണ ക്ലാസ്സ്**

കെയർ എ ഫാമിലി പ്രോഗ്രാമിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ കുടുംബങ്ങൾക്ക് ജനുവരി 25 ന് ചാസ്സ് കേന്ദ്രഓഫീസിൽ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം

നൽകി. പ്രൊജക്റ്റ് ഓഫീസർ സി. സെൽമ എസ്.ആർ.എ. പദ്ധതിവിശദീകരണം നടത്തി.

### ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതി

### ബോധവത്കരണ സെമിനാറും മെഡിക്കൽക്യാമ്പും

വേൾഡ് ക്യാൻസർ ദിനാചരണത്തോടനുബന്ധിച്ച് ചാസ്സ്, തിരുവല്ല പുഷ്പഗിരി മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് സൗജന്യ ക്യാൻസർ രോഗനിർണയ മെഡിക്കൽ ക്യാമ്പും ബോധവത്കരണ സെമിനാറും സംഘടിപ്പിച്ചു. സ്തനാർബുദത്തെയും സ്വയം സ്തനപരിശോധനയെക്കുറിച്ചുംനടന്ന സെമിനാറിൽ ഡോ. ബെറ്റ്സി എ. ജോസ്, ഡോ. ഡെൻസി ഡേവിഡ് എന്നിവരുൾപ്പെടെ 9 ഡോക്ടർമാർ നേതൃത്വംനൽകി.

പൂവം പ്രേഷിതറാണി ഹെൽത്ത് സെന്ററിൽ ഫെബ്രുവരി 4 ന് സംഘടിപ്പിച്ച ക്യാമ്പിൽ 48 വനിതകൾ പങ്കെടുത്തു.

പാറേൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 8 ന് സെന്റ് മേരീസ് പാരിഷ് ഹാളിൽ സംഘടിപ്പിച്ച ക്യാമ്പിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജേക്കബ് വാരിക്കാട്ട് അദ്ധ്യക്ഷതവഹിച്ചു. മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി ഉദ്ഘാടനം നിർവഹിച്ചു. മുനിസിപ്പൽ വൈസ് ചെയർമാൻ മാത്യൂസ് ജോർജ്, യൂണിറ്റ് ഭാരവാഹികളായ ജോസുകുട്ടി കുട്ടംപേരൂർ, ബാബു വള്ളപ്പുര, തങ്കച്ചൻ പുല്ലുകാട്ട് എന്നിവർ പ്രസംഗിച്ചു. 37 വനിതകൾ പരിശോധനയ്ക്ക് വിധേയരായി.

നെടുങ്കുന്നം യൂണിറ്റിന്റെ നേതൃത്വത്തിൽ സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ ഫെബ്രുവരി 22 ന് സംഘടിപ്പിച്ച ക്യാമ്പ് ഫൊറോനാവികാരി ഫാ. വർഗീസ് കൈതപ്പറമ്പിൽ ഉദ്ഘാടനംചെയ്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

### റിഹാസ്വിസ്സ് പദ്ധതി വിലയിരുത്തൽ യോഗം

റിഹാസ്വിസ്സിന്റെ സഹായത്തോടെ ചാസ്സ് നടപ്പിലാക്കിവരുന്ന ഭിന്നശേഷിക്കാർക്കുള്ള സ്വയംതൊഴിൽപദ്ധതിയിൽ 2022-23 കാലഘട്ടത്തിൽ സഹായം ലഭിച്ച 21 കുടുംബങ്ങളുടെ സ്വയംതൊഴിൽപദ്ധതി വിലയിരുത്തുന്നതിനും കുടുംബാംഗങ്ങളുമായി മുഖാഭിമുഖം നടത്തുന്നതിനും റിഹാസ്വിസ്സ് സ്ഥാപക പ്രസിഡന്റ് ജോസഫ് ഏറത്തോട്ടും ടീം അംഗങ്ങളും ഫെബ്രുവരി 6 ന് ചാസ്സ് കേന്ദ്രഓഫീസ് സന്ദർശിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ അദ്ധ്യക്ഷതവഹിച്ചു. പ്രോഗ്രാം ഓഫീസർ ജോബി മാത്യു, പ്രൊജക്റ്റ് കോഡിനേറ്റർ ഷീബമോൾ സന്തോഷ് എന്നിവർ പ്രസംഗിച്ചു.

- **ചാരിറ്റി ഗോട്ട് ഫാം**

ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി സ്വിറ്റ്സർലന്റിലെ റിഹാസ്വിസ്സുമായി സഹകരിച്ച് ഭിന്നശേഷിക്കാർക്കായി ആരംഭിച്ച 'ചാരിറ്റി ഗോട്ട് ഫാമിന്റെ' ആശീർവാദകർമം ഫെബ്രുവരി 19 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് അതിരൂപതാ മെത്രാപ്പോലീത്ത അഭി. മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. തുടർന്നു

നടന്ന സമ്മേളനത്തിൽ തോമസ് ചാഴികാടൻ എം.പി. ചാരിറ്റി ഗോട്ട് ഫാം ഉദ്ഘാടനംചെയ്തു. ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽപദ്ധതി ലഭ്യമാക്കുകയെന്നതാണ് ചാരിറ്റി ഗോട്ട് ഫാമിന്റെ ലക്ഷ്യം. ഒരേസമയം 100 ആടുകളെ വളർത്തുന്നതിനും ജൈവവളനിർമാണത്തിനും ആടുവളർത്തൽ പരിശീലനത്തിനും തീറ്റപ്പുൽകൃഷിക്കുമായുള്ള വിപുലമായ ക്രമീകരണം ഇവിടെ ഒരുക്കിയിട്ടുണ്ട്. ഇതിനുവേണ്ട സഹായസഹകരണങ്ങൾ ലഭ്യമാക്കിയ റിഹാസ്വിസ്സ് സ്ഥാപക പ്രസിഡന്റ് ജോസഫ് ഏർത്തോട്ടിനെയും ജീവിതപങ്കാളി സൂസന്നയെയും തദവസരത്തിൽ അഭി. പിതാവ് ആദരിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസി. ഡയറക്ടർമാരായ ഫാ. ജോർജ് തൈച്ചേരിൽ, ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രോഗ്രാം ഓഫീസർ ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. അതിരൂപതാ പ്രൊക്യുറേറ്റർ ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, മുൻ ചാസ്സ് ഡയറക്ടറും ജീവകാരുണ്യനിധി ട്രസ്റ്റ് ഡയറക്ടറുമായ ഫാ. ഗ്രിഗറി ഓണംകുളം, തോട്ടയ്ക്കാട് ചാസ്സ് യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ പരുവപ്പറമ്പിൽ, യൂണിറ്റ് ഭാരവാഹികൾ, ചാസ്സ് സ്റ്റാഫംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

### യൂണിറ്റ് ഇലക്ഷൻ

ചാസ്സിന്റെ പ്രവർത്തനങ്ങൾക്ക് 2024-2027 കാലഘട്ടത്തിൽ നേതൃത്വം കൊടുക്കേണ്ട യൂണിറ്റ് ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് എല്ലാ മേഖലകളിലും നടന്നുവരുന്നു. **മാർച്ച് ഇരുപതിനകം** തെരഞ്ഞെടുപ്പ് പൂർത്തിയാക്കി ലിസ്റ്റും റിപ്പോർട്ടും കേന്ദ്രഓഫീസിൽ ഏല്പിക്കേണ്ടതാണ്. ഫെബ്രുവരി 18 വരെ ഇലക്ഷൻ പൂർത്തിയാക്കിയ യൂണിറ്റുകളുടെ ലിസ്റ്റ് ചുവടെചേർക്കുന്നു.

| ***തീയതി*** | ***യൂണിറ്റ്*** |
|---|---|
| 21.01.2024 | മുട്ടാർ ഓൾഡ്, പച്ച-ചെക്കിടിക്കാട്, |
| 26.01.2024 | വില്ലൂന്നി |
| 28.01.2024 | പൊങ്ങ, നർബോനപുരം, കുറുമ്പനാടം, പാദുവാപുരം, പുറക്കാട് |
| 30.01.2024 | കുളത്തൂർ |
| 01.02.2024 | മുട്ടാർ സി.എം.ഐ., മുട്ടാർ ന്യൂ |
| 03.02.2024 | നാൽപാത്തിമല |
| 04.02.2024 | മണ്ണാർകുന്ന്, മിത്രക്കരി, കൈനടി, വൈശ്യംഭാഗം, മാന്നില, പുളിങ്കുന്ന്, വടക്കേ അമിച്ചകരി, ചീപ്പുങ്കൽ |
| 07.02.2024 | പുതുക്കരി |
| 10.02.2024 | പള്ളിക്കൂട്ടുമ്മ |
| 11.02.2024 | കുറുമ്പനാടം അസംപ്ഷൻ |
| 13.02.2024 | കൂത്രപ്പള്ളി |
| 18.02.2024 | കായൽപ്പുറം, എടത്വാ, പൊടിപ്പാറ, തത്തംപള്ളി, പൂന്തോപ്പ്, കിളിരൂർ |

### സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 20.02.2024 | ഫാത്തിമാപുരം | തളിർ | 20 |

### കൂൺകൃഷി പരിശീലനം

ടൈസ് വെള്ളൂർ (ട്രോപ്പിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കോളജിക്കൽ സയൻസസ്) റിസോഴ്സ് സെന്റർ പാമ്പാടിയിൽ ജനുവരി 25 ന് സംഘടിപ്പിച്ച കൂൺകൃഷി പരിശീലനപരിപാടിയിൽ ചാസ്സിൽനിന്നും മേഖലാ കോഡിനേറ്റർ അൽഫോൻസ് വർഗീസ്, ഗ്രെയ്സമ്മ ജോസഫ് എന്നിവർ പങ്കെടുത്തു. വിവിധതരം കൂണുകൾ കൃഷിചെയ്യുന്ന രീതി, കൃഷിക്കാവശ്യമായ ബെഡ് തയ്യാറാക്കുന്ന വിധം, വ്യാവസായികാടിസ്ഥാനത്തിൽ കൂൺകൃഷി ചെയ്യുമ്പോളുണ്ടാകുന്ന ഗുണങ്ങളും ദോഷങ്ങളും എന്നിവയെക്കുറിച്ച് ക്ലാസിൽ വിശദീകരിച്ചു.

## ചാസ്സ് സാമൂഹ്യസുരക്ഷാ സഹായപദ്ധതി

ചാസ്സിന്റെ സാമൂഹ്യസുരക്ഷാ സഹായപദ്ധതികൾവഴി ഫെബ്രുവരിമാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

**1) SHG മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 2 കുടുംബങ്ങൾക്ക് 20,000/- രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 663. ജോസഫ് ചാക്കോ | ഒരുമ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 664. ത്രേസ്യാമ്മ ആന്റണി | ദൃശ്യ | പൂന്തോപ്പ് | ആലപ്പുഴ |

**2) മ്യൂചൽ ബനഫിറ്റ് സ്കീം-MBS** (ഒരു കുടുംബത്തിന് 10,000/- രൂപ വീതം 9 കുടുംബങ്ങൾക്ക് 90,000/ രൂപ മരണാനന്തരസഹായം അനുവദിച്ചു)

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1016. ജോസഫ് ചാക്കോ ചിറയിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1017. ജെസമ്മ ബനഡിക്റ്റ് പാട്ടത്തിൽ | വടക്കേ അമിച്ചകരി | ചമ്പക്കുളം |
| 1018. ഏലിക്കുട്ടി മാത്യു നടുവത്തേട്ട് | നാൽപാത്തിമല | അതിരമ്പുഴ |
| 1019. ജോളി തോമസ് കണ്ണന്തറ | പൊടിപ്പാറ | തുരുത്തി |
| 1020. ഏലിക്കുട്ടി ഫിലിപ്പ് മുട്ടത്തേട്ട് | പായിപ്പാട് | തൃക്കൊടിത്താനം |
| 1021. മേരി ജോസഫ് പുത്തൻപുരയിൽ | അതിരമ്പുഴ | അതിരമ്പുഴ |
| 1022. ആന്റണി വർഗീസ് കാട്ടടി | മിത്രക്കരി | പുളിങ്കുന്ന് |
| 1023. വിൽസൺ പുതുവേൽ | ആര്യങ്കാവ് | കൊല്ലം |
| 1024. തോമസ് മാത്യു സ്വരംതോട്ടി | ആര്യങ്കാവ് | കൊല്ലം |

# മേഖലാവാർത്തകൾ

## ആലപ്പുഴ

**മേഖലാസമ്മേളനം:** പഴവങ്ങാടി യൂണിറ്റിൽ ജനുവരി 28 ന് ആലപ്പുഴ മേഖലാസമ്മേളനം സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് തോമസ് തൈച്ചേരി യുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ സെക്രട്ടറി ജോഷി നെടിയപറ മ്പിൽ സ്വാഗതമാശംസിച്ചു. വനിതാദിനാചരണത്തോടനുബന്ധിച്ച് നടത്തുന്ന മത്സരങ്ങൾ, മേഖലാവാർഷികം, ഫുഡ് ഫെസ്റ്റ് തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്തു. മേഖലാ കോഡിനേറ്റർ ഡി. ജോസഫ് നേതൃത്വംനൽകി.

## ചമ്പക്കുളം

**മേഖലാസമ്മേളനം:** ചമ്പക്കുളം മേഖലാസമ്മേളനം ജനുവരി 27 ന് ചമ്പക്കുളം സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ചു. യൂണിറ്റുതലത്തിൽ റിപ്പോർട്ട് അവതരിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. മേഖലാ പ്രസിഡന്റ് ലിജോ കടുക്കാത്ര അദ്ധ്യക്ഷതവഹിച്ചു. കോഡിനേറ്റർ ബിനു ജോസഫ് നേതൃത്വം നൽകി.

## പുളിങ്കുന്ന്

**മേഖലാസമ്മേളനം:** പുളിങ്കുന്ന് മേഖലാസമ്മേളനം ജനുവരി 27 ന് കായൽപ്പുറം സെന്റ് ജോസഫ്സ് പള്ളിയുടെ ഹാളിൽ സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ലാലിച്ചൻ മരിയാലയം അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റുതലത്തിൽ റിപ്പോർട്ട് അവതരിപ്പിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. കോഡിനേറ്റർ ബിനു ജോസഫ് നേതൃത്വംനൽകി.

**സ്വാശ്രയസംഘസംഗമം:** കാവാലം സെന്റ് തെരേസാസ് യൂണിറ്റിന്റെ ആഭി മുഖ്യത്തിൽ ജനുവരി 27 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. *സ്വാശ്രയ സംഘവും സംരംഭകത്വവും* എന്നവിഷയത്തിൽ മേഖലാ കോഡിനേറ്റർ ബിനു ജോസഫ് ക്ലാസ്സ് നയിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

### മരിയഭവൻ സന്ദർശനം

ചേന്നങ്കരി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജയിംസ് അത്തിക്കളത്തിന്റെ നേതൃത്വത്തിൽ ജനുവരി 27 ന് ആലപ്പുഴ പറവൂർ മരിയഭവൻ സന്ദർശിച്ച് അന്തേവാസികൾക്ക് ഭക്ഷണം വിതരണംചെയ്തു.

**ഊർജിതം 2024:** പുന്നക്കുന്നത്തുശ്ശേരി യൂണിറ്റിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സംഘങ്ങളെ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ഫെബ്രുവരി 12 ന് **ഊർജിതം 2024** സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. തോമസ് മണിയഞ്ചിറ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ *സ്വാശ്രയസംഘവും സാധ്യതകളും* എന്ന വിഷയത്തെക്കുറിച്ച് സംഘങ്ങൾ സന്ദർശിച്ച് ക്ലാസ്സ് നയിച്ചു. യൂണിറ്റ് കമ്മിറ്റിയംഗ ങ്ങളായ സി. റോസ് മരിയ എസ്.എ.ബി.എസ്., സി. ജ്യോതിസ് എസ്.എ.ബി. എസ്., മോളി വർഗീസ് എന്നിവർ ആശംസകളർപ്പിച്ചു.

**തയ്യൽപരിശീലനം:** വടക്കേ അമിച്ചകരി യൂണിറ്റിൽ സ്വാശ്രയസംഘാംഗങ്ങളെ ഉൾപ്പെടുത്തി മൂന്നുമാസത്തെ **സഞ്ചാരി** തയ്യൽപരിശീലനം ഫെബ്രുവരി 12 ന് ആരംഭിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവ ഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. അലക്സ് പാറപ്പുറം അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് സെക്രട്ടറി ജെസി ജോജി, ത്രേസ്യാമ്മ ജോസഫ് എന്നിവർ പ്രസംഗിച്ചു.

### എടത്വാ

### യൂണിറ്റ് വാർഷികവും പൊതുയോഗവും

പച്ച-ചെക്കിടിക്കാട് യൂണിറ്റ് വാർഷികവും പൊതുയോഗവും ഫാ. ജോസഫ് ചൂളപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ജനുവരി 21 ന് നടത്തപ്പെട്ടു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ 16 കുട്ടികൾക്ക് ക്യാഷ് അവാർഡുനൽകി ആദരിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

### സംഘവാർഷികവും കുടുംബസംഗമവും

മുട്ടാർ ഓൾഡ് 'സമൃദ്ധി' സ്വാശ്രയസംഘവാർഷികവും കുടുംബസംഗമവും ജനുവരി 28 ന് പൂയപ്പള്ളി മാത്തുക്കുട്ടി ജോസഫിന്റെ ഭവനത്തിൽ യൂണിറ്റ് ഡയറക്ടർ ഫാ. സ്കറിയ ചേപ്പില ഉദ്ഘാടനംചെയ്തു. മുട്ടാർ പഞ്ചായ ത്തംഗം ജോബ് മാമ്മൂട്ടിൽ, മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ, യൂണിറ്റ് പ്രസിഡന്റ് എസ്. റ്റി. ചാക്കോ, സെക്രട്ടറി ലാലി മുട്ടാർ എന്നിവർ ആശംസകളർപ്പിച്ചു. സംഘാംഗങ്ങൾ നേതൃത്വംനൽകി. മുട്ടാർ മോഡൽ ഗ്രാമം പദ്ധതിയിൽ പ്രവർത്തിക്കുന്ന 18 കുടുംബാംഗങ്ങളൊന്നിച്ച് സ്നേഹവിരുന്ന് നടത്തി.

### തൃക്കൊടിത്താനം

**സ്വാശ്രയസംഘം - ജെ.എൽ.ജി. സംഗമം**: ഫാത്തിമാപുരം യൂണിറ്റിൽ ഫെബ്രുവരി 3 ന് സ്വാശ്രയസംഘസംഗമവും ജെ.എൽ.ജി. സംഗമവും സംഘടി പ്പിച്ചു. സംഘങ്ങളുടെയും ജെ.എൽ.ജി.കളുടെയും പ്രവർത്തനപുരോഗതി വിലയി രുത്തുകയും വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു. സാമൂഹ്യസേവന വിവരശേഖരണത്തിന്റെ സർവേയുടെ ഭാഗമായി ചങ്ങനാശ്ശേരി സെന്റ് ബർക് മൻസ് കോളേജിലെ ബികോം വിദ്യാർത്ഥികൾ മീറ്റിങ്ങിൽ പങ്കെടുത്തു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വംനൽകി.

### മണിമല

**സംഘവാർഷികം:** വായ്പൂർ ഓൾഡ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ധനശ്രീ' സ്വാശ്രയസംഘത്തിന്റെ ഒന്നാമത് വാർഷികം ഫെബ്രുവരി 17 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോമോൻ വടക്കേപറമ്പിൽ ഉദ്ഘാടനംചെയ്തു.

## നെടുങ്കുന്നം

**തയ്യൽപരിശീലനം:** നെടുങ്കുന്നം യൂണിറ്റിൽ ഫെബ്രുവരി 5 മുതൽ രണ്ടു മാസത്തെ തയ്യൽപരിശീലനം ആരംഭിച്ചു. 15 വനിതകൾ ഇതിൽ പങ്കെടുത്തു വരുന്നു.

## അതിരമ്പുഴ

**സ്വാശ്രയസംഘ വാർഷികം:** തെള്ളകം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'വികാസ്' സ്വാശ്രയസംഘത്തിന്റെ 25-ാമത് വാർഷികം ഫെബ്രുവരി 10 ന് സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ജോസഫ് ആലുങ്കൽ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് രാജൻ ചൂരക്കളം അദ്ധ്യക്ഷതവഹിച്ചു. സി. റെജീസ് എസ്.എ.ബി.എസ്., കോഡിനേറ്റർ സജി ഷാജി എന്നിവർ പ്രസംഗിച്ചു.

**മാവേലി-വനിതാ സ്വാശ്രയസംഘ ഉദ്ഘാടനം:** മാവേലി പുരുഷ-വനിതാ സ്വാശ്രയസംഘങ്ങളുടെ നേതൃത്വത്തിൽ ചാസ്സ് അസി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാലയ്ക്ക് സ്വീകരണംനൽകി. ഫെബ്രുവരി 18 ന് നടത്തിയ യോഗ ത്തിൽ മാവേലി വനിതാ സ്വാശ്രയസംഘത്തിന്റെ പ്രവർത്തനോദ്ഘാടനം അസി. ഡയറക്ടർ നിർവഹിച്ചു.

## തുരുത്തി

**സംഘവാർഷികം:** ഇത്തിത്താനം യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ലാവണ്യ' സ്വാശ്രയസംഘത്തിന്റെ വാർഷികം ജനുവരി 24 ന് സംഘടിപ്പിച്ചു. യൂണിറ്റ് പ്രസിഡന്റ് പി.എസ്. തോമസ് ഉദ്ഘാടനംചെയ്തു. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ, വർഗീസ് കോട്ടൂർ എന്നിവർ പ്രസംഗിച്ചു.

കാവാലം സെന്റ് ജോസഫ്സ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ശാലോം' 'എയ്ഞ്ചൽ' എന്നീ സ്വാശ്രയസംഘങ്ങളുടെ വാർഷികം ജനുവരി 29, 31 തീയതി കളിൽ നടത്തി. യൂണിറ്റ് സെക്രട്ടറി ലിയോ ജോസഫ് ഉദ്ഘാടനംചെയ്തു. കോഡിനേറ്റർ സിജി ബിജുമോൻ ആശംസയർപ്പിച്ചു.

**തയ്യൽപരിശീലന സമാപനം:** പൊടിപ്പാറ യൂണിറ്റിൽ നടത്തിയിരുന്ന തയ്യൽ പരിശീലനം ഫെബ്രുവരി 4 ന് സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയ വനിത കൾക്ക് യൂണിറ്റ് ഡയറക്ടർ ഫാ. ഐസക് മുണ്ടുനടയ്ക്കൽ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

■

# ചാസ്-ഖാദി ഗ്രാമവ്യവസായമേഖല

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി മാസത്തിൽ നടത്തിയ കോഴ്സുകൾ

**ബീ – കീപ്പിങ് ഹോബി കോഴ്സ് പരിശീലനം**

ഫെബ്രുവരി 12 ന് തുരുത്തിക്കാട് ബി.എ.എം. കോളേജ് സുവോളജിവിഭാഗം വിദ്യാർത്ഥികൾക്കായി ഒരാഴ്ചത്തെ ബീ – കീപ്പിങ് ഹോബി കോഴ്സ് സംഘടിപ്പിച്ചു. 52 പേർ പങ്കെടുത്തു.

**ഹാൻഡ് എംബ്രോയിഡറി കോഴ്സ് പരിശീലനം**

ഫെബ്രുവരി 01 ന് തൃക്കൊടിത്താനം സി.എം.സി. ലിറ്റിൽ ഫ്ളവർ കോൺവെന്റിൽ 17 പേർക്കായി ആരംഭിച്ച ഹാൻഡ് എംബ്രോയിഡറി കോഴ്സ് ഫെബ്രുവരി 21 ന് സമാപിച്ചു. മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ വൈസ് പ്രിൻസിപ്പൽ ഫാ. വർഗീസ് നമ്പിമഠം സന്ദേശംനൽകി.

**ചർക്കയിൽ നൂൽനൂൽപ് പരിശീലനം**

ജനുവരി 01 ന് മല്ലപ്പള്ളി വിദ്യാലയത്തിന്റെ കീഴിൽ പാമ്പാടി, നെടുങ്കുന്നം എന്നീ ഖാദി ബോർഡ് യൂണിറ്റുകളിൽ 15 പേർക്കായി ആരംഭിച്ച രണ്ട് മാസത്തെ നൂൽനൂൽപ് പരിശീലനം ഫെബ്രുവരി 29 ന് സമാപിച്ചു.

**ബീ – കീപ്പിങ് ഹോബി കോഴ്സ് പരിശീലനം**

ഫെബ്രുവരി 01 മുതൽ പത്തനംതിട്ട ഇലന്തൂർ ഗവ. ആർട്ട്സ് & സയൻസ് കോളേജിൽ ഒരുമാസത്തെ ബീ – കീപ്പിങ് ഹോബി കോഴ്സ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ആർ. സുധാഭായി ഉദ്ഘാടനംചെയ്തു. 33 പേർ ക്ലാസ്സിൽ പങ്കെടുത്തു.

**ബ്യൂട്ടി കെയർ മാനേജുമെന്റ് കോഴ്സ്**

കൂരിശുമ്മൂട് മീഡിയ വില്ലേജിൽ 20 പേർക്കായി ആരംഭിച്ച ബ്യൂട്ടി കെയർ മാനേജുമെന്റ് കോഴ്സ് ഫെബ്രുവരി 24 ന് സമാപിച്ചു.

കൂടാതെ 2023 ഡിസംബർ 18 ന് മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിൽ 12 പേരുമായി ആരംഭിച്ച സെമി ഓട്ടോമാറ്റിക്ക് ലൂം വീവിങ് കോഴ്സും 2023 ഒക്ടോബർ ഒന്നിന് 19 പേരുമായി ആരംഭിച്ച 6 മാസത്തെ ഫ്രെയിം ലൂം വീവിങ് കോഴ്സും 2023 ഒക്ടോബർ ഒന്നിന് 10 പേരുമായി മാമ്മൂട്ടിൽ ആരംഭിച്ച കാർപ്പെന്ററി കോഴ്സിന്റെയും പരിശീലനം വിജയകരമായി മുന്നോട്ടുനീങ്ങുന്നു.

## ഫെബ്രുവരി /മാർച്ച് മാസത്തിൽ ആരംഭിക്കുന്ന കോഴ്സുകൾ

| | പ്രോഗ്രാം | തീയതി | സ്ഥലം | പങ്കെടുക്കുന്നവർ |
|---|---|---|---|---|
| 1 | ബ്യൂട്ടി കെയർ മാനേജുമെന്റ് | 6.02.2024<br>31.03.2024 | എസ്.ബി കോളേജ്, ചങ്ങനാശ്ശേരി | 20 |

| | | | | |
|---|---|---|---|---|
| 2 | ബീ - കീപ്പിങ് ഹോബി കോഴ്സ് | 26.02.2023 02.03.2024 | ബസേലിയസ് കോളേജ്, കോട്ടയം | 50 |
| 3 | തയ്യൽപരിശീലനം | 01.03.2024 31.05.2024 | ലിറ്റിൽ ഫ്ളവർ കോൺവെന്റ്, തൃക്കൊടിത്താനം | 20 |
| 4 | കുടനിർമാണം | 01.03.2024 31.03.2024 | ബി.എ.എം. കോളേജ്, തുരുത്തിക്കാട് | 20 |
| 5 | സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫുഡ് പ്രൊഡക്റ്റ്സ്/ഹോം സയൻസ് | 04.03.2024 - 03.04.2024 | പ്രതീക്ഷ, സോഷ്യൽ സെന്റർ, കൂത്രപ്പള്ളി | 20 |

### ഖാദിയ്ക്ക് സ്പെഷ്യൽ റിബേറ്റ്

വർഷാവസാനത്തെ സ്റ്റോക്ക് ക്ലിയറൻസ് പ്രമാണിച്ച് **മാർച്ച് 18 മുതൽ 22 വരെ** സംസ്ഥാന ഗവൺമെന്റ് ഖാദിയ്ക്ക് 30% സ്പെഷ്യൽ റിബേറ്റ് പ്രഖ്യാപിച്ചിട്ടുണ്ട്. കോട്ടയം ശാസ്ത്രിറോഡിലും ചങ്ങനാശ്ശേരി അരമനപ്പടിയിലും മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയത്തിലുമുള്ള ഖാദിഭവനുകളിൽ ഖാദി വസ്ത്രങ്ങൾക്ക് 30% റിബേറ്റ് ലഭ്യമാണ്.

**ഫാ. ജോർജ് പനക്കേഴം**
*(ചാസ്-ഖാദി ഡയറക്ടർ)*
***9496807124***

**ഫാ. തോമസ് കുളത്തുങ്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*
***9455211827***

**ഫാ. വർഗീസ് നമ്പിമഠം**
*(വൈസ് പ്രിൻസിപ്പൽ, ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ, മല്ലപ്പള്ളി)*
***9633521483***

**ഫാ. ജോർജ് തൈച്ചേരിൽ**
*(അസിസ്റ്റന്റ് ഡയറക്ടർ)*
***9497391959***

■

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2023 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2024 ഫെബ്രുവരി 22 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 24. | പെരുന്ന | 46450 | 18600 |
| 25. | വൈശ്യംഭാഗം | 100200 | 40080 |
| 26. | വെളിയനാട് സെന്റ് സേവ്യേഴ്സ് | 82550 | 32180 |
| 27. | പായിപ്പാട് | 218940 | 87576 |
| 28. | ചേന്നങ്കരി | 101755 | 40702 |
| 29. | നർബോനപുരം | 101510 | 40500 |
| 30. | കുറുമ്പനാടം | 607180 | 242872 |
| 31. | കട്ടച്ചിറ | 84310 | 33724 |
| 32. | ചെറിയവെളിനെല്ലൂർ | 17290 | 6916 |
| 33. | പുളിങ്കുന്ന് | 307475 | 122990 |
| 34. | വായ്പൂർ ന്യൂ | 101140 | 40456 |
| 35. | പറാൽ | 34000 | 13600 |
| 36. | ഏറ്റുമാനൂർ | 413731 | 165492 |
| 37. | ചുങ്കപ്പാറ | 51365 | 20546 |
| 38. | ചാത്തനാട് | 40950 | 16380 |
| 39. | തോട്ടുവാത്തല | 25650 | 10260 |
| 40. | രാജമറ്റം | 58970 | 23588 |
| 41. | പുത്തനങ്ങാടി | 306030 | 121813 |
| 42. | മഹേന്ദ്രപുരം | 8000 | 3200 |
| 43. | ആര്യങ്കാവ് | 100650 | 40260 |
| 44. | തൃക്കൊടിത്താനം | 509513 | 203805 |
| 45. | കൈനകരി | 60290 | 20000 |
| 46. | അരുവിക്കുഴി | 134010 | 53604 |
| 47. | ആനക്കുളം | 16750 | 6700 |
| 48. | വെരൂർ | 642096 | 256838 |
| 49. | കോട്ടയ്ക്കുപുറം | 196574 | 78629 |

| | | | |
|---|---|---|---|
| 50. | പുന്നവേലി | 48690 | 19476 |
| 51. | ഇത്തിത്താനം | 432690 | 173076 |
| 52. | പുല്ലങ്ങടി | 43100 | 17240 |
| 53. | മണ്ണാർകുന്ന് | 134290 | 53716 |
| 54. | പുറക്കാട് | 88700 | 35480 |
| 55. | കൊടുപ്പുന്ന | 56550 | 22620 |
| 56. | ആയൂർ | 23800 | 9520 |
| 57. | പള്ളിക്കൂട്ടുമ്മ | 47400 | 19000 |
| 58. | കൈനടി | 84000 | 33600 |
| 59. | വെട്ടിമുകൾ | 214810 | 85922 |
| 60. | കൊടിനാട്ടുംകുന്ന് | 173111 | 69250 |
| 61. | അമ്പൂരി | 115450 | 46175 |
| 62. | ആറാട്ടുവഴി | 55495 | 22200 |
| 63. | കോട്ടാങ്ങൽ | 47440 | 18976 |
| 64. | പാറേൽ | 582682 | 233093 |
| 65. | കുറ്റിക്കോണം | 14450 | 5780 |
| 66. | ആറുമാനൂർ | 65830 | 26332 |
| 67. | പുന്നമട | 131550 | 52620 |
| 68. | പാണ്ടി | 31910 | 12764 |
| 69. | യൂദാപുരം | 26570 | 10630 |
| 70. | ആനിക്കാട് | 15050 | 6020 |
| 71. | തിരുവനന്തപുരം | 651170 | 260468 |
| 72. | മണിമല ഓൾഡ് | 146315 | 58526 |
| 73. | എടത്വാ | 434160 | 173664 |

(തുടരും........)

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേയ്ക്ക് **ജനുവരി 23 മുതൽ ഫെബ്രുവരി 22 വരെ** വിവിധ ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | സെന്റ് സേവ്യേഴ്സ് ചർച്ച്, കട്ടച്ചിറ | 70000 |
| 2. | സെന്റ് ജോർജ് ചർച്ച്, വടക്കേ അമിച്ചകരി | 30850 |
| 3. | മാർത്ത് മറിയം ബസിലിക്ക, ചമ്പക്കുളം | 23000 |
| 4. | ഹോളി മേജൈ ഫൊറോനാ ചർച്ച്, മണിമല | 10000 |

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

**'സപ്തവർണ': പ്ലാറ്റിനംജൂബിലി സമാപനം**

ആശുപത്രിയുടെ പ്ലാറ്റിനംജൂബിലി സമാപനാഘോഷം 'സപ്തവർണ' ഫെബ്രുവരി 09 വൈകുന്നേരം 3.30 ന് സംഘടിപ്പിക്കപ്പെട്ടു. ആഘോഷപരിപാടികളുടെ ഉദ്ഘാടനം ആരോഗ്യ-വനിത ശിശുക്ഷേമവകുപ്പുമന്ത്രി വീണാ ജോർജ് നിർവഹിച്ചു. അതിരൂപതാ മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷതവഹിച്ച യോഗത്തിൽ മുൻ അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ് മാർ ജോർജ് കോച്ചേരി, മാർ തോമസ് തറയിൽ, തുറമുഖ-സഹകരണവകുപ്പുമന്ത്രി വി. എൻ. വാസവൻ, ജലവിഭവശേഷിമന്ത്രി റോഷി അഗസ്റ്റിൻ, ചീഫ് വിപ്പ് എൻ. ജയരാജ്, ജോബ് മൈക്കിൾ എം.എൽ.എ., തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ., തോമസ് കെ. തോമസ് എം.എൽ.എ., അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, മിനി വിജയകുമാർ എന്നിവർ സന്നിഹിതരായിരുന്നു. ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തനമികവിന്റെ അംഗീകാരമുദ്രകളായി ആശുപത്രിക്കുലഭിച്ച 7 ക്വാളിറ്റി അക്രെഡിറ്റേഷനുകളുടെ സമർപ്പണം ചടങ്ങിൽ നടത്തപ്പെട്ടു. മുൻജീവനക്കാരുടെ സംഗമം 'സ്മൃതി', കോളേജ് വിദ്യാർത്ഥികൾക്കുള്ള അഖിലകേരള മത്സരം 'അറിവ്', പൊതുജനാരോഗ്യ ബോധവത്ക്കരണ പരിപാടി 'ഉണർവ്', ദേശീയ ക്വാളിറ്റി മാനേജുമെന്റ് കോൺഫ്രൻസ് 'ക്യൂകോൺഫാബ്' തുടങ്ങിയ വൈവിധ്യമാർന്ന പരിപാടികൾ പ്ലാറ്റിനംജൂബിലി വാരാഘോഷത്തിന്റെ ഭാഗമായി ഒരുക്കിയിരുന്നു.

ജൂബിലിയാഘോഷത്തിന്റെ ഭാഗമായി ഒരുവർഷക്കാലം നീണ്ടുനിന്ന പരിപാടികൾ സംഘടിപ്പിച്ചു. രോഗികൾക്ക് സൗജന്യചികിത്സ നൽകുന്ന *സുകൃതം* പദ്ധതി, 300 രൂപയ്ക്ക് ഡയാലിസിസ് ചെയ്യുന്ന *ആർദ്രം* പദ്ധതി, വീട്ടിലെത്തി രോഗികൾക്ക് പരിചരണം നൽകുന്ന *കരുതൽ* പദ്ധതി, പൊതുജനബോധവത്കരണ പരിപാടികളായ *കവചം, ഉണർവ്,* വിവിധ പഞ്ചായത്തുകളിലെ ആയിരത്തിൽപരം വീടുകളിൽ സൗജന്യ മെഡിക്കൽപരിചരണം നൽകിയ *സുസ്മേര* പദ്ധതി, സൗജന്യ മെഡിക്കൽ ക്യാമ്പുകൾ എന്നിവ ശ്രദ്ധേയമായിരുന്നു. ചങ്ങനാശ്ശേരി റോട്ടറി ക്ലബിന്റെ സഹകരണത്തോടെ 115 വ്യക്തികൾക്ക് സൗജന്യമായി കൃത്രിമകാലുകൾ നൽകി. ഗുണമേന്മ വർദ്ധനവിനും നിരവധി പുരസ്കാരങ്ങൾ നേടാനും ഒരുവർഷക്കാലം കഴിഞ്ഞു. മധ്യകേരളത്തിലെ ആദ്യ എൻ.എ.ബി.എച്ച്. ഫിഫ്ത്ത് എഡിഷൻ അംഗീകാരം നേടിയ ഹോസ്പിറ്റൽ എൻ.എ.ബി.എച്ച്. നേഴ്സിങ് എക്സലൻസ്, മധ്യകേരളത്തിലെതന്നെ ആദ്യ എൻ.എ.ബി.എച്ച്. അംഗീകൃത ബ്ലഡ് സെന്റർ, കോട്ടയംജില്ലയിലെ ഏക എൻ.എ.ബി.എച്ച്. അംഗീകൃത എമർജൻസി വിഭാഗം, ഇന്ത്യയിലെ ആദ്യ ക്യു.എ.ഐ. (Quality and Accreditation Institution: Centre for Accreditation of Health & Social Care) സർട്ടിഫിക്കേഷൻ നേടിയ അശുപത്രി, മാതൃ-ശിശുസൗഹൃദ ആതുരാലയം, സെൻട്രൽ സ്റ്റെറൈൽ സർവീസസ് ഡിപ്പാർട്ടുമെന്റ്

(CSSD) കൺസോർഷ്യം ഓഫ് അക്രെഡിറ്റഡ് ഹെൽത്ത്കെയർ ഓർഗനൈസേഷൻസ് അവേർനസ് കംപ്ലയൻസ് എക്സലെൻസ് (CAHOACE) സർട്ടിഫിക്കേഷൻ, ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ എന്നിവയാൽ തികവാർന്ന നിരവധി നേട്ടങ്ങളാണ് ഇതിനോടകം കൈവരിച്ചിരിക്കുന്നത്.

**എക്സലെൻസ് ഇൻ മെഡി കെയർ അവാർഡ്**

ആതുരശുശ്രൂഷാരംഗത്തെ മികവിനുള്ള ദീപിക എക്സലെൻസ് ഇൻ മെഡി കെയർ അവാർഡ് ആശുപത്രിക്കുലഭിച്ചു. ദീപികയുടെ 137-ാമത് സ്ഥാപക ദിന സമാപനത്തോടനുബന്ധിച്ച് ഫെബ്രുവരി 14 ന് സംഘടിപ്പിച്ച ചടങ്ങിൽ ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയിൽനിന്നും എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അവാർഡ് ഏറ്റുവാങ്ങി. കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം, തോമസ് ചാഴികാടൻ എം.പി., തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**നേഴ്സിങ് സേവനത്തിനുള്ള ദേശീയ അംഗീകാരം**

നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് ആൻഡ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സിന്റെ എൻ.എ.ബി.എച്ച്. നേഴ്സിങ് എക്സലെൻസ് സർട്ടിഫിക്കേഷൻ ഹോസ്പിറ്റലിനുലഭിച്ചു. ഫെബ്രുവരി 8 ന് നടന്ന ചടങ്ങിൽ തുറമുഖ-സഹകരണ വകുപ്പുമന്ത്രി വി. എൻ. വാസവനിൽനിന്നും ചീഫ് നേഴ്സിങ് ഓഫീസർ സി. മെറീന എസ്. ഡി. അംഗീകാരം ഏറ്റുവാങ്ങി. ആശുപത്രിയിലെ നേഴ്സിങ് പ്രൊഫഷണലുകൾ മികച്ചപരിചരണം നൽകുന്നതിനുള്ള പ്രതിബദ്ധതയുടെയും അർപ്പണബോധത്തിന്റെയും അംഗീകാരമാണ് ഈ നേട്ടമെന്ന് മന്ത്രി അഭിപ്രായപ്പെട്ടു.

നേഴ്സിങ് പരിചരണത്തിന്റെയും പരിശീലനത്തിന്റെയും രോഗികളുടെ സുരക്ഷയിലും ഉയർന്നനിലവാരം പുലർത്തുന്ന ആശുപത്രികൾക്ക് ലഭിക്കുന്നതാണ് നേഴ്സിങ് എക്സലെൻസ് സർട്ടിഫിക്കേഷൻ. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ (ക്യു.സി.ഐ.) കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ അക്രെഡിറ്റേഷൻ ബോർഡ് ഫോർ ഹോസ്പിറ്റൽസ് & ഹെൽത്ത്കെയർ പ്രൊവൈഡേഴ്സ് കർശനമായ ഗുണനിലവാരത്തിന്റെയും സുരക്ഷാമാനദണ്ഡങ്ങളുടെയും സമഗ്രമായ മൂല്യനിർണയപ്രക്രിയകളുടെയും അടിസ്ഥാനത്തിലാണ് ഈ സർട്ടിഫിക്കേഷൻ നൽകുന്നത്. രോഗികളുടെ ക്ഷേമവും സംതൃപ്തിയും ഉറപ്പാക്കിക്കൊണ്ട്, നേഴ്സിങ് പരിചരണത്തിന്റെ ഉയർന്നനിലവാരം നിലനിർത്താനുള്ള തുടർച്ചയായ പരിശ്രമങ്ങളെയാണ് ഈ അംഗീകാരം പ്രതിഫലിപ്പിക്കുന്നത്.

**അതിരൂപതാതല ബൈബിൾ ക്വിസ് മത്സരം 'നൂറുമേനി @ ബേത്സെയ്ദാ'**

ആശുപത്രി ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമായുള്ള നൂറുമേനി വചന മനഃപാഠത്തിന്റെ അതിരൂപതാതലമത്സരം 'നൂറുമേനി @ ബേത്സെയ്ദാ' യ്ക്ക് ആശുപത്രിയിൽ തുടക്കമായി. ജനുവരി 23 ന് മുൻ അപ്പസ്തോലിക് നുൺഷ്യോ ആർച്ചുബിഷപ് ജോർജ് കോച്ചേരി അതിരൂപതാതല ഉദ്ഘാടനകർമം നിർവഹിച്ചു.

## 'കുട്ടികളിലെ ദന്തപരിചരണം' – ബോധവത്കരണ ക്ലാസ്

പീഡോഡോണ്ടിക്സ് & പ്രിവന്റീവ് ഡെന്റിസ്ട്രി (കുട്ടികളുടെ ദന്തരോഗ വിഭാഗം) വിഭാഗത്തിന്റെ നേതൃത്വത്തിൽ *'കുട്ടികളിലെ ദന്തപരിചരണം'* എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ സഹകരണത്തോടെ ഒന്നാം ക്ലാസ് മുതൽ അഞ്ചാം ക്ലാസ് വരെയുള്ള കുട്ടികൾക്കായി ഫെബ്രുവരി 9 ന് സംഘടിപ്പിച്ച ബോധവത്കരണ ക്ലാസ്സിന് ഹോസ്പിറ്റൽ പീഡോഡോണ്ടിക്സ് & പ്രിവന്റീവ് ഡെന്റിസ്ട്രി വിഭാഗം കൺസൾട്ടന്റ് പീഡോഡോണ്ടിസ്റ്റ് ഡോ. ഐശ്വര്യ ജോബ് നേതൃത്വംനൽകി.

## റോഡ് സുരക്ഷ മാസാചരണ സമാപനസമ്മേളനം

കേരള മോട്ടർവാഹനവകുപ്പ് കോട്ടയം റീജണൽ ട്രാൻസ്പോർട്ട് ഓഫീസ് എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ ആശുപത്രിയുടെ സഹകരണത്തോടെ റോഡ് സുരക്ഷ മാസാചരണ സമാപനസമ്മേളനം ഫെബ്രുവരി 14 ന് സംഘടിപ്പിച്ചു. ഹോസ്പിറ്റലിൽനടന്ന സമ്മേളനം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ സജി പ്രസാദ് ജി. എസ്. ഉദ്ഘാടനംചെയ്തു. കോട്ടയം എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. ശ്യാം സി. അധ്യക്ഷതവഹിച്ച ചടങ്ങിൽ എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി.

## സ്വാഗതവും നന്ദിയും

ആശുപത്രിയിലെ അസോസിയേറ്റ് ഡയറക്ടേഴ്സായി നിയമിതരായ ഫാ. ജോസ് പുത്തൻചിറ, ഫാ. മാർട്ടിൻ തൈപ്പറമ്പിൽ എന്നിവർക്ക് സ്വാഗതവും അസോസിയേറ്റ് ഡയറക്ടറായി സേവനം ചെയ്ത ഫാ. തോമസ് പുതിയിടത്തിന് നന്ദിയും അറിയിക്കുന്നു.

## ചുമതലയേറ്റു

സർജിക്കൽ ഓങ്കോളജിസ്റ്റും ക്യാൻസർ ശസ്ത്രക്രിയാവിദഗ്ധനുമായ ഡോ. അഫ്സൽ മുഹമ്മദ്, മെഡിക്കൽ ഗ്യാസ്ട്രോ എന്ററോളജിയിൽ ഡോക്ടറേറ്റ് ഓഫ് നാഷണൽ ബോർഡിന്റെ ഡിഗ്രിയും ജനറൽ മെഡിസിനിൽ എം.ഡി.യും പൂർത്തിയാക്കിയ ഡോ. സോബിൻ സി. ബി., നാച്ച്യുറോപ്പതിസ്റ്റ് ഡോ. സി. ആശ എസ്.എ.ബി.എസ്. എന്നിവർ ചുമതലയേറ്റു.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*

# സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

## ആശീർവാദകർമം

നവീകരിച്ച സെക്കൻഡ് യൂണിറ്റ് വൺ ടൺ പാസഞ്ചർ എലവേറ്ററിന്റെ ആശീർവാദകർമം ജനുവരി 18 ന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേ

ക്കൽ ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാരുടെയും സ്റ്റാഫംഗങ്ങളുടെയും സാന്നിധ്യത്തിൽ നിർവഹിച്ചു.

**വേദനരഹിതചികിത്സയുമായി സഹൃദയ**

ഹോസ്പിറ്റലിന്റെ യൂറോളജിവിഭാഗത്തിൽ വേദനരഹിതചികിത്സയ്ക്കായി പുതിയ ലേസർ മെഷീൻ സ്ഥാപിച്ചു. ആലപ്പുഴയിൽ ആദ്യമായി കിഡ്നി സ്റ്റോണിന് വേദനരഹിത ലേസർ ട്രീറ്റ്മെന്റുമായി ഹോസ്പിറ്റൽ യൂറോളജിവിഭാഗത്തിൽ പുതിയതായി അവതരിപ്പിച്ച ലേസർ മെഷീന്റെയും ക്യാമറ സിസ്റ്റത്തിന്റെയും ആശീർവാദകർമം ജനുവരി 19 ന് അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, യൂറോളജിവിഭാഗം മേധാവി ഡോ. സജി ആന്റണി, മെഡിക്കൽ & നോൺ മെഡിക്കൽ സ്റ്റാഫംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സിൽ നിർവഹിച്ചു. പ്രോസ്റ്റേറ്റ് ഗ്രന്ഥി നീക്കംചെയ്യുന്നതിനും മൂത്രാശയത്തിലെ ട്യൂമർ, മൂത്രനാളിയിലെ ചുരുക്കം, കൂടാതെ മൂത്രാശയ സംബന്ധമായ രോഗങ്ങൾക്കുള്ള ലാപറോസ്കോപിക് & എൻഡോസ്കോപ്പിക് സേവനങ്ങൾ ലഭ്യമാണ്.

**24×7 കഫെറ്റീരിയ**

പുതുതായി നിർമിച്ച സെക്കൻഡ് യൂണിറ്റ് കഫെറ്റീരിയ ജനുവരി 22 ന് പ്രവർത്തനമാരംഭിച്ചു. ഹോസ്പിറ്റൽ ജീവനക്കാർക്കും രോഗികൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കഫെറ്റീരിയയുടെ ആശീർവാദകർമം അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാർ, സ്റ്റാഫംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ നിർവഹിച്ചു.

**ബോധവത്കരണ സെമിനാർ**

ആലപ്പുഴ മാതാ സീനിയർ സെക്കൻഡറി സ്കൂളിൽ ജനുവരി 25 ന് *പരീക്ഷാപ്പേടിയെ എങ്ങനെ മറികടക്കാം* എന്നവിഷയത്തെ ആസ്പദമാക്കി ആശുപത്രിയിലെ മനഃശാസ്ത്രജ്ഞൻ ഡോ. ശ്രീജിത്ത് നായരുടെ നേതൃത്വത്തിൽ പത്താം ക്ലാസ്, പ്ലസ് ടു വിദ്യാർത്ഥികൾക്കായി സെമിനാർ നടത്തപ്പെട്ടു. ശേഷം വിദ്യാർത്ഥികൾക്കായി പേഴ്സണൽ കൗൺസെലിങ് സെഷനും ക്രമീകരിക്കപ്പെട്ടു.

**റിപ്പബ്ലിക് ഡേ ആചരണം**

ജനുവരി 26 ന് റിപ്പബ്ലിക് ഡേ ആചരിച്ചു. അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ ത്രിവർണപതാക ഉയർത്തുകയും റിപ്പബ്ലിക്ദിനത്തിൽ നമ്മുടെ ഭരണഘടനയും അതുപ്രതിനിധീകരിക്കുന്ന എല്ലാറ്റിനെയും സംരക്ഷിക്കുമെന്ന് പ്രതിജ്ഞയെടുക്കാമെന്ന ആഹ്വാനം നടത്തുകയും ചെയ്തു.

**നവീകരിച്ച സെമി-ഡീലക്സ് റൂമിന്റെ ആശീർവാദകർമം**

നവീകരിച്ച സെക്കൻഡ് ഫ്ളോറിലെ (സെന്റ് മേരീസ് ബ്ലോക്ക്) സെമി-ഡീലക്സ് റൂമിന്റെ ആശീർവാദകർമം ജനുവരി 27 ന് എക്സി. ഡയറക്ടർ

ഫാ. തോമസ് മാളിയേക്കൽ ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാരുടെയും മറ്റു സ്റ്റാഫംഗങ്ങളുടെയും സാന്നിധ്യത്തിൽ നിർവഹിച്ചു. നവീകരിച്ച സെമി-ഡീലക്സ് റൂമിൽ പ്രീമിയം കാറ്റഗറി ബെഡ്, ടെലിഫോൺ, എയർ കണ്ടിഷൻ, കെറ്റിൽ, ടെലിവിഷൻ, ഇന്റർനെറ്റ് സൗകര്യം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

### വേൾഡ് ക്യാൻസർ ഡേ ആചരണം

ഫെബ്രുവരി 4 ന് വേൾഡ് ക്യാൻസർ ഡേ ആചരണം നടത്തി. ഓങ്കോളജി വിഭാഗം ഡോ. സൂരിജ് സാലിഹ് അന്നേദിവസം ആശുപത്രിയിൽ എത്തിച്ചേർന്ന വർക്ക് ബോധവത്കരണസന്ദേശം നൽകി. കൂടാതെ ഡിപ്പാർട്ടുമെന്റുകളിലെ സ്റ്റാഫുകളുടെ സഹകരണത്തോടെ പോസ്റ്റർ പ്രസന്റേഷൻ സംഘടിപ്പിക്കുകയും ചെയ്തു.

### നവീകരിച്ച എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ ആശീർവാദകർമം

അടിയന്തരഘട്ടങ്ങളിൽ അതിവേഗപരിചരണത്തിനായി അന്താരാഷ്ട്രനില വാരത്തിൽ നവീകരിച്ച എമർജൻസി ഡിപ്പാർട്ടുമെന്റിന്റെ ആശീർവാദകർമം ഫെബ്രുവരി 5 ന് നടത്തപ്പെട്ടു. 24 മണിക്കൂറും സുസജ്ജമായ അത്യാഹിത വിഭാഗത്തിൽ അടിയന്തരസാഹചര്യങ്ങളെ നേരിടാൻ പ്രാപ്തമായ മൈനർ ഓപ്പറേഷൻ തീയറ്ററും പ്രൊസീജർ റൂമും ഐസൊലേഷൻ റൂമുകളും ലഭ്യമാണ്. ആശീർവാദകർമത്തിൽ ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാരുടെയും മറ്റു സ്റ്റാഫംഗങ്ങളുടെയും സാന്നിധ്യമുണ്ടായിരുന്നു.

### രോഗികൾക്ക് ആശ്വാസമേകി സഹൃദയ

വേൾഡ് സിക്ക് ഡേയുടെ ഭാഗമായി ഫെബ്രുവരി 11 ന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ മുഖ്യകാർമികത്വത്തിൽ പരിശുദ്ധ കുർബാനയർപ്പണവും രോഗികൾക്കുവേണ്ടിയുള്ള പ്രത്യേകപ്രാർത്ഥനയും നടത്തപ്പെട്ടു. ആഗോളതലത്തിൽ വിവിധ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്നും ചികിത്സയോടൊപ്പം ചുറ്റുമുള്ളവരുടെ കരുതലും സ്നേഹവും ഓരോ രോഗിയുടെയും ആശ്വാസത്തിനും രോഗശാന്തിയ്ക്കും കാരണമാകുമെന്നും ഫാ. തോമസ് പറഞ്ഞു. ശേഷം ഫാ. തോമസ് മാളിയേക്കൽ, അസി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റാഫംഗങ്ങൾ ചേർന്ന് രോഗീസന്ദർശനം നടത്തി.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യുട്ടീവ് ഡയറക്ടർ)*

■

# പ്രവാസി അപ്പോസ്തലേറ്റ്

ഈശോയിൽ ഏറ്റം സ്നേഹംനിറഞ്ഞ പ്രവാസി സഹോദരങ്ങളേ,

പ്രായശ്ചിത്തത്തിന്റെയും പശ്ചാത്താപത്തിന്റെയും നോമ്പിന്റെ നാളുകളിലൂടെ നാം സഞ്ചരിക്കുകയാണ്. ഏവർക്കും പ്രാർത്ഥനാശംസകൾ.

ജനുവരി 28 ന് ദുബായിൽ നടന്ന യു.എ.ഇ. വാർഷികത്തിലും കുടുംബസംഗമത്തിലും അതിരൂപതാകേന്ദ്രത്തിൽനിന്ന് ഡയറക്ടറും അസി. ഡയറക്ടറും അഭി. പെരുന്തോട്ടം പിതാവിനോടൊപ്പം പങ്കെടുത്തു. അജ്മാൻ റിയൽ ഓഡിറ്റോറിയത്തിൽ നടത്തിയ പരിപാടിയിൽ പൗരോഹിത്യത്തിന്റെ സുവർണ ജൂബിലിയാഘോഷിക്കുന്ന അഭി. പിതാവിനെ യു.എ.ഇ. ചാപ്റ്റർ ആദരിച്ചു. അഭി. പിതാവിനോടുള്ള ആദരവ് പ്രകാശിപ്പിച്ചുകൊണ്ട് എടത്വാ മരിയാപുരം ടോജോമോൻ ജോസഫ് രചിച്ച് കൈനകരി വിൻസൺ കാണിച്ചേരിൽ സംഗീത സംവിധാനം നിർവഹിച്ച മംഗളഗാനം അതിരൂപതാംഗങ്ങളായ 50 ഗായകർ ചേർന്നാലപിച്ചു. അതിരൂപതയുടെ മുൻ മെത്രാപ്പോലീത്ത മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ സ്മരണാർത്ഥം നൽകിയ പ്രഥമപുരസ്കാരത്തിന് ഫുജൈറയിൽനിന്ന് ജോർജ് തോമസ് മീനത്തേകോണിലും അബുദാബിയിൽനിന്ന് ബിജു മാത്യു മട്ടാഞ്ചേരിയും യു.എ.ഇ. ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയ അതുല്യപ്രതിഭ പുരസ്കാരത്തിന് ഷാർജയിൽനിന്ന് ജോ കാവാലവും അർഹരായി. സഭയിലും സമൂഹത്തിലും വിവിധതലങ്ങളിൽ സ്തുത്യർഹമായ ശുശ്രൂഷ നൽകിയവർക്ക് മാർ ജോസഫ് പെരുന്തോട്ടം പുരസ്കാരങ്ങൾ സമ്മാനിച്ചു. ഇതോടൊപ്പം കലാപരിപാടികളും അരങ്ങേറുകയുണ്ടായി. യു.എ.ഇ. കോഡിനേറ്റർ ബിജു മട്ടാഞ്ചേരി അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ പ്രോഗ്രാം കോഡിനേറ്റർ ജോർജ് മീനത്തേകോണിൽ സ്വാഗതപ്രസംഗവും ഡയറക്ടർ, അസി. ഡയറക്ടർ, ഗ്ലോബൽ കോഡിനേറ്റർ ജോ കാവാലം എന്നിവർ ആശംസകളുമർപ്പിച്ചു.

**അനുശോചനം**

ഷാർജ ചാപ്റ്റർ അംഗവും ചമ്പക്കുളം കരീത്ര താമരവേലിച്ചിറ കുടുംബാംഗവുമായ സിജോ ആന്റണി വാഹനാപകടത്തിൽ നിര്യാതനായി. ഡയറക്ടറോടൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങളും ഭവനം സന്ദർശിച്ച് അനുശോചനമറിയിക്കുകയും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA ഹെൽപ്പ് ഡെസ്ക്)**

# കേരള ലേബർ മൂവ്മെന്റ് (KLM)

## അതിരൂപതാസമിതി സമ്മേളനം

ജനുവരി 21, ഫെബ്രുവരി 18 തീയതികളിൽ അതിരൂപതാസമിതി മീറ്റിങ് സന്ദേശനിലയം ഹാളിൽ സംഘടിപ്പിച്ചു. കെ.എൽ.എം. സംസ്ഥാന എ.ജി.എം., നേതൃസംഗമം, വനിതാദിനാചരണം, സ്പോർട്സ് ഡേ, മെയ്ദിനാഘോഷം എന്നിവയെപ്പറ്റി വിശദമായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

## സ്നേഹത്തണൽ പദ്ധതി

ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ കെ.എൽ.എം. അംഗങ്ങൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും നൽകുന്ന ആരോഗ്യസംരക്ഷണപദ്ധതിയിൽ പുനഃരജിസ്ട്രേഷൻ ആരംഭിച്ചു. ഇപ്രകാരം 505 കുടുംബങ്ങൾകൂടി ഈ പദ്ധതിയിൽ ചേർന്നു.

## മെഡിക്കൽ കോളേജിൽ ഭക്ഷണവിതരണം

അതിരൂപതാസ്ഥാപനമായ മദർ തെരേസ കെയർ ഹോമിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ റ്റി.ഡി. മെഡിക്കൽ കോളേജിൽ ദിവസേന അഞ്ഞൂറിൽപരം സഹോദരങ്ങൾക്ക് നൽകിവരുന്ന പ്രഭാതഭക്ഷണവിതരണം 2023 ഡിസംബർ 21 ന് കെ.എൽ.എം.ന്റെ ആഭിമുഖ്യത്തിൽ നടത്തി. കെയർ ഹോം ഡയറക്ടർ ഫാ. ജയിംസ് പഴയമഠം, കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം, കെ.എൽ.എം. അതിരൂപതാസമിതിയംഗങ്ങളായ സാജൻ പതാരംചിറ, സാബു കോയിപ്പള്ളി, വിജി കുന്നിപ്പറമ്പിൽ, പ്രജോഷ് ചാക്കോ എന്നിവർ നേതൃത്വംനൽകി.

## വിങ്സ് – കെ.എൽ.എം. ചെറുസംരഭകത്വ പ്രോത്സാഹനപദ്ധതി

കെ.എൽ.എം. സംഘടനയുടെ ആഭിമുഖ്യത്തിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന നാലുസംഘങ്ങൾക്ക് ഒരുവർഷത്തേയ്ക്ക് 25000 രൂപ പലിശരഹിതവായ്പയായി നൽകുന്ന പദ്ധതി രൂപീകരിച്ചു.

## യൂണിറ്റുവാർഷികങ്ങൾ

കെ.എൽ.എം.ന്റെ 8-ാമത് വാർഷികം പുളിങ്കുന്ന് യൂണിറ്റിൽ ആഘോഷിച്ചു. യൂണിറ്റ് കോഡിനേറ്റർ സോബിച്ചൻ ജോസഫ് കാപ്പിൽ സ്വാഗതമാശംസിച്ചു. കെ.എൽ.എം. പുളിങ്കുന്ന് യൂണിറ്റ് ഡയറക്ടർ ഫാ. സിറിൽ കൈതക്കളം എം.സി.ബി.എസ്. അധ്യക്ഷതവഹിച്ചു. പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോനാപ്പള്ളി വികാരി ഫാ. ടോം പുത്തൻകളം ഉദ്ഘാടനം നിർവഹിച്ചു. കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം മുഖ്യപ്രഭാഷണം നടത്തി. അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് കരിങ്ങണാമറ്റം, കെ.എൽ.എം. സംസ്ഥാന സെക്രട്ടറി സണ്ണി അഞ്ചിൽ, അതിരൂപതാസമിതിയംഗം ജോസഫ് ജോസഫ്

മാമ്പൂത്ര എന്നിവർ ആശംസകളർപ്പിച്ചു. യൂണിറ്റ് സെക്രട്ടറി ജോജിമോൻ ജോസ് റിപ്പോർട്ട് അവതരിപ്പിച്ചു. കെ.എൽ.എം. പുളിങ്കുന്ന് ഫൊറോനാ കോഡിനേറ്റർ നിജോ മാത്യു കൃതജ്ഞതയർപ്പിച്ചു.

കായൽപ്പുറം കെ.എൽ.എം. യൂണിറ്റിന്റെ നാലാമത് വാർഷികാഘോഷം ജനുവരി 21 ന് സംഘടിപ്പിച്ചു. ഇടവകവികാരി ഫാ. അഗസ്റ്റിൻ പൊങ്ങനാം തടത്തിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. ജോസഫ് ജോസഫ് മാമ്പൂത്ര, സണ്ണി അഞ്ചിൽ, ജോളി നാൽപതാംകളം, നിജോ മാത്യു എന്നിവർ പ്രസംഗിച്ചു.

കെ.എൽ.എം. പള്ളിക്കുന്ന് യൂണിറ്റുവാർഷികത്തിന് ഇടവകവികാരി ഫാ. അലക്സാണ്ടർ നെൽപ്പുരയ്ക്കൽ അദ്ധ്യക്ഷ നിർവഹിച്ചു. കെ.എൽ.എം. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം നടത്തി. സി. എലിസബത്ത് ഒ.എൽ.ജി., അതിരൂപതാസമിതിയംഗം സാം സെബാസ്റ്റ്യൻ എന്നിവർ ആശംസകളർപ്പിച്ചു.

**പുതിയ സംഘങ്ങൾ**

പങ്ങട യൂണിറ്റിൽ സെന്റ് തെരേസ, സെന്റ് അൽഫോൻസാ എന്നീ എസ്.എച്ച്.ജി.കൾ രൂപീകരിച്ചു. ഇടവകവികാരി ഫാ. ജോസഫ് കുഴിയടിയിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാസമിതിയംഗം ബിനോയി റ്റി. ജേക്കബ് പങ്കെടുത്തു.

ഇരവിനല്ലൂർ യൂണിറ്റിൽ സെന്റ് മരിയ എസ്.എച്ച്.ജി. രൂപീകരിച്ചു. ഇടവകവികാരി ഫാ. തോമസ് കായംകുളത്തുശ്ശേരി അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാസമിതിയംഗം ബിനോയി റ്റി. ജേക്കബ് പങ്കെടുത്തു.

കുറുമ്പനാടം യൂണിറ്റിൽ ഡിവൈൻ എസ്.എച്ച്.ജി. രൂപീകരിച്ചു. ഇടവകവികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാസമിതിയംഗം ഷാജി ആന്റണി, യൂണിറ്റ് കോഡിനേറ്റർ മാത്യു ജേക്കബ് എന്നിവർ പങ്കെടുത്തു.

വെളിയനാട് കേസറിയ യൂണിറ്റിൽ സെന്റ് ഗ്രിഗോറിയോസ് എസ്.എച്ച്.ജി. രൂപീകരിച്ചു. ഇടവകവികാരി ഫാ. ജോസ് പറപ്പള്ളി അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനംചെയ്തു. അതിരൂപതാസമിതിയംഗം നിജോ മാത്യു പങ്കെടുത്തു.

ചാഞ്ഞോടി യൂണിറ്റിൽ അമല, ലിറ്റിൽ ഫ്ളവർ, സെന്റ് കൊച്ചുത്രേസ്യ എന്നീ എസ്.എച്ച്.ജി.കൾ രൂപീകരിച്ചു. ഇടവകവികാരി ഫാ. തോമസ് വാഴപ്പറമ്പിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. അതിരൂപതാസമിതിയംഗവും ഫൊറോനാ കോഡിനേറ്ററുമായ പ്രിജോഷ് ചാക്കോ പങ്കെടുത്തു.

*ശേഷം പേജ് 89 ൽ.....»*

# ആത്മതാകേന്ദ്രം

**(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)**

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സപ്പോർട്ട് എ ചൈൽഡ് പദ്ധതിയുടെ സമ്മേളനവും സഹായവിതരണവും ജനുവരി 23 ശനിയാഴ്ച പത്തനംതിട്ട പ്രത്യാശകേന്ദ്രത്തിൽ ജോൺ വടക്കേകളം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. ഉച്ചഭക്ഷണവും 140000 രൂപയുടെ ധനസഹായവും നൽകി.

കോട്ടയം, ആലപ്പുഴ ജില്ലകളിൽ ജനുവരി, ഫെബ്രുവരിമാസങ്ങളിലെ സപ്പോർട്ട് എ ചൈൽഡ് സഹായവിതരണവും സമ്മേളനങ്ങളും ജനുവരി 27, ഫെബ്രുവരി 24 എന്നീ ദിവസങ്ങളിൽ ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തി. ബോധവത്കരണ ക്ലാസ്സും കുട്ടികളുടെയും മുതർന്നവരുടെയും കൾച്ചറൽ പ്രോഗ്രാമും റീജൻസി ബ്രദേഴ്സ് ആൽബി ചേന്നാട്ടുശ്ശേരി, അലൻ നടുവിലേവീട്, അഖിൽ കളത്തിപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 111500 രൂപയുടെ ധനസഹായം നൽകി. സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോൺ വടക്കേകളം സന്ദേശം നൽകുകയും സണ്ണി മാത്യു. ട്രീസ മാത്യു എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

## ഹോമിയോ ചികിത്സാപദ്ധതി

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധ ഡോക്ടേഴ്സിന്റെയും കൗൺസിലേഴ്സിന്റെയും സേവനം ലഭ്യമാണ്.

ചൊവ്വ – (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ – (കോട്ടയം) തോട്ടക്കാട് സെന്റ് ജോർജ് പള്ളി
വ്യാഴം – (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
വെള്ളി – (കോട്ടയം) ചങ്ങനാശേരി, പാസ്റ്ററൽ സെന്റർ

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ

## ലഹരിവിമുക്ത വിശുദ്ധീകരണധ്യാനം

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **മാർച്ച് 3 മുതൽ 8 വരെ** ലഹരിവിമുക്ത കുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. മാർച്ച് 3 വൈകുന്നേരം 5 ന് ആരംഭിച്ച് 8 രാവിലെ 10 ന് ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിന് ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ പ്രത്യേക ക്ലാസ്സ്, കൗൺസെലിങ് എന്നിവ ഈ ധ്യാനത്തിൽ ലഭ്യമാണ്.

LSDP പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2693413, 2690414, 9495193406

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

## സംയുക്തകൗൺസിൽ മീറ്റിങ്

ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. സംയുക്ത അതിരൂപതാ കൗൺസിൽ മീറ്റിങ് ജനുവരി 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ മിനി ഹാളിൽ നടന്നു. ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖസന്ദേശം നൽകി. ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അദ്ധ്യക്ഷതവഹിച്ച മീറ്റിങ്ങിൽ അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതംപറഞ്ഞു. പ്രവർത്തന പരിപാടികളുടെ രൂപരേഖ അവതരിപ്പിച്ചു. തുടർന്നുള്ള ചർച്ചയിൽ സംയുക്ത കലാമേള, കുടുംബസംഗമം, ഉദ്യോഗസ്ഥസംഗമം, മെമ്പർഷിപ് പുതുക്കൽ എന്നിവ സമയബന്ധിതമായി നടത്തുന്നതിന് കൗൺസിൽ അംഗീകാരം നൽകി. കൂടാതെ, നാളുകളായി മുടങ്ങിക്കിടന്ന ദളിത് കത്തോലിക്കാ ക്ഷേമിനിധി പുനർക്രമീകരണത്തിന്റെ ഭാഗമായി ക്ഷേമനിധി നിയമാവലിയിൽ പരിഷ്കരണം നടത്തി കൂട്ടിച്ചേർക്കലുകൾ പ്രസിഡന്റ് കൗൺസിൽ അവതരിപ്പിച്ചുപാസ്സാക്കി. ഡി.സി.എം.എസ്. അതിരൂപതാകമ്മിറ്റിയിൽ ഒഴിവുവന്നതിലേയ്ക്ക് കൗൺസിൽ യോഗത്തിൽ പുതിയ കമ്മിറ്റിയംഗങ്ങളായ മറിയാമ്മ ജോൺ ചൂരക്കളം (കുടമാളൂർ ഫൊറോന), വി. എൽ. സേവ്യർ (ചമ്പക്കുളം ഫൊറോന) എന്നിവരെ തെരഞ്ഞെടുത്തു. ഡി.സി.എം.എസ്. വൈസ് പ്രസിഡന്റ് ലാസർ ജോൺ നന്ദി രേഖപ്പെടുത്തി. വൈകുന്നേരം 4.30 ന് മീറ്റിങ് അവസാനിച്ചു.

## 'നെഹവൂൻ' – ഉദ്യോഗസ്ഥസംഗമം

അതിരൂപതയുടെ കോർപ്പറേറ്റ് മാനേജുമെന്റ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന ദളിതുകത്തോലിക്കരായ അദ്ധ്യാപകരെയും അനദ്ധ്യാപകരെയും സർക്കാർ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് *നെഹവൂൻ* ഉദ്യോഗസ്ഥസംഗമം ഫെബ്രുവരി 11 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ സന്ദേശനിലയംഹാളിൽ നടന്നു. അതിരൂപതാ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചൻ അദ്ധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവ് ഉദ്ഘാടനംചെയ്ത് സന്ദേശംനൽകി. ഡി.സി.എം.എസ്. അതിരൂപതാ ഡയറക്ടർ ജോൺ വടക്കേകളം അച്ചൻ ആമുഖസന്ദേശംനൽകി. അതിരൂപതാ കോർപ്പറേറ്റ് മാനേജർ ജോസഫ് കറുകയിൽ അച്ചൻ ഈ സമ്മേളനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. ഡി.സി.എം.എസ്. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് സ്വാഗതവും കോട്ടയം ഗവൺമെന്റ് എൻജിനീയറിങ് കോളേജ് പ്രഫസർ ഡോ. ജോൺസൺ മാത്യു, അതിരമ്പുഴ സെന്റ് മേരീസ് ഹൈസ്കൂൾ അദ്ധ്യാപിക ലോലിത വർഗീസ് എന്നിവർ ആശംസകളും നേർന്നു. തുടർന്നുനടന്ന ചർച്ച

യിൽ അതിരൂപതയിലെ ദളിത് കത്തോലിക്കാസമൂഹത്തിന്റെ വിദ്യാഭ്യാസ, തൊഴിൽമേഖലകളുടെ വളർച്ചയ്ക്ക് ഉദ്യോഗസ്ഥരുടെ സഹായവും സഹകരണവും ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കപ്പെട്ടു. അറുപത്തിയഞ്ചിൽപരം അദ്ധ്യാപകരും അനദ്ധ്യാപകരും സർക്കാർ ഉദ്യോഗസ്ഥരും 12 ഡി.സി.എം.എസ്., ഡി.സി.വി.എസ്., ഡി.സി.വൈ.എൽ. ഭാരവാഹികളും പങ്കെടുത്തു. ഡി.സി.എം.എസ്. സെക്രട്ടറി മാത്യു ജോസഫ് നന്ദി രേഖപ്പെടുത്തി. വൈകുന്നേരം 4.30 ന് സമ്മേളനം അവസാനിച്ചു.

ഫെബ്രുവരി 16, 17 തീയതികളിൽ ബെംഗളുരുവിൽ നടന്ന
സി.ബി.സി.ഐ. നാഷണൽ കോൺഫറൻസ് - സിനഡാലിറ്റി: *വോയ്സ് ഓഫ് ദ മാർജിനലൈസ്ഡ് ഇൻ ഇൻഡ്യ* ൽ ഡി.സി.എം.എസ്.
അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ്
സെഷൻ മോഡറേറ്ററായി പങ്കെടുത്തു

സ്നേഹപൂർവം,

**മാത്യു ജോസഫ്** *(സെക്രട്ടറി ഇൻ ചാർജ്)* **ഡോ. സിജോ ജേക്കബ്** *(പ്രസിഡന്റ്)* **ഫാ. ജോൺ വടക്കേകളം** *(ഡയറക്ടർ)*

■

» ***കെ.എൽ.എം. തുടർച്ച...***

## ആദരാഞ്ജലികൾ

പനയമ്പാല സെന്റ് ആന്റണീസ് സംഘാംഗം സി.ഇ. ആന്റണി ചുഴനയിൽ, കുറുമ്പനാടം അസംപ്ഷൻ സംഘാംഗം വി.വി. ആന്റണി പുതുനിലം, മാന്നില സെന്റ് തോമസ് സംഘാംഗം ജോസഫ് ദേവസ്യ പാറയിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം.കുടുംബം അനുശോചനവും പ്രാർത്ഥനമറിയിക്കുന്നു.

## മരണാനന്തര സഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരുടെ നോമിനികൾക്ക് മരണാനന്തര സഹായമായ 1,25,000 രൂപ ജനുവരി 27, ഫെബ്രുവരി 6 എന്നീ തീയതികളിൽ കൈമാറി.

| | പേര് | സംഘം |
|---|---|---|
| 137 | തോമസ് വർഗീസ് | ചങ്ങനാശ്ശേരി സെന്റ് സെബാസ്റ്റ്യൻ |
| 138 | ജോസഫ് എ.ഡി. | കുന്നന്താനം സെന്റ് സെബാസ്റ്റ്യൻ |
| 139 | തോമസ് ആന്റണി | ചാഞ്ഞോടി സെന്റ് മേരീസ് |
| 141 | സെബാസ്റ്റ്യൻ തോമസ് | നാലുകോടി സെന്റ് അൽഫോൻസ |

■

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ നോമ്പുകാലം ഏറ്റവും അനുഗ്രഹപ്രദമാക്കി വിശുദ്ധജീവിതം നയിക്കാൻ, എല്ലാ സഭാമക്കളുടെയും നിത്യരക്ഷ ഉറപ്പാക്കാൻ, അതിനുവേണ്ടി ജീവിക്കാൻ, ക്രൂശിതനെയും കുരിശിനെയും സ്നേഹിച്ച് വിജയംവരിച്ച നമ്മുടെ സ്വർഗീയമധ്യസ്ഥൻ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ ജീവിതമാതൃക പിന്തുടരാം.

എസ്.എഫ്.ഒ. അംഗങ്ങളുടെ ജീവിതവിശുദ്ധി, കുടുംബവിശുദ്ധീകരണം, കുടുംബങ്ങളിലെ മരിച്ചുപോയ ആത്മാക്കളുടെ സ്വർഗപ്രവേശം, ലോകം മുഴുവന്റെയും വിശുദ്ധീകരണം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി, എസ്.എഫ്.ഒ. അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ് തോമസ് വെട്ടിക്കൽ അച്ചൻ ഫെബ്രുവരി 2 തിങ്കളാഴ്ച 3 ന് വാഴപ്പള്ളി ഗത്സേമനി കപ്പൂച്ചിൻ ആശ്രമപ്പള്ളിയിൽ അതിരൂപതയിലെ 38 ഭ്രാതൃത്വങ്ങളിലെ മിനിസ്റ്റേഴ്സിന് വെഞ്ചരിച്ചാശീർവദിച്ച ഓരോ ക്രൂശിതരൂപങ്ങൾ നൽകി. എസ്.എഫ്.ഒ. ഭവനങ്ങളിൽ നോമ്പുകാലംമുഴുവൻ ഇവയെത്തിച്ച് പ്രാർത്ഥിക്കുന്നു. അതുവഴി ക്രൂശിതന്റെ സ്നേഹത്തെയും ത്യാഗത്തെയും നമ്മുടെ നിത്യരക്ഷയെയും ധ്യാനിക്കാം. ഇത് സഭാമക്കളുടെ ഐക്യത്തിനും സ്നേഹത്തിനും കാരണമാകുന്നു. പഴയതിനെ ഉരിഞ്ഞുമാറ്റി പുതിയതിനെ സ്വീകരിച്ച് പുതുജീവിതം നയിച്ച് നിത്യരക്ഷയിലേയ്ക്ക് ജീവിതംനയിക്കുവാൻ സാധിക്കട്ടെ. ഈസ്റ്ററിന്റെ അനുഗ്രഹങ്ങളും നന്മകളും ഏവർക്കുമുണ്ടാകാൻ പ്രത്യേകം പ്രാർത്ഥിക്കുന്നു.

ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ നാമകരണനടപടികൾ പൂർത്തീകരിക്കാൻ വൈസ് പോസ്റ്റുലേറ്ററായി ജയിംസ് കുടിലിൽ അച്ചനെ നിയമിച്ചിരിക്കുന്നു. അച്ചന്റെ പ്രവർത്തനങ്ങൾ വിജയപ്രദമാകാൻ എല്ലാവരും പ്രാർത്ഥിക്കണം. ദൈവദാസന്റെ മദ്ധ്യസ്ഥത നമ്മെ സഹായിക്കട്ടെ. എത്രയുംപെട്ടെന്ന് ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ വിശുദ്ധപദവിയിലെത്തട്ടെ.

പ്രിയ സഹോദരങ്ങളേ, എസ്.എഫ്.ഒ. അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ എല്ലാ വർഷവും നടത്തുന്ന പീഡാനുഭവപദയാത്ര **മാർച്ച് 9 ശനിയാഴ്ച 9 ന്** പച്ച–ചെക്കിടിക്കാട് ലൂർദുമാതാപള്ളിയിൽനിന്നും ആരംഭിച്ച് എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ എത്തിച്ചേരുന്നു. പീഡാനുഭവപദയാത്രയിൽ പങ്കാളികളായി അനുഗ്രഹംപ്രാപിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്ചൽ അസിസ്റ്റന്റ്)*

■

# വിൻസെൻഷ്യൻ വേദി

*പ്രാർത്ഥനയിൽ മടുപ്പു തോന്നരുത് ദാനധർമത്തിൽ വൈമുഖ്യം കാണിക്കരുത്* (പ്രഭാ. 7:10)

ഒരുപ്രവർത്തനവർഷത്തിന്റെ സമാപനത്തിലേയ്ക്ക് നാം കടക്കുകയാണ്. വളരെ ചിട്ടയായി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമെന്നനിലയിൽ സുതാര്യവും കൃത്യവുമായ കണക്കുകൾ പ്രസിദ്ധീകരിക്കുകയെന്നത് ആദ്യംമുതൽ നിർവഹിച്ചു വരുന്ന ഉത്തരവാദിത്തമാണ്. ഓരോ വർഷത്തെയും കണക്കുകൾ ഓഡിറ്റ് ചെയ്ത് കോൺഫ്രൻസ്തലം മുതൽ അച്ചടിച്ച് വിതരണം ചെയ്യണമെന്ന നിർദേശം ആവർത്തിക്കുന്നു. കണക്കുകൾ ഏരിയകൗൺസിൽതലത്തിൽ **ഏപ്രിൽ 6, 7** തീയതികളിലായി ക്രോഡീകരിച്ച് **ഏപ്രിൽ 10 ന്** സെൻട്രൽ കൗൺസിലിൽ സമർപ്പിക്കേണ്ടതാണ്. നാഷണൽ കൗൺസിൽതലം മുതലുള്ള കണക്കുകൾ ഏപ്രിൽമാസത്തിൽ തയ്യാറാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉദാസീനതയുണ്ടാകരുത്. ഏതാനുംചില കോൺഫ്രൻസുകൾ കഴിഞ്ഞവർഷം വരുത്തിയ വീഴ്ചമൂലം വളരെയേറെ ബുദ്ധിമുട്ടുകളുണ്ടായി. ഈ വർഷത്തെ വാർഷികം **മെയ് 19 ന്** വെരൂർ സെന്റ് ജോസഫ് കോൺഫ്രൻസിൽ നടത്തപ്പെടുന്നതാണ്. സെൻട്രൽ കൗൺസിൽ വാർഷികത്തിനുമുമ്പായി കോൺഫ്രൻസ്, ഏരിയ കൗൺസിൽ വാർഷികങ്ങൾ പൂർത്തിയാക്കുമല്ലോ.

സെൻട്രൽ കൗൺസിലിൽ വനിതാ അംഗങ്ങൾക്കുവേണ്ടി ഫെബ്രുവരി 17 ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ട സംഗമം അവർക്ക് ആവേശവും ഊർജവും പകരുന്നതായിരുന്നു. ജോസഫ് പനക്കേഴം അച്ചൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വാണിയപ്പുരയ്ക്കൽ അച്ചൻ ഉദ്ഘാടനംചെയ്തു. ദേശീയകൗൺസിൽ വനിതാ പ്രതിനിധിയും തലശ്ശേരി അതിരൂപതാംഗവുമായ സി. ജോളി സെബാസ്റ്റ്യൻ സെമിനാറിന് നേതൃത്വംനൽകി. 140 വനിതകൾ പങ്കെടുത്തു.

ഉയിർപ്പുതിരുനാളിനായി മനസ്സിനെയും ആത്മാവിനെയും ശരീരത്തെയും നവീകരിക്കുന്നതിന് ക്രമീകരിക്കപ്പെട്ടിരിക്കുന്ന അനുഗ്രഹപ്രദമായ നോമ്പുകാലത്തിലൂടെ നാം കടന്നുപോവുകയാണ്. നമ്മെത്തന്നെ എളിമപ്പെടുത്തിക്കൊണ്ട് ഉപവാസത്തോടും കണ്ണീരോടും വിലാപത്തോടുംകൂടെ കർത്താവിങ്കലേയ്ക്ക് തിരിച്ചുവരികയെന്ന് ജോയേൽ പ്രവാചകനിലൂടെ കർത്താവ് പറയുന്നു. വിശുദ്ധീകരിക്കപ്പെടാനുള്ള ഒരു മനസ്സുണ്ടാവുകയെന്നതാണ് പ്രധാനം. ശരീരം ക്ഷയിപ്പിക്കുന്നതിനേക്കാൾ ഹൃദയത്തെ ജ്വലിപ്പിക്കുന്നതാവണം പ്രധാനമെന്നും സത്കർമങ്ങൾ ചെയ്യുവാനും സത്യസന്ധമായി ഹൃദയപരിവർത്തനത്തോടെ ഈശോയുടെ പീഡാനുഭവവെള്ളിയാഴ്ചയിൽനിന്നും പുനരുത്ഥാനത്തിന്റെ നാളുകളിലേക്ക് നടക്കാമെന്നും ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്യുന്നു. ആത്മീയസമ്പത്തിൽ അഭിവൃദ്ധി പ്രാപിക്കാൻ പരിശ്രമിക്കാം.

***ശേഷം പേജ് 98 ൽ.....»***

# കരിസ്മാറ്റിക് നവീകരണം

*നിങ്ങൾ വാക്കാലോ പ്രവൃത്തിയാലോ എന്തുചെയ്താലും അതെല്ലാം കർത്താവായ ഈശോവഴി പിതാവായ ദൈവത്തിന് കൃതജ്ഞതയർപ്പിച്ചു കൊണ്ട് അവന്റെ നാമത്തിൽ ചെയ്യുവിൻ* (കൊളോ. 3:17).

സോണൽ സർവീസ് ടീമിന്റെ പ്രവർത്തനങ്ങൾ പരിശുദ്ധാത്മാവിന്റെ കൃപയാൽ മുന്നോട്ടുപോകുന്നതിൽ ദൈവത്തിന് നന്ദി. ജനുവരി 26, 27 തീയതികളിൽ മുരിങ്ങൂറിൽ നടന്ന നാഷണൽ കോൺഫറൻസിൽ ചങ്ങനാശ്ശേരി സോണിൽനിന്ന് സിസ്റ്റേഴ്സ് ഉൾപ്പെടെ 27 പേർ പങ്കെടുത്തു. ഫെബ്രുവരി മാസത്തെ ജൂബിലി സഹസ്രദിനപ്രാർത്ഥന ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലുള്ള മാർത്ത് മറിയം കബറിടപ്പള്ളിയിൽ നടത്തപ്പെട്ടു. ജേക്കബ് കളത്തിൽവീട്ടിൽ അച്ചൻ വചനപ്രഘോഷണവും ആരാധനയും നടത്തി. എൺപതിലധികം പേർ പങ്കെടുത്തു. പുതിയതായി രണ്ട് പള്ളികളിൽകൂടി കൂട്ടായ്മകൾ സംഘടിപ്പിച്ചു. **മാർച്ച് 12 ചൊവ്വാഴ്ച** സർവീസ് ടീം ഓഫീസിൽ ഒന്നുചേർന്ന് സർവീസ് ടീം സോണൽ അഡ്വൈസറി മീറ്റിങ് വിളിച്ചുചേർക്കുവാൻ തീരുമാനിച്ചു.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോണിന്റെ 61-ാമത് മീറ്റിങ് ഫെബ്രുവരി 3 ഉച്ചകഴിഞ്ഞ് 3 ന് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ജപമാലയോടുകൂടി ആരംഭിച്ചു. ലൂയിസ് അച്ചൻ വി. മത്തായി 6:9-15 വായിച്ച് വിചിന്തനംചെയ്തു. ലോഡ്സ് കപ്പിൾസ് മിനിസ്ട്രി കോഡിനേറ്റർ എല്ലാവരെയും സ്വാഗതംചെയ്തു. ഇടവകയിലെ സെല്ലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പങ്കുവയ്ക്കൽ നടന്നു. സെല്ലുകളുടെ പ്രവർത്തനങ്ങൾ നല്ലരീതിയിൽ മുന്നോട്ടുപോകുന്നു. **മാർച്ച് 8 വെള്ളിയാഴ്ച** സെല്ലുകളിൽനിന്നുള്ള ദമ്പതികൾക്കായി ഏകദിന പ്രാർത്ഥനാകൺവെൻഷൻ രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ പാറേൽ സെന്റ് മേരീസ് പള്ളിയിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൺവെൻഷൻ ഉദ്ഘാടനം അഭി. ജോസഫ് പെരുന്തോട്ടംപിതാവ് നിർവഹിക്കും. രജിസ്ട്രേഷൻ ഫീസ് ദമ്പതികൾക്ക് 200 രൂപ. ഉച്ചഭക്ഷണം ക്രമീകരിക്കുന്നതാണ്. ഫെബ്രുവരി 18 ന് തിരുവല്ല-മുത്തൂർ സെന്റ് ആന്റണീസ് പള്ളിയിലും ഫെബ്രുവരി 25 ന് തുരുത്തി മാർത്ത് മറിയം ഫൊറോനാപ്പള്ളിയിലും ദമ്പതീസെൽ രൂപീകരിച്ചു. സന്ദേശഗീതം ആലപിച്ചശേഷം പ്രാർത്ഥനയോടെയും ലൂയിസ് അച്ചന്റെ സമാപനാശീർവാദത്തോടെയും വൈകുന്നേരം 5 ന് മീറ്റിങ്ങ് അവസാനിച്ചു. ഫെബ്രുവരി 29 ന് ഗൂഗിൾമീറ്റ് പ്ലാറ്റ്ഫോമിൽ മീറ്റിങ് നടത്തപ്പെട്ടു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. ലൂയിസ് വെള്ളാനിക്കൽ**
*(ആനിമേറ്റർ)*

198

## പൗരോഹിത്യ ആദ്ധ്യാത്മികത: വചനവിചിന്തനങ്ങൾ

മൽപാൻ ഫാ. മാത്യു വെള്ളാനിക്കൽ



# മ്ശിഹായിലുള്ള ജീവിതം

(തിരുവചനഭാഗം: 1 കോറിന്തോസ് 10,1–11,1)

പഴയനിയമദൈവജനത്തിന്റെ അനുഭവം നൽകുന്ന പാഠം ഇവിടെ വിശദീകരിക്കപ്പെടുന്നു. ഈ തിരുവചനഭാഗത്തെ താഴെക്കാണുംവിധം വിഭജിക്കാം.

1. ചരിത്രം നൽകുന്ന പാഠം (10,1–10)
2. പ്രലോഭനങ്ങളെ അതിജീവിക്കുക (10,11–13)
3. വിഗ്രഹാരാധനക്കെതിരെ (10,14–22)
4. ഇടർച്ച നൽകാതിരിക്കുക (10,23–29)
5. എല്ലാം ദൈവമഹത്ത്വത്തിന് (10,30–11,1)

ഈ ലേഖനഭാഗം അജപാലകർക്കും അജഗണങ്ങൾക്കും നൽകുന്ന സന്ദേശങ്ങൾ പഠനവിഷയമാക്കാം.

### 1. ചരിത്രം നൽകുന്ന പാഠം

*"സഹോദരരേ, നമ്മുടെ പിതാക്കന്മാരെല്ലാവരും മേഘത്തണലിൽ ആയിരുന്നുവെന്നും കടലിലൂടെ കടന്നുവെന്നും നിങ്ങൾ മനസ്സിലാക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അവരെല്ലാവരും മേഘത്തിലും കടലിലും സ്നാനമേറ്റ് മോശയോടുചേർന്നു. എല്ലാവരും ഒരേ ആത്മീയഭക്ഷണം കഴിച്ചു. എല്ലാവരും ഒരേ ആത്മീയപാനീയം കുടിച്ചു. തങ്ങളെ അനുഗമിച്ച ആത്മീയശിലയിൽനിന്നാണ് അവർ പാനം ചെയ്തത്. ആ ശില മ്ശിഹായാണ്. എന്നാൽ, അവരിൽ മിക്കവരിലും ദൈവം പ്രസാദിച്ചില്ല. അവരെല്ലാം മരുഭൂമിയിൽവച്ച് ചിതറിക്കപ്പെട്ടു. അവരെപ്പോലെ നാം തിന്മ ആഗ്രഹിക്കാതിരിക്കാൻ ഇതു നമുക്ക് ഒരു പാഠമാണ്. അവരിൽ ചിലരെപ്പോലെ നിങ്ങൾ വിഗ്രഹാരാധകരാകരുത്. തിന്നാനും കുടിക്കാനുമായി ജനം ഇരിക്കുകയും, നൃത്തം ചെയ്യാനായി എഴുന്നേൽക്കുകയും ചെയ്തുവെന്ന് അവരെപ്പറ്റി എഴുതപ്പെട്ടിരിക്കുന്നു. അവരിൽ ചിലർ വ്യഭിചാരം ചെയ്തതുപോലെ നമ്മൾ ഒരിക്കലും വ്യഭിചാരം ചെയ്യരുത്. അവരിൽ ഇരുപത്തിമൂവായിരംപേർ ഒറ്റദിവസംകൊണ്ടു നാശമടഞ്ഞു. അവരിൽ ചിലർ ചെയ്തതുപോലെ നാം കർത്താവിനെ പരീക്ഷിക്കരുത്. അവരെല്ലാവരും പാമ്പുകടിയേറ്റ് മരിച്ചു. അവരിൽ ചിലർ പിറുപിറുത്തതുപോലെ നാം പിറുപിറുക്കയുമരുത്. സംഹാരകൻ അവരെ നശിപ്പിച്ചുകളഞ്ഞു"* (10,1–10).

ഇവിടെ പൗലോസ്ശ്ലീഹാ പഴയനിയമത്തിലെ ദൈവജനത്തിന്റെ അനുഭവം നൽകുന്ന പാഠം വിശദീകരിക്കുന്നു. ദൈവത്തിന്റെ എല്ലാ കൃപാദാനങ്ങളും

ലഭിച്ചവരായിരുന്നു ഇസ്രായേൽജനത. പക്ഷേ, അവയൊന്നും അന്തിമമായ അനുഗ്രഹത്തിന്റെ ഉറപ്പല്ല. ഇസ്രായേൽജനതയുടെ പിതാക്കന്മാർ അടിമത്തത്തിൽനിന്നുള്ള വിമോചനവും ദൈവസാന്നിദ്ധ്യവും പ്രവർത്തനങ്ങളും അനുഭവിച്ചവരായിരുന്നെങ്കിലും വിഗ്രഹങ്ങൾക്ക് പുറകേപോയി. അതുകൊണ്ട് പുറപ്പാടനുഭവത്തിലുൾപ്പെട്ട തലമുറമുഴുവൻ മരുഭൂമിയിൽ മരിച്ചുവീണു. അവർക്കാർക്കും വാഗ്ദാനദേശത്തെത്താനായില്ല.

ഇസ്രായേലിന്റെ ചരിത്രം സഭയുടെ ജീവിതത്തിന്റെ പ്രതീകമാണ്. പ്രത്യേകമായി പൗലോസ് എടുത്തുപറയുന്ന കാര്യങ്ങൾ മാമോദീസായും പരിശുദ്ധ കുർബാനയും അരൂപിയെ സ്വീകരിക്കലുമാണ്. വിവിധ പ്രതീകങ്ങൾ ഇവിടെ ഉപയോഗിക്കുന്നു. മേഘത്തിന്റെ തണലിലായിരുന്നു, കടലിലൂടെ കടന്നു എന്നിവ ആത്മാവിനാലും ജലത്താലുമുള്ള മാമോദീസായെ സൂചിപ്പിക്കുന്നു. ആത്മീയഭക്ഷണവും ആത്മീയപാനീയവും പരിശുദ്ധ കുർബാനയെ സൂചിപ്പിക്കുന്നു. മരുഭൂമിയിൽ മന്നാ ഭക്ഷിക്കുകയും പാറയിൽനിന്നുള്ള ജലം കുടിക്കുകയും ചെയ്തിട്ടും പിതാക്കന്മാർ തെറ്റുചെയ്തു. മാമോദീസാ സ്വീകരിച്ചതുകൊണ്ടും പരിശുദ്ധ കുർബാനയിൽ പങ്കുചേർന്നതുകൊണ്ടുംമാത്രം വിഗ്രഹാരാധനയിൽനിന്നും സംരക്ഷണമാവില്ല. സ്നാനമേറ്റ് മോശയോടുചേർന്നു (10,2) എന്നത് മോശയിലേയ്ക്ക് സ്നാനപ്പെട്ടുവെന്നാണ് മൂലപാഠം. ക്രിസ്ത്യാനിയാകുമ്പോൾ ഒരാൾ മ്ശിഹായിലേയ്ക്ക് ചേരുകയാണ്, മ്ശിഹായിൽ സ്നാനപ്പെടുകയാണ്. അപ്രകാരം സ്നാനം സ്വീകരിച്ചവർക്ക് പഴയനിയമദൈവജനത്തിന് സംഭവിച്ചത് സംഭവിക്കുവാൻപാടില്ല. അതുകൊണ്ട് കോറിന്തോസിലെ വിഗ്രഹാരാധനാപശ്ചാത്തലത്തിൽ, പ്രലോഭനങ്ങളിൽവീഴാതെ സൂക്ഷിക്കണമെന്ന് അവിടത്തെ ക്രിസ്ത്യാനികളെ പൗലോസ്ശ്ലീഹാ ഓർമപ്പെടുത്തുകയാണ്. പ്രലോഭനങ്ങൾക്കിടയാകുന്ന സാമൂഹ്യപശ്ചാത്തലത്തിൽ അജപാലകർ വേണ്ടുന്ന നിർദേശങ്ങൾ അജഗണങ്ങൾക്ക് നൽകണം.

### 2. പ്രലോഭനങ്ങളെ അതിജീവിക്കുക

*''ഇതെല്ലാം അവർക്ക് ഒരു താക്കീതായിട്ടാണ് സംഭവിച്ചത്. നമുക്ക് ഒരു പാഠമാകേണ്ടതിന് അവയെല്ലാം എഴുതപ്പെട്ടിരിക്കുന്നു. യുഗങ്ങളുടെ അന്തിമഘട്ടം നമ്മിലാണല്ലോ വന്നെത്തിയിരിക്കുന്നത്. ആകയാൽ, നിൽക്കുന്നുവെന്ന് വിചാരിക്കുന്നവൻ വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെ. മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്ക് നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങളുണ്ടാകാൻ അവിടുന്ന് അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻവേണ്ട ശക്തി അവിടുന്ന് നിങ്ങൾക്കുനൽകും''* (10,11-13).

പഴയനിയമജനതയ്ക്ക് സംഭവിച്ചതെല്ലാം ഒരു താക്കീതാണ്. പഴയനിയമജനതയുടെ തുടർച്ചയും കാലത്തിന്റെ പൂർത്തീകരണവുമാണ് സഭയിൽ നടക്കുന്നത്. മ്ശിഹായുടെ ആഗമനത്തോടെ മനുഷ്യകുലം അതിന്റെ ലക്ഷ്യത്തിലെത്തിയിരിക്കുന്നു. മ്ശിഹായിൽ എല്ലാം നവീകരിക്കപ്പെടുകയും പൂർണതയിലെത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. മ്ശിഹായെ അറിയുകയും സ്വീകരിക്കുകയും ചെയ്തവർക്ക് പിതാക്കന്മാർക്ക് സംഭവിച്ച അതേതെറ്റുകൾ സംഭവിക്കാൻ

പാടില്ല. അനിതരസാധാരണമായ പ്രലോഭനങ്ങളൊന്നും കോറിന്തോസുകാർക്ക് നേരിട്ടിട്ടില്ല. പരീക്ഷണഘട്ടങ്ങളിൽ ദൈവം അവരെ ബലപ്പെടുത്തി സഹായിക്കും. കോറിന്തോസുകാർ ഇപ്പോൾ വന്നുപെട്ടിരിക്കുന്ന പ്രതിസന്ധിയിൽ നിന്ന് ദൈവത്തിന്റെ സംരക്ഷണയാൽ രക്ഷപ്പെടുമെന്ന ഉറപ്പ് ശ്ലീഹാ അവർക്ക് നൽകുന്നുണ്ട് (10,13).

അവർക്കുണ്ടാകാൻ സാദ്ധ്യതയുള്ള പ്രലോഭനങ്ങളെക്കുറിച്ച് പൗലോസ് ഇവിടെ സൂചിപ്പിക്കുന്നുമുണ്ട്. ഒന്ന്, വിഗ്രഹാരാധനയ്ക്കുള്ള പ്രലോഭനം. വിഗ്രഹങ്ങളെ പ്രകടമായി ആരാധിക്കുന്ന പ്രശ്നമല്ല. ഒരാൾ തന്റെ കഴിവും സമയവും ചിന്തകളും തന്റെ സ്വന്തം കാര്യങ്ങൾക്കായി മാത്രം ചിലവഴിക്കുന്നത് വിഗ്രഹാരാധനയുടെ സ്വഭാവമുൾക്കൊള്ളുന്നുണ്ട്. അയാൾ തന്റെ ദൈവത്തെക്കാളുപരി സ്വചിന്തകൾക്കും പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകുന്നു. രണ്ട്, തങ്ങളുടെ അധമവികാരങ്ങൾക്ക് അടിമപ്പെടാനുള്ള സാധ്യത മനുഷ്യർക്കുണ്ട്. വിശുദ്ധിക്കുവേണ്ടിയുള്ള ദാഹവും പരിശ്രമവും തുടർച്ചയായി നിലനിർത്തിയില്ലെങ്കിൽ അപ്രകാരമുള്ള അശുദ്ധവികാരങ്ങൾക്ക് അടിമപ്പെടും. മൂന്ന്, ദൈവത്തെ പരീക്ഷിക്കുന്ന സന്ദർഭങ്ങളും ഒരു വ്യക്തിയുടെ ജീവിതത്തിലുണ്ടാകാൻ സാധ്യതയുണ്ട്. ഒന്നും സാരമില്ല. ദൈവം ക്ഷമിക്കുമെന്ന ചിന്തയോടുകൂടി ജീവിതത്തെ ലാഘവമായി എടുക്കുന്നവരും ക്രിസ്തീയ സമൂഹത്തിലുണ്ടാവണം. അതുകൊണ്ട് നിൽക്കുന്നുവെന്ന് കരുതുന്നവൻ വീഴാതെ സൂക്ഷിച്ചുകൊള്ളട്ടെയെന്ന മുന്നറിയിപ്പും ശ്ലീഹാ നൽകുന്നുണ്ട് (10,12). പ്രലോഭനങ്ങളെയെല്ലാം അതിജീവിച്ച് വിശുദ്ധിയിൽ വളരുവാൻ അജഗണങ്ങളെ സഹായിക്കണം.

### 3. വിഗ്രഹാരാധനക്കെതിരെ

*"ആകയാൽ പ്രിയപ്പെട്ടവരേ, വിഗ്രഹാരാധനയിൽനിന്ന് ഓടിയകലുവിൻ. വിവേകമതികളോടെന്നപോലെ ഞാൻ നിങ്ങളോട് പറയുന്നു: ഞാൻ പറയുന്നത് നിങ്ങൾതന്നെ വിധിക്കുവിൻ. നാം ആശീർവദിക്കുന്ന അനുഗ്രഹത്തിന്റെ പാനപാത്രം മ്ശിഹായുടെ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം മ്ശിഹായുടെ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളൂ. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. ജനനം കൊണ്ടുമാത്രം ഇസ്രായേൽക്കാരായവരെ നോക്കുവിൻ. ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർക്കല്ലേ ബലിപീഠത്തിലെ ഭാഗഭാഗിത്വം? വിഗ്രഹത്തിനു സമർപ്പിച്ച ആഹാരപദാർഥമോ വിഗ്രഹംതന്നെയോ എന്തെങ്കിലുമാണെന്നു ഞാൻ ഉദ്ദേശിക്കുന്നുണ്ടോ? ഇല്ല. വിജാതീയർ ബലിയർപ്പിക്കുന്നത് പിശാചിനാണ്, ദൈവത്തിനല്ല എന്നാണ് ഞാൻ പറയുന്നത്. നിങ്ങൾ പിശാചുക്കളുടെ പങ്കാളികളാകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഒരേസമയം കർത്താവിന്റെ പാനപാത്രവും പിശാചുക്കളുടെ പാനപാത്രവും കുടിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല. കർത്താവിൻെറ മേശയിലും പിശാചുക്കളുടെ മേശയിലും ഭാഗഭാക്കുകളാകാനും സാധിക്കുകയില്ല. കർത്താവിൽ നാം അസൂയ ഉണർത്തണമോ? നാം അവിടുത്തേക്കാൾ ശക്തരാണോ?"* (10,14-22).

കർത്താവിന്റെ അത്താഴത്തിൽ ഭാഗഭാക്കായികൊണ്ട് മ്ശിഹായുടെ ശരീരത്തിലും രക്തത്തിലും പങ്കുചേരുന്ന (10,16-17) കോറിന്തോസിലെ ക്രിസ്ത്യാനികളിൽ ചിലർ വിജാതീയരുടെ ആരാധനയിലും പങ്കുചേരുന്നു. വിജാതീയരുടെ പൂജകളുടെ പിന്നിലെ വിഗ്രഹങ്ങൾ ഒന്നുമല്ലെങ്കിൽതന്നെയും ഇത്തരം ആരാധനകളിലൂടെ പൈശാചികശക്തികൾക്കു ബഹുമാനം നൽകപ്പെടുന്നുണ്ട്. യഥാർത്ഥദൈവത്തെ തിരസ്കരിച്ചാണ് വിഗ്രഹങ്ങളെ പൂജിക്കുന്നത് (1 കോറി. 10,20). അതുകൊണ്ട് ഈ രണ്ടുവിരുന്നുകളും ചേർന്നുപോവുകയില്ല. ഒന്നുകിൽ കർത്താവിനോട് പങ്കുചേരുക; അല്ലെങ്കിൽ കർത്താവിനെ നിഷേധിക്കുന്നവരോട് പങ്കുചേരുക (10,21).

വിഗ്രഹങ്ങൾക്കർപ്പിച്ച ഭക്ഷണം വിജാതീയരുടെ ബലിയർപ്പണത്തോട് ബന്ധപ്പെട്ടതാണ്. കർത്താവിന്റെ ബലിയർപ്പണമായ പരിശുദ്ധ കുർബാനയുടെ വിരുന്നിനോട് അതിനേറെ സാമ്യമുണ്ട്. വിഗ്രഹാർപ്പിതഭക്ഷണം കഴിക്കുന്നതുവഴി വിഗ്രഹാരാധനയിലേയ്ക്കും അശുദ്ധപ്രവർത്തനങ്ങളിലേയ്ക്കും നയിക്കപ്പെടാമെന്നതിനേക്കാൾ ഈശോയോടും അവിടുത്തെ ശരീരമായ സഭയോടുമുള്ള വിശ്വസ്തത പാലിക്കേണ്ടതിന്റെ ആവശ്യകതയാണ് പൗലോസ് ശ്ലീഹാ ഊന്നിപ്പറയുന്നത്. സഭാകൂട്ടായ്മ ദൈവികകൂട്ടായ്മയാണ്. ദൈവം അസൂയാലുവായ ദൈവമാണ്. തന്റെ സ്ഥാനം മറ്റുള്ളവരുമായി പങ്കിടുവാൻ അവിടുന്ന് സമ്മതിക്കുകയില്ല (10,22). ദൈവത്തിന്റെ അതുല്യതയാണ് അത് സൂചിപ്പിക്കുന്നത്. അവർ അവിടുത്തെ സന്നിധിയിൽനിന്ന് വഴുതിമാറാൻ പ്രലോഭിതരാകുമ്പോൾ അവിടുന്ന് അവർക്ക് കരുത്തും യഥാർത്ഥവഴി പിന്തുടരാനുള്ള മാർഗനിർദേശവും നൽകും (10,13). അജഗണങ്ങൾക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ ആവശ്യകമായ മാർഗനിർദേശങ്ങൾ നൽകണം.

**4. ഇടർച്ച നൽകാതിരിക്കുക**

*"എല്ലാം നിയമാനുസൃതമാണ്; എന്നാൽ, എല്ലാം പ്രയോജനകരങ്ങളല്ല. എല്ലാം നിയമാനുസൃതമാണ്; എന്നാൽ, എല്ലാം പടുത്തുയർത്തുന്നില്ല. ഏതൊരുവനും സ്വന്തം നന്മ കാംക്ഷിക്കാതെ അയൽക്കാരന്റെ നന്മ കാംക്ഷിക്കട്ടെ. ചന്തയിൽ വിൽക്കപ്പെടുന്ന ഏതുതരം മാംസവും വാങ്ങി മനശ്ചാഞ്ചല്യം കൂടാതെ ഭക്ഷിച്ചുകൊള്ളുവിൻ. കാരണം, ഭൂമിയും അതിലുള്ള സർവവും കർത്താവിന്റേതാണ്. അവിശ്വാസിയായ ഒരുവൻ നിന്നെ ഭക്ഷണത്തിന് ക്ഷണിക്കുകയും പോകാൻ നീ ആഗ്രഹിക്കുകയും ചെയ്താൽ വിളമ്പിത്തരുന്നതെന്തും മനശ്ചാഞ്ചല്യം കൂടാതെ ഭക്ഷിച്ചുകൊള്ളുക. എന്നാൽ, ആരെങ്കിലും നിന്നോട് ഇത് ബലിയർപ്പിച്ച വസ്തുവാണ് എന്നുപറയുന്നുവെങ്കിൽ, ഈ വിവരം അറിയിച്ച ആളെക്കരുതിയും മനസ്സാക്ഷിയെക്കരുതിയും നീ അത് ഭക്ഷിക്കരുത്. നിന്റെ മനസ്സാക്ഷിയല്ല അവന്റേതാണ് ഞാൻ ഉദ്ദേശിക്കുന്നത്. എന്റെ സ്വാതന്ത്ര്യം മറ്റൊരുവന്റെ മനസ്സാക്ഷികൊണ്ട് എന്തിന് വിധിക്കപ്പെടണം?"* (10,23-29).

വിഗ്രഹാർപ്പിതഭക്ഷണത്തോട് ബന്ധപ്പെട്ട പ്രബോധനത്തിന്റെ അവസാനത്തിൽ പ്രായോഗികജീവിതത്തിലെ ചില സാഹചര്യങ്ങൾകൂടി പൗലോസ് പരാമർശിക്കുന്നു. വിഗ്രഹാർപ്പിതഭക്ഷണം കഴിക്കാൻ ക്രിസ്ത്യാനിക്ക് തടസ്സമില്ല. വിഗ്രഹം ഒന്നുമല്ലായെന്നും വ്യക്തികൾക്ക് ഏതുഭക്ഷണവും കഴിക്കാൻ സ്വാതന്ത്ര്യ

മുണ്ടെന്നുമാണ് പൗലോസിന്റെ കാഴ്ചപ്പാട്. പക്ഷേ, ഒരു കാര്യംകൂടി ശ്ലീഹാ കൂട്ടിച്ചേർക്കുന്നു. ദൈവത്തോടും സഹോദരങ്ങളോടുമുള്ള ബന്ധം ഇത്തരം സ്വാതന്ത്ര്യത്തിന് പരിധികൾവയ്ക്കുന്നു. ആരെങ്കിലും അത് വിഗ്രഹത്തിനർപ്പിച്ചതാണ് എന്നുപറയുന്ന പക്ഷം, അവരുടെ ദുർബലമനസാക്ഷിയെക്കരുതി ഭക്ഷിക്കാതിരിക്കുക. നിയമാനുസൃതമാണോയെന്നത് മാത്രമല്ല ക്രിസ്ത്യാനിയെ നയിക്കുന്നത്. തന്റെ പ്രവൃത്തി അപരന്റെ വളർച്ചയ്ക്ക് ഉപകരിക്കുമോ, അത് സഭയെ പടുത്തുയർത്തുമോ, എന്നതാണ് പ്രധാനം.

കോറിന്തോസിലെ ക്രൈസ്തവർ യഹൂദർക്കും വിജാതീയർക്കും നല്ല മാതൃക കൊടുക്കുന്നവരായിരിക്കണമെന്നതാണ് പൗലോസ്ശ്ലീഹായുടെ അടിസ്ഥാനപരമായ പ്രബോധനം. കോറിന്തോസ് സമൂഹത്തിൽ യഹൂദരും ഗ്രീക്കുകാരുമുണ്ടായിരുന്നു. അവരുടെ മതപരമായ നിലപാടുകൾ ക്രൈസ്തവ സമൂഹത്തിന്റെ നിലപാടുകളിൽനിന്നും വ്യത്യസ്തമായിരുന്നു. അപ്രകാരമുള്ള ഒരു പശ്ചാത്തലത്തിൽ അവർക്ക് ഇടർച്ചനൽകുന്ന രീതിയിൽ ക്രൈസ്തവർ പ്രവർത്തിക്കരുത്. മാത്രമല്ല, അവർക്ക് നല്ലമാതൃക നൽകത്തക്കവിധം ക്രൈസ്തവർ ജീവിക്കുകയും പ്രവർത്തിക്കുകയും വേണം. ഈ പ്രബോധനം ഇന്നും പ്രസക്തമാണ്. കാരണം, സഭാംഗങ്ങൾ മറ്റു മതസ്ഥരും ചിന്താഗതിയുമുള്ളവരുമായ സമൂഹത്തിലാണ് ജീവിക്കുന്നത്. അതുകൊണ്ട് ഒരു കാര്യം ദൈവതിരുമുമ്പിൽ സ്വീകാര്യമാണ് എന്നുറപ്പുവരുത്തിയാൽ പോരാ. അത് മറ്റുള്ളവർക്ക് നല്ലമാതൃക നൽകുന്നതാണോ എന്നുകൂടി പരിശോധിക്കണം. എല്ലാവർക്കും നല്ലമാതൃക നൽകുന്ന ജീവിതം നയിക്കാൻ അജഗണങ്ങളെ പരിശീലിപ്പിക്കണം.

### 5. എല്ലാം ദൈവമഹത്ത്വത്തിന്

*"കൃതജ്ഞതയോടെയാണ് ഞാൻ അതിൽ ഭാഗഭാക്കാകുന്നതെങ്കിൽ, ഞാൻ കൃതജ്ഞതയർപ്പിക്കുന്ന ഒന്നിനുവേണ്ടി എന്തിന് എന്നെ കുറ്റപ്പെടുത്തണം? അതിനാൽ, നിങ്ങൾ ഭക്ഷിക്കുകയോ പാനംചെയ്യുകയോ മറ്റെന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അവയെല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുവിൻ. യഹൂദർക്കോ ഗ്രീക്കുകാർക്കോ ദൈവത്തിന്റെ സഭയ്ക്കോ നിങ്ങൾ ദ്രോഹമൊന്നും ചെയ്യരുത്. ഞാൻതന്നെയും എല്ലാവരുടെയും രക്ഷയെപ്രതി അനേകരുടെ പ്രയോജനത്തിനായി എന്റെ പ്രയോജനം നോക്കാതെ എല്ലാകാര്യങ്ങളിലും എല്ലാവരെയും പ്രീതിപ്പെടുത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഞാൻ മ്ശിഹായെ അനുകരിക്കുന്നതുപോലെ നിങ്ങൾ എന്നെ അനുകരിക്കുവിൻ"* (10,30-11,1).

വിഗ്രഹാർപ്പിതഭക്ഷണത്തിൽ പങ്കുചേരുന്നത് സംബന്ധിച്ചുള്ള ഈ ചർച്ചയിൽനിന്ന് മൂന്നുനിലപാടുകളാണ് പൗലോസ്ശ്ലീഹാ മുന്നോട്ടുവയ്ക്കുന്നത്. ഒന്ന്, എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുക; രണ്ട്, യഹൂദർക്കോ ഗ്രീക്കുകാർക്കോ ദൈവത്തിന്റെ സഭയ്ക്കോ ദ്രോഹമൊന്നും ചെയ്യരുത്; മൂന്ന്, താൻ മ്ശിഹായെ അനുകരിക്കുന്നതുപോലെ കോറിന്തോസുകാർ തന്നെ അനുകരിക്കുക. എല്ലാം ദൈവമഹത്ത്വത്തിനായി ചെയ്യുകയെന്നത് വളരെ പ്രാധാന്യമർഹിക്കുന്ന ഒരു വസ്തുതയാണ്. പൊതുവേ എല്ലാ മനുഷ്യർക്കുമുള്ള പ്രവ

ണത സ്വന്തം മഹത്ത്വം തേടുകയെന്നതാണ്. യഹൂദനായി യഹൂദരുടെയിടയിൽ കടന്നുവന്ന മ്ശിഹായെ അവർക്ക് സ്വീകരിക്കുവാൻ കഴിയാതെപോയതിന്റെ കാരണം അവർ ദൈവമഹത്ത്വം തേടാതെ സ്വന്തം മഹത്ത്വം തേടിയെന്നതാണ്. ''പരസ്പരം മഹത്ത്വം സ്വീകരിക്കുകയും ഏകദൈവത്തിൽനിന്നുവരുന്ന മഹത്ത്വം അന്വേഷിക്കാതിരിക്കുകയും ചെയ്യുന്ന നിങ്ങൾക്ക് എങ്ങനെ വിശ്വസിക്കാൻ കഴിയും?'' (യോഹ. 5,44). ആകയാൽ ദൈവമഹത്ത്വം ലക്ഷ്യമാക്കി എല്ലാം ചെയ്യുവാൻ നാം ശ്രദ്ധിക്കണം.

രണ്ടാമതായി, ആർക്കും ദ്രോഹം ചെയ്യാത്ത ജീവിതം നയിക്കണം. സഭാസമൂഹത്തിലുള്ളവർക്കും സഭാസമൂഹത്തിനുപുറമേയുള്ളവർക്കും ദ്രോഹമൊന്നും വരുത്താതെ സ്നേഹശുശ്രൂഷ നൽകുവാൻ നാം ശ്രദ്ധിക്കണം. സഭയിലും സമൂഹത്തിലും സ്നേഹത്തിന്റെ സാക്ഷ്യം നൽകുവാൻ നാം ശ്രദ്ധിക്കണം. സ്നേഹസാക്ഷ്യമാണ് ക്രൈസ്തവജീവിതത്തിന്റെയും സഭാജീവിതത്തിന്റെയും മുഖമുദ്രയാകേണ്ടത്. മൂന്നാമതായി, താൻ മ്ശിഹായെ അനുകരിക്കുന്നതുപോലെ കോറിന്തോസിലെ സഭാംഗങ്ങൾ തന്നെ അനുകരിക്കണമെന്നും ശ്ലീഹാ ആവശ്യപ്പെടുന്നു. (1 കോറി. 11,1). അതുപോലെ അജഗണങ്ങൾക്ക് അനുകരണാർഹമായ വിധത്തിൽ ജീവിക്കുവാൻ അജപാലകർ ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. അജഗണങ്ങൾക്ക് പ്രലോഭനങ്ങൾക്കിടയാകുന്ന സാഹചര്യങ്ങളെക്കുറിച്ച് അവരെ ഞാൻ ബോധവത്കരിക്കുന്നുണ്ടോ?
2. പ്രലോഭനങ്ങളെ അതിജീവിച്ച് വിശുദ്ധിയിൽ വളരാൻ ഞാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുന്നുണ്ടോ?
3. യഥാർത്ഥവിശ്വാസത്തിൽനിന്നും വ്യതിചലിക്കാതിരിക്കുവാൻവേണ്ട മാർഗനിർദേശങ്ങൾ ഞാൻ ജനങ്ങൾക്ക് നൽകുന്നുണ്ടോ?
4. എല്ലാവർക്കും നല്ലമാതൃക നൽകുവാൻ തക്കവിധം ജീവിക്കുവാൻ ഞാൻ അജഗണങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
5. അജഗണങ്ങൾക്ക് അനുകരണാർഹമായ രീതിയിൽ ജീവിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

■

---


» ***വിൻസെൻഷ്യൻ വേദി തുടർച്ച...***

നമ്മുടെ ഏറ്റവും പ്രധാനതിരുനാൾ ഈ മാസം ആഘോഷിക്കുകയാണ്. ഭൗതികമായ ആഘോഷത്തിൽ മിതത്വം പാലിക്കാനും ചുറ്റുമുള്ളവർക്ക് തിരുനാളാഘോഷം അനുഭവമാക്കാനും ശ്രദ്ധിക്കാം. ഏവർക്കും ഈസ്റ്ററിന്റെ മംഗളങ്ങൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സി.സി. പ്രസിഡന്റ്)*

■



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജനുവരി**

23 മല്ലപ്പള്ളി - നെടുങ്ങാടപ്പള്ളി സെന്റ് അത്തനേഷ്യസ് പള്ളിയിൽ മഞ്ചേരിക്കളം ബഹു. സെബാസ്റ്റ്യനച്ചന്റെ മൃതസംസ്കാരകർമത്തിന് പരിശുദ്ധ കുർബാനയർപ്പിച്ചു.

സഭൈകൃവാരത്തോടും ന്യൂനപക്ഷദിനാചരണത്താടുമനുബന്ധിച്ച് വിവിധ ക്രൈസ്തവസഭകളിലെ മേലധ്യക്ഷന്മാരുമായി ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ നടന്ന എക്യുമെനിക്കൽ മീറ്റിങ്ങിൽ പങ്കെടുത്തു.

24 ചെത്തിപ്പുഴ സി.എം.സി. കാർമൽ വില്ലയിൽ ഏകദിനവചനധ്യാനം ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

ഉച്ചയ്ക്കുശേഷം എടത്വാ സെന്റ് മേരീസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിന്റെ സുവർണജൂബിലിയോടനുബന്ധിച്ചുനടന്ന പൊതുസമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

25 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിലെ പ്രധാന തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ സിൽവർജൂബിലിയാഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

ഉച്ചയ്ക്കുശേഷം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിലെ ഒന്നാം വർഷ നേഴ്സിങ് വിദ്യാർത്ഥികളുടെ ലാമ്പ് ലൈറ്റിങ് ചടങ്ങിൽ പങ്കെടുത്തു.

26 പെരുന്ന വെസ്റ്റ് സെന്റ് ആന്റണീസ് ഇടവകാംഗം കരിപ്പാലിൽ ജോർജ് ജോസഫിന്റെ മൃതസംസ്കാരത്തിന് ഭവനത്തിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജ് കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട അതിരൂപതാ മതാധ്യാപകസംഗമം *ഹെകെംസ 2024* ഉദ്ഘാടനംചെയ്ത് സംസാരിച്ചു. പ്രവാസി അപ്പോസ്തലേറ്റ് യു.എ.ഇ. ചാപ്റ്ററിന്റെ വാർഷികാഘോഷങ്ങളിൽ പങ്കെടുക്കാൻ യു.എ.ഇ. ലേയ്ക്ക് യാത്രതിരിച്ചു.

27 യു.എ.ഇ. സന്ദർശനം

28 പ്രവാസി അപ്പോസ്തലേറ്റ് യ.ുഎ.ഇ. ചാപ്റ്ററിന്റെ വാർഷികാഘോഷം ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

29 പുന്നത്തുറ സെന്റ് തോമസ് പള്ളിയിൽ അഴകമ്പ്രായിൽ മാത്യു, മേരി എന്നിവരുടെ വിവാഹം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ, 2023 ഡിസംബർ – 2024 ജനുവരി മാസങ്ങളിൽ പൗരോഹിത്യം സ്വീകരിച്ച നവവൈദികർക്ക് ക്ലാസ്സെടുക്കുകയും വൈകുന്നേരംനടന്ന നവവൈദി കർക്കുള്ള ആശംസാസമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

30 അതിരൂപതാകേന്ദ്രത്തിലെ ചാപ്പലിൽ നവവൈദികരോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു; നവവൈദികർക്ക് ക്ലാസ്സെടുത്തു.

ഉച്ചയ്ക്കുശേഷം പച്ച-ചെക്കിടിക്കാട് ലൂർദുമാതാ ഹയർ സെക്കൻഡറി സ്കൂളിന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ചുള്ള സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

31 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ അതി രൂപതാ ബൈബിൾ കൺവെൻഷന്റെ പന്തൽനാട്ടൽകർമം നിർവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിന്റെ വാർഷികാഘോഷത്തിൽ പങ്കെടുത്തുസംസാരിച്ചു. നാഗമ്പടത്ത് 'കോട്ടയം കാത്തലിക് കൺവെൻഷൻ' ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

**ഫെബ്രുവരി**

01 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലെ പ്രധാനതിരുനാളി നോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

02 തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ കറുകയിൽ ബഹു. ജോസഫ് (ബിജു) അച്ചന്റെ പിതാവ് മത്തായി വർഗീസിന്റെ മൃതസംസ്കാരത്തിന് പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിൽ 'കോളേജ് പ്രീസ്റ്റ്സ് കൗൺസിൽ' മീറ്റിങ്ങിൽ പങ്കെടുത്തു. പറത്താനം ഔർ ലേഡി ഓഫ് സെവൻ ഡോളേഴ്സ് പള്ളി യിൽ കൊള്ളിക്കൊളവിൽ ജോബി, അഴകമ്പ്രായിൽ ബിന്നി എന്നിവരുടെ വിവാഹം ആശീർവദിച്ചു.

ഉച്ചയ്ക്കുശേഷം വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ പുത്തൻപുരയിൽ സേവ്യർ, എലിസബത്ത് എന്നിവരുടെ വിവാഹം ആശീർവദിച്ചു. ചങ്ങനാ ശ്ശേരി സെന്റ് ജോസഫ് ബുക്ക്സ്റ്റാളിന്റെ പുതിയ കടമുറി വെഞ്ചരിച്ചു.

04 ആശുപത്രിയുടെ സപ്തതിയാഘോഷങ്ങളോടനുബന്ധിച്ച് ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ ചാപ്പലിൽ മുൻ സ്റ്റാഫംഗങ്ങൾക്കായി നടന്ന പരിശുദ്ധ കുർബാനയ്ക്ക് കാർമികത്വംവഹിച്ചു. തുടർന്ന് അവരെ ആദരിക്കുന്ന സമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു.

ഉച്ചയ്ക്കുശേഷം ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ എ.കെ.സി.സി.യിലെ പുതിയ അംഗങ്ങൾക്ക് മെമ്പർഷിപ് ബാഡ്ജ് നൽകി സംഘടനയിലേയ്ക്ക് സ്വീകരിച്ചു. കട്ടച്ചിറ സെന്റ് സേവ്യേഴ്സ് പള്ളിയിൽ പുത്തൻപുര ബഹു.

കുര്യനച്ചന്റെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണജൂബിലിയോടനുബന്ധിച്ചുനടന്ന കൃതജ്ഞതാബലിയിൽ വചനസന്ദേശം നൽകി. അതിരൂപതാ ബൈബിൾ കൺവെൻഷനോടനുബന്ധിച്ചുനടന്ന സമർപ്പിതരുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

05 പുന്നമട എഫ്.ഡി.എസ്.എച്ച്.ജെ. സന്യാസിനിഭവനത്തിന്റെ ചാപ്പൽ കൂദാശ ചെയ്യുകയും സന്യാസിനിഭവനം ആശീർവദിക്കുകയും ചെയ്തു.

06 അതിരൂപതാകേന്ദ്രത്തിൽ ഹയർ എജ്യുക്കേഷൻ ഡിപ്പാർട്ടുമെന്റ് ബോർഡ് മെമ്പേഴ്സിന്റെ മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ ഈ വർഷം വിരമിക്കുന്ന അധ്യാപകരുടെയും ഓഫീസ് സ്റ്റാഫിന്റെയും യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു

07 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ വിൻസെന്റ് ഡി പോൾ സംഘടനയുടെ ആഭിമുഖ്യത്തിൽ നടന്ന *അഗാപ്പെ* (ഫുഡ് ഫെസ്റ്റ്) ഉദ്ഘാടനംചെയ്ത് സംസാരിച്ചു. പുല്ലങ്ങടിയിൽ അറയ്ക്കത്തറ അന്നമ്മ മത്തായിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കൈനകരി ചാവറഭവനിൽ വി. ചാവറയച്ചന്റെ നാമഹേതുകതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

08 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും കുറിച്ചി, നിരണം സെമിനാരികളിലെ വൈദികരുടെ മീറ്റിങ്ങിൽ പങ്കെടുക്കുകയും ചെയ്തു. ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം സേവനമനുഷ്ഠിച്ചശേഷം സ്ഥലംമാറിപ്പോകുന്ന ബഹു. കുന്നക്കാട്ടുതറ സക്കറിയാസ് അച്ചന് നൽകിയ യാത്രയയപ്പുസമ്മേളനത്തിലും പുതിയതായി ചാർജെടുത്ത തൈപ്പറമ്പിൽ ബഹു. അഗസ്റ്റിൻ അച്ചന് നൽകിയ സ്വാഗതസമ്മേളനത്തിലും പങ്കെടുത്തുസംസാരിച്ചു.

വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക്, തെള്ളകം കപ്പൂച്ചിൻ വിദ്യാഭവൻ എന്നീ സെമിനാരികളിൽ നിന്നും അതിരൂപതയിലെ ഇടവകകളിൽ പാസ്റ്ററൽ മിനിസ്റ്ററി ചെയ്യുന്ന വൈദികാർത്ഥികളുടെ മീറ്റിങ്ങിൽ പങ്കെടുത്തുസംസാരിക്കുകയും അവർക്ക് അതിരൂപതാകുടുംബത്തിന്റെ സ്നേഹസമ്മാനം നൽകുകയും ചെയ്തു.

09 പച്ച-ചെക്കിടിക്കാട് ലൂർദുമാതാ പള്ളിയിലെ പ്രധാനതിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ ജൂണിയർവൈദികരുടെ തുടർപരിശീലനത്തിൽ പങ്കെടുത്ത് അവരോടുസംസാരിച്ചു.

വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ സപ്തതി യാഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

10 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പൊടിപ്പാറ ഇടവകയിലെ സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തപ്പെട്ട ക്യാമ്പിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ അതിരൂപതാ കോർപ്പറേറ്റിൽനിന്ന് വിരമിക്കുന്ന അധ്യാപകരുടെ യാത്രയയപ്പുസമ്മേളനത്തിൽ പങ്കെടുത്തു സംസാരിച്ചു.

11 കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന പ്പള്ളിയിൽ തിരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും വചനസന്ദേശം നൽകുകയും ചെയ്തു.

ഉച്ചയ്ക്കുശേഷം ചങ്ങനാശ്ശേരി സന്ദേശനിലയത്തിൽ ഡി.സി.എം.എസ്. അംഗങ്ങളായ അധ്യാപകരുടെയും അനധ്യാപകരുടെയും വിവിധ സർക്കാർഓഫീസുകളിൽ ജോലി ചെയ്യുന്നവരുടെയും സംഗമത്തിൽ പങ്കെടുത്തുസംസാരിച്ചു. ആലപ്പുഴ - പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാ പ്പള്ളിയിൽ ഇടവകദിനത്തോടും അതിനെ വി. കുരിശിന്റെ തീർത്ഥാടന പ്പള്ളിയായി പ്രഖ്യാപിച്ചതിന്റെ ആഘോഷങ്ങളോടുമനുബന്ധിച്ചുനടന്ന സമ്മേളനത്തിൽ പങ്കെടുത്തുസംസാരിച്ചു. ഭരണങ്ങാനം മേളമ്പാറ ദീപ്തി ഭവനിൽ എം.എസ്.റ്റി.സന്യാസസമൂഹാംഗം തുരുത്തേൽ ബഹു. സെബാസ്റ്റ്യൻ അച്ചന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

12 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ വിഭൂതിത്തിരുനാളിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി.

കോട്ടയം വിമലഗിരി ഇമ്മാക്കുലേറ്റ് ഹാർട്ട് ഓഫ് മേരി റോമൻ കാത്തലിക് ലാറ്റിൻ കത്തീഡ്രലിൽ വിജയപുരം രൂപതയുടെ നിയുക്ത സഹായ മെത്രാൻ മോൺസിഞ്ഞോർ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറമ്പിലിന്റെ മെത്രാഭിഷേകശുശ്രൂഷയിൽ പങ്കെടുത്തു. കോട്ടയം രാഷ്ട്രദീപിക ഓഫീസിൽ ദീപിക സബ്കമ്മിറ്റി സമ്മേളനത്തിൽ പങ്കെടുത്തു

13 നെടുങ്കുന്നം സി.എം.സി. സന്യാസിനിഭവനത്തിന്റെ നവീകരിച്ച ചാപ്പൽ കൂദാശ ചെയ്യുകയും പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. നെടുങ്കുന്നം സെന്റ് തെരേസാസ് എൽ.പി. സ്കൂളിൽ പുതുതായി നിർമിച്ച ഓഡിറ്റോറിയം വെഞ്ചരിച്ചു. ചീരംചിറ കണ്ണമ്പള്ളി ചാക്കോച്ചൻ സ്കറിയയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. രാഷ്ട്രദീപികയുടെ 137-ാം വാർഷികത്തോടനുബന്ധിച്ച് കുമരകത്ത് നടന്ന സമ്മേളനത്തിൽ പങ്കെടുക്കുകയും അനുഗ്രഹപ്രഭാഷണം നടത്തുകയും ചെയ്തു.

14 ചങ്ങനാശ്ശേരി എസ്.ഡി. സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനംചെയ്തു സംസാരിച്ചു.

15 കാഞ്ഞിരപ്പള്ളി രൂപതയിലെ ആനിക്കാട് സെന്റ് മേരീസ് പള്ളിയിൽ ഈറ്റോലിൽ ബഹു. തോമസച്ചന്റെ മൃതസംസ്കാരകർമത്തിലെ ഒന്നാംഭാഗ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ചമ്പക്കുളം-കല്ലൂർക്കാട് മാർത്ത് മറിയം ബസിലിക്കയിൽ സിജോമോൻ താമരവേലിൽചിറയുടെ മൃത സംസ്കാരത്തിന് പള്ളിയിലെ ശുശ്രൂഷകൾക്ക് കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷനിൽ പങ്കെടുത്തു.

16 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷനോടനുബന്ധിച്ചുനടന്ന സീനിയർ സിറ്റിസൺസ് സംഗമം ഉദ്ഘാടനംചെയ്ത് സംസാരിക്കുകയും കൺവെൻഷന്റെ ഭാഗ മായുള്ള പരിശുദ്ധ കുർബാനയിൽ മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു.

17 മാമ്പുഴക്കരി കൊച്ചുപറമ്പിൽ ശൗര്യാർ ദേവസിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. ചമ്പക്കുളത്ത് ജിം ഫാക്സിന്റെ നേതൃത്വ ത്തിൽ നടത്തപ്പെട്ട *കല്പസമൃദ്ധി* പ്രൊജക്റ്റ് ഉദ്ഘാടനംചെയ്ത് സംസാ രിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ ചങ്ങനാ ശ്ശേരി അതിരൂപത യൂക്കരിസ്റ്റിക് കോൺഗ്രസ്സിനോടനുബന്ധിച്ച് അഭി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിപ്പിതാവ് അർപ്പിച്ച പരിശുദ്ധ കുർബാന യിൽ സഹകാർമികത്വംവഹിച്ചു.

18 മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് പള്ളിയിൽ അജപാലനസന്ദർശനം നടത്തി.

ഉച്ചയ്ക്കുശേഷം അരുവിക്കുഴി ലൂർദുഭവന്റെ സിൽവർ ജൂബിലിയോടനു ബന്ധിച്ചുനടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷപദമലങ്കരിച്ച് സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ അതിരൂപതാ ബൈബിൾ കൺവെൻഷന് സമാപനസന്ദേശം നൽകി.

19 വാഴപ്പള്ളി എസ്.എ.ബി.എസ്. സന്യാസിനിഭവനത്തിൽ സി. മാർഗരറ്റ് മേരി എസ്.എ.ബി.എസ്.ന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കോട്ടയം മാങ്ങാനം എം.ഒ.സി.ൽ വിവിധ സമർപ്പിതസമൂഹങ്ങളിലെ സുപ്പീരി യേഴ്സിന്റെ സമ്മേളനത്തിൽ പങ്കെടുത്തു. ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തോട്ടയ്ക്കാട് ആരംഭിച്ച ചാരിറ്റി ഗോട്ട് ഫാം ആശീർവദിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഇന്റർഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

20 മുട്ടാർ ഓൾഡ് സെന്റ് തോമസ് (കുമരംചിറ) പള്ളിയിൽ പരിശുദ്ധ കുർബാന യർപ്പിച്ച് വചനസന്ദേശം നൽകുകയും നിർമാണപ്രവർത്തനങ്ങൾ ആരംഭി ക്കുന്ന സ്പിരിചൽ പാർക്കിന്റെയും മതബോധനകേന്ദ്രത്തിന്റെയും ശിലാ

സ്ഥാപനം നടത്തുകയും ചെയ്തു. തെക്കേക്കര വട്ടത്തറ ഏലിയാമ്മ ജയിംസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചയ്ക്കുശേഷം വെരൂച്ചിറ എഫ്.സി.സി. സന്യാസിനിഭവനത്തിൽ സി. ക്രിസ്റ്റീന എഫ്.സി.സി.യുടെ മൃതസംസ്കാരത്തിന് പള്ളിയിലെ അവസാന ഭാഗകർമങ്ങൾക്കും സെമിത്തേരിയിലെ ശുശ്രൂഷകൾക്കും കാർമികത്വം വഹിച്ചു. നിരണം മാർ തോമാശ്ലീഹാ സെമിനാരിയിൽ നാലാംവർഷ വൈദികാർത്ഥികൾക്ക് ക്ലാസ്സെടുത്തു.

■

## മാർ തോമസ് തറയിൽ

**ജനുവരി**

29 മാവേലിക്കര മലങ്കര രൂപതാദ്ധ്യക്ഷൻ അഭി. ജോഷ്വാ മാർ ഇഗ്നാത്തിയോസ് പിതാവിന്റെ നാമഹേതുകത്തിരുനാളിനോടനുബന്ധിച്ച് മാവേലിക്കര സെന്റ് മേരീസ് കത്തീഡ്രൽ പള്ളിയിൽ പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി. കിളിരൂർ സെന്റ് ഫ്രാൻസിസ് ദെ സാലസ് പള്ളിയിൽ വിവാഹം ആശീർവദിച്ചു. വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമംചെയ്തു. ചങ്ങനാശ്ശേരി ചന്തക്കടവ് ഹോളി ഫാമിലി ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. അതിരൂപതാ കേന്ദ്രത്തിൽ നടന്ന നവവൈദികരുടെ പാസ്റ്ററൽ കോഴ്സിൽ സംബന്ധിച്ച് സന്ദേശംനൽകി.

30 തിരുവനന്തപുരം പാളയം സെന്റ് ജോസഫ്സ് ഇടവകാംഗം ഫ്രാങ്ക്ളിൻ തോമസ് കുരിശിങ്കലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

31– ഫെബ്രുവരി 07 ബെംഗളുരുവിൽ നടന്ന സി.ബി.സി.ഐ. ജനറൽബോഡി മീറ്റിങ്ങിൽ പങ്കെടുത്തു.

08 പച്ച–ചെക്കിടിക്കാട് ലൂർദുമാതാ പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് വചനസന്ദേശം നൽകി. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോന ഇടവകാംഗം മുക്കാട്ടുകുന്നേൽ ബാബുവിന്റെ ഭവനം ആശീർവദിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ് ഹോമിൽ കഴിഞ്ഞ അഞ്ചുവർഷക്കാലം സേവനമനുഷ്ഠിച്ചശേഷം സ്ഥലംമാറിപ്പോകുന്ന ബഹു. കുന്നക്കാട്ടുതറ സക്കറിയാസ് അച്ചന് നൽകിയ യാത്രയയപ്പു സമ്മേളനത്തിലും പുതിയതായി ചാർജെടുത്ത തൈപ്പറമ്പിൽ ബഹു. അഗസ്റ്റിൻ അച്ചന് നൽകിയ സ്വാഗതസമ്മേളനത്തിലും പങ്കെടുത്തു സംസാരിച്ചു. സ്കൂൾ കരിയർ ഗൈഡൻസ് കോഡിനേറ്റേഴ്സ് മീറ്റിങ്ങിൽ

പങ്കെടുത്തു. പായിപ്പാട് ലൂർദുമാതാ പള്ളിയിൽ പരിശുദ്ധ കുർബാന യർപ്പിച്ച് വചനസന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ, സൺഡേ കാറ്റെക്കിസത്തിന് സഹായിക്കുന്ന വൈദികാർത്ഥികളുമായി സംവദിച്ചു.

09 വൈകുന്നേരം ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെ സപ്തതി ആഘോഷങ്ങളുടെ സമാപനസമ്മേളനം ഉദ്ഘാടനംചെയ്ത് സംസാരിച്ചു. ആലപ്പുഴ അന്ധകാരനഴി സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ തിരു നാളിനോടനുബന്ധിച്ച് വചനസന്ദേശം നൽകി.

10 വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയ ത്തിൽ നടത്തപ്പെട്ട ദിവ്യകാരുണ്യകൺവെൻഷനിൽ പങ്കെടുത്തുസംസാ രിച്ചു. കോർപ്പറേറ്റ് മാനേജുമെന്റ് ടീച്ചേഴ്സിന്റെ യാത്രയയപ്പുസമ്മേളന ത്തിൽ പങ്കെടുത്തു. വാഴക്കുളം കല്ലൂർക്കാട് സെന്റ് അഗസ്റ്റിൻസ് പള്ളി യിൽ തിരുനാളിനോടബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് വചന സന്ദേശം നൽകി.

11 കുറ്റിക്കോണം (മാക്കന്നൂർ) ക്രൈസ്റ്റ് ദ കിങ് പള്ളിയിൽ അജപാലന സന്ദർശനം നടത്തി. സുറിയാനി ഓർത്തഡോക്സ് സഭകളുടെ പരമാധ്യ ക്ഷൻ പരിശുദ്ധ പിതാവ് ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ പാത്രി യാർക്കീസ് ബാവയ്ക്ക് സീറോമലങ്കരസഭ തിരുവനന്തപുരത്ത് നൽകിയ സ്വീകരണ സമ്മേളനത്തിൽ പങ്കെടുത്തു.

12 പാറേൽ സെന്റ് മേരീസ് പള്ളിയിൽ വിഭൂതിത്തിരുനാൾ ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിക്കുകയും പരിശുദ്ധ കുർബാനയർപ്പിച്ച് വചന സന്ദേശം നൽകുകയും ചെയ്തു. വിജയപുരം രൂപതയുടെ നിയുക്ത സഹായമെത്രാൻ മോൺസിഞ്ഞോർ ജസ്റ്റിൻ അലക്സാണ്ടർ മഠത്തിപ്പറ മ്പിലിന്റെ മെത്രാഭിഷേകകർമങ്ങളിൽ പങ്കെടുത്തു.

14-15 കാഞ്ഞിരപ്പള്ളി രൂപതയിലെ പോത്തുപാറ പി.ഡി.എസ്.ൽ വിശ്രമിച്ചു.

16 മുറിഞ്ഞപുഴ നല്ലതണ്ണി ഏലിയാസ് മൗണ്ട് മൊണാസ്ട്രി സന്ദർശിച്ചു.

17 പരിശുദ്ധ കുർബാനവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് അതി രൂപതാ കൺവെൻഷന്റെ ഭാഗമായി നടത്തപ്പെട്ട പരിശുദ്ധ കുർബാനയിൽ പങ്കെടുത്തു.

18 കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാ പ്പോലീത്തൻപള്ളിയിൽ യുവജനവർഷ ഏകദിന കൺവെൻഷൻ *എമൗറ 2024* ഉദ്ഘാടനംചെയ്ത് സംസാരിച്ചു.

18-ഫെബ്രുവരി 28 ഓസ്ട്രേലിയയിലെ മെൽബൺ സീറോമലബാർ രൂപതയിലെ ഇടവകകളിൽ ധ്യാനംനയിച്ചു.

■



# ENGAGEMENTS

## MARCH 2024


**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

| | | |
|---|---|---|
| 01 | 09:00 am | *Curia* |
| | 11:00 am | Berchmans Award Distribution @ St. Berchmans College, Changanacherry |
| 02 | 03:00 pm | Inauguration - Forane Council @ St. Mary's Forane Church, Pulincunnoo |
| | 05:00 pm | Blessing - Clinic @ Nedumudy |
| 03 | 08:30 am | Pastoral Visit @ St. Joseph's Church, Kunnamthanam |
| 04 | 09:00 am | Class - Regency Brothers @ Lavigne Villa, Peerumedu |
| 05 | 09:00 am | Class - Regency Brothers @ Lavigne Villa, Peerumedu |
| | 02:30 pm | Ongoing Formation - Priests @ Sandesanilayam, Changanacherry |
| 06 | 09:00 am | *Curia* |
| | 03:00 pm | Archana Fest @ OMMI, Ettumanoor |
| 07 | 06:30 am | Holy *Qurbana* @ ASMI Generalate, Cheeramchira |
| | 09:00-12:30 | Visitors |
| | 06:00 pm | Camp - Pastoral Council Members @ Zion Retreat Centre, Kunnamthanam |
| 08 | 09:00 am | Camp - Pastoral Council Members @ Zion Retreat Centre, Kunnamthanam |
| 09 | 09:30 am | Graduation Ceremony @ St. Joseph College of Communication, Kurisummoodu |
| | 03:00 pm | *Vanithadinam* - CHASS @ St. Berchmans College Kavukatt Hall, Changanacherry |
| 10 | 06:30 am | Pastoral Visit @ St. Antony's Forane Church, Kurumpanadom |
| 11 | 10:00 am | Class @ Mar Thoma Sleeha Centre, Niranam |
| | 06:30 pm | Class @ St. Thomas Minor Seminary, Kurichy |
| 12 | 02:30 pm | Ongoing Formation - Priests @ Sandesanilayam, Changanacherry |
| | 06:00 pm | Inter-Department Meeting @ Archbishop House, Changanacherry |

| | | |
|---|---|---|
| 13 | 09:00 am | *Curia* |
| 14 | 02:30 pm | Visitors |
| 15 | 09:00 am | *Curia* |
| 16 | 04:30 pm | Holy *Qurbana* @ Marth Mariam Basilica, Champakulam |
| 17 | 08:00 am | Pastoral Visit @ Marth Alphonsa Church, Mavelikara |
| | 05:00 pm | Annual Day Celebration @ 90.8 Radio Media Village, Kurisummoodu |
| 18 | 09:30 am | Mar Joseph Powathil First Death Anniversary Symposium & Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 19 | 09:30 am | Holy *Qurbana* & Parish Hall Blessing @ Assumption Church, Kurumpanadom |
| 20 | 09:00 am | *Curia* |
| 21 | 02:30 pm | Visitors |
| 22 | 07:00 am | Holy *Qurbana* for Departed Priest & Religious @ St. Mary's Metropolitan Church, Changanacherry |
| | 02:00 pm | *Karuvallikad Kurisumala Theerthadanam* |
| | 07:00 pm | Gathering - Major Seminarians @ Archbishop House, Changanacherry |
| 23 | 06:15 am | Holy Order of *M'samsanoosa* @ St. Mary's Metropolitan Church, Changanacherry |
| 24 | 06:30 am | Palm Sunday @ St. Mary's Metropolitan Church, Changanacherry |
| 28 | 04:00 pm | Maundy Thursday @ St. Mary's Metropolitan Church, Changanacherry |
| 29 | 03:00 pm | Good Friday @ St. Mary's Forane Church, Athirampuzha |
| 30 | 05:00 pm | Holy *Qurbana* @ St. Mary's Metropolitan Church, Changanacherry |
| 31 | 02:45 am | Easter @ St. Mary's Metropolitan Church, Changanacherry |

**FR. SECRETARY - 9447507393**

■





**Mar Thomas Tharayil**
Auxiliary Bishop of Changanacherry

# ENGAGEMENTS

## MARCH 2024

| | | |
|---|---|---|
| 01-17 | | Parish Retreats @ Syro Malabar Eparchy of Melbourne, Australia |
| 18 | 09:30 am | Mar Joseph Powathil First Death Anniversary Symposium & Holy *Qurbana* @ Changanacherry, St. Mary's Metropolitan Church |
| | 2:30- 04:00 pm | Visitors |
| 19 | 06:15 am | Holy *Qurbana* @ Champakulam, Marth Mariam Basilica |
| 20-23 | | Professors Training Program @ Chengalam |
| 23 | 06:30 am | Holy Order of *M'samsanoosa* @ Changanacherry, St. Mary's Metropolitan Church |
| 24 | 07:30 am | Palm Sunday @ Thiruvananthapuram, Lourdes Forane Church |
| 25 | | Engaged |
| 26 | 06:30 pm | Young Couples' Meet @ Thrickodithanam, St. Xavier's Forane Church |
| 27 | | Engaged |
| 28 | 04:00 pm | Maundy Thursday @ Amboori, St. George Forane Church |
| 29 | 04:00 pm | Good Friday @ Thiruvananthapuram, Lourdes Forane Church |
| 31 | 03:00 am | Easter @ Philgiri, St. Joseph's Church |

**FR. SECRETARY - 8078088468**


# ഇരുപത്തിയഞ്ചാമത്
# അതിരൂപതാ ബൈബിൾ കൺവെൻഷൻ
## (ഫെബ്രുവരി 14-18, 2024)











































അതിരൂപത
ബൈബിൾ







**VEDAPRACHARA MADHYASTAN VOL.96 No.09 2024 MARCH**
Date of Publication: 29-02-2024
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




# ഉയിർപ്പുതിരുനാൾ ആശംസകൾ

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org